ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999

## (1999-ലെ 48-ാം നമ്പർ ആക്റ്റ്)

(2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE GEOGRAPHICAL INDICATIONS OF GOODS (REGISTRATION AND PROTECTION) ACT, 1999

## (ACT No. 48 OF 1999)

**(As on 25th October, 2006)**

വില : രൂപ 90.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2009

## ആമുഖം

2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999 (1999-ലെ 48-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ജനുവരി 27-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 82 മുതൽ 117 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Geographical Indications of Goods (Registration and Protection) Act, 1999 (Act No. 48 of 1999) as on 25th October, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI , section 1, Vol. 1, No. 1 dated 27th January, 2007 on pages 82 to 117.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/3179/2007/DTP (1).

# സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999

(1999-ലെ 48-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം

അദ്ധ്യായം I

## പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങളും വ്യാഖ്യാനവും | 1 |


അദ്ധ്യായം II

## രജിസ്റ്ററും രജിസ്ട്രേഷനുള്ള നിബന്ധനകളും


| | | |
|---|---|---|
| 3. | ഭൂവിവരണ സൂചനകളുടെ രജിസ്ട്രാർ | 3 |
| 4. | കേസുകൾ പിൻവലിക്കുന്നതിനോ മാറ്റുന്നതിനോ മുതലായവയ്ക്ക് രജിസ്ട്രാർക്കുള്ള അധികാരം | 3 |
| 5. | ഭൂവിവരണ സൂചനകൾ രജിസ്റ്ററിയും അതിന്റെ ആഫീസുകളും | 3 |
| 6. | ഭൂവിവരണ സൂചനകളുടെ രജിസ്റ്റർ | 4 |
| 7. | രജിസ്റ്ററിന്റെ ഭാഗം ക യും ഭാഗം ഖ യും | 4 |
| 8. | രജിസ്ട്രേഷൻ പ്രത്യേക സാധനങ്ങളേയും സ്ഥലത്തേയും സംബന്ധിച്ചായിരിക്കണമെന്ന് | 4 |
| 9. | ചില ഭൂവിവരണ സൂചനകൾ രജിസ്റ്റർ ചെയ്യുന്നതിന് നിരോധനം | 5 |
| 10. | സമാനനാമ ഭൂവിവരണ സൂചനകൾ രജിസ്റ്റർ ചെയ്യൽ | 5 |


അദ്ധ്യായം III

## രജിസ്ട്രേഷന്റെ നടപടിക്രമവും കാലയളവും


| | | |
|---|---|---|
| 11. | രജിസ്ട്രേഷനുള്ള അപേക്ഷ | 6 |
| 12. | സ്വീകരിച്ചത് പിൻവലിക്കൽ | 7 |
| 13. | അപേക്ഷ പരസ്യപ്പെടുത്തൽ | 7 |
| 14. | രജിസ്ട്രേഷനെ എതിർക്കൽ | 7 |
| 15. | തിരുത്തലും ഭേദഗതിയും | 8 |
| 16. | രജിസ്ട്രേഷൻ | 8 |
| 17. | അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ | 9 |
| 18. | രജിസ്ട്രേഷന്റെ കാലാവധിയും പുതുക്കലും നീക്കം ചെയ്യലും പുനഃസ്ഥാപിക്കലും | 9 |
| 19. | പുതുക്കലിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന്റെ പ്രഭാവം | 9 |

അദ്ധ്യായം IV

## രജിസ്ട്രേഷന്റെ പ്രഭാവം


20. രജിസ്റ്റർ ചെയ്യപ്പെടാത്ത ഭൂവിവരണ സൂചനയുടെ ലംഘനത്തിന് നടപടിയില്ലെന്ന് 11

21. രജിസ്ട്രേഷൻ വഴി നൽകപ്പെട്ട അവകാശങ്ങൾ 11

22. രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനകളുടെ ലംഘനം 11

23. രജിസ്ട്രേഷൻ, സാധുതയുടെ പ്രഥമദൃഷ്ട്യായുള്ള തെളിവ് ആയിരിക്കുമെന്ന് 13

24. കൈമാറ്റം ചെയ്യൽ അല്ലെങ്കിൽ എത്തിച്ചുകൊടുക്കൽ മുതലായവയ്ക്ക് നിരോധനം 13


അദ്ധ്യായം V

## വ്യാപാര മുദ്രകളെയും മുൻ ഉപയോക്താക്കളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ


25. ഭൂവിവരണ സൂചന വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നിരോധനം 13

26. ചില വ്യാപാരമുദ്രകൾക്ക് സംരക്ഷണം 13


അദ്ധ്യായം VI

## രജിസ്റ്ററിന്റെ ശരിയാക്കലും തിരുത്തലും


27. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അല്ലെങ്കിൽ മാറ്റം വരുത്തുന്നതിനും രജിസ്റ്റർ ശരിയാക്കുന്നതിനും ഉള്ള അധികാരം 14

28. രജിസ്റ്ററിന്റെ തിരുത്തൽ 15

29. രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനയുടെ മാറ്റം വരുത്തൽ 15

30. സാധനങ്ങളുടെ തരംതിരിക്കൽ ഭേദഗതി ചെയ്യുന്നതിനോ പകരം ചേർക്കുന്നതിനോ രജിസ്റ്ററിൽ ഉൾക്കുറിപ്പ് അനുയോജ്യമാക്കൽ 16


അദ്ധ്യായം VII

## അപ്പലേറ്റ് ബോർഡിലേക്കുള്ള അപ്പീലുകൾ


31. അപ്പലേറ്റ് ബോർഡിലേക്കുള്ള അപ്പീലുകൾ 16

32. കോടതികൾ മുതലായവയ്ക്കുള്ള അധികാരിതയ്ക്ക് തടസ്സം 16

33. അപ്പലേറ്റ് ബോർഡിന്റെ നടപടിക്രമം 17

34. അപ്പലേറ്റ് ബോർഡ് മുമ്പാകെ, ശരിയാക്കലിനും മറ്റുമുള്ള അപേക്ഷയുടെ നടപടിക്രമം 17

35. നിയമ നടപടികളിൽ രജിസ്ട്രാർ ഹാജരാകൽ 17

36. അപ്പലേറ്റ് ബോർഡ് മുമ്പാകെയുള്ള നടപടികളിൽ രജിസ്ട്രാറുടെ ചെലവുകൾ 17

അദ്ധ്യായം VIII

## കുറ്റങ്ങളും ശിക്ഷകളും നടപടിക്രമവും

37. ഭൂമിശാസ്ത്ര സൂചനകൾ പ്രയോഗിക്കുന്നതിന്റെ അർത്ഥം 18

38. ഭൂവിവരണ സൂചനകൾ വ്യാജമാക്കലും, തെറ്റായി പ്രയോഗിക്കലും 18

39. വ്യാജ ഭൂവിവരണ സൂചനകൾ പ്രയോഗിച്ചാലുള്ള ശിക്ഷ 19

40. വ്യാജ ഭൂവിവരണ സൂചന പ്രയോഗിക്കപ്പെട്ട സാധനങ്ങൾ വിൽക്കുന്നതിനുള്ള ശിക്ഷ 19

41. രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റസ്ഥാപനത്തിൻമേൽ വർദ്ധിച്ച ശിക്ഷ 20

42. ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് വ്യാജമായി പ്രതിനിധാനം ചെയ്യുന്നതിനുള്ള ശിക്ഷ 20

43. ഒരു ബിസിനസ് സ്ഥലത്തിന് ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുമായി ബന്ധമുണ്ടെന്ന് ശരിയല്ലാത്തവിധം വിവരിക്കുന്നതിനുള്ള ശിക്ഷ 21

44. രജിസ്റ്ററിൽ ഉൾക്കുറിപ്പുകളുടെ വ്യാജീകരണത്തിനുള്ള ശിക്ഷ 21

45. ചില സംഗതികളിൽ കുറ്റമല്ലെന്ന് 21

46. സാധനങ്ങൾ കണ്ടുകെട്ടൽ 21

47. ബിസിനസ്സിന്റെ സാധാരണഗതിയിൽ നിയോഗിക്കപ്പെട്ട ചില ആളുകളെ ഒഴിവാക്കൽ 22

48. രജിസ്ട്രേഷന്റെ അസാധുതയെക്കുറിച്ച് കുറ്റാരോപണം ചെയ്യപ്പെട്ട ആൾ വാദിക്കുമ്പോഴുള്ള നടപടിക്രമം 22

49. കമ്പനികളാലുള്ള കുറ്റങ്ങൾ 23

50. ചില കുറ്റങ്ങൾ നടപടിക്കെടുക്കലും, പരിശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള പോലീസ് ആഫീസറുടെ അധികാരങ്ങളും 23

51. പ്രോസിക്യൂഷന്റെ എതിർവാദത്തിനുള്ള ചെലവുകൾ 24

52. പ്രോസിക്യൂഷന്റെ കാലഹരണം 24

53. കുറ്റം ചെയ്യൽ സംബന്ധിച്ചുള്ള വിവരം 24

54. ഭാരതത്തിന് വെളിയിൽ ചെയ്ത പ്രവൃത്തികൾക്ക് ഭാരതത്തിൽ പ്രേരണ നൽകലിനുള്ള ശിക്ഷ 24

അദ്ധ്യായം IX

## പലവക

55. ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം 25

56. ചില ആളുകൾ പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന് 25

57. ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നത് മുതലായവയുടെ നടപടികൾ നിറുത്തിവയ്ക്കൽ 25

58. രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള അപേക്ഷ ചില സംഗതികളിൽ അപ്പലേറ്റ് ബോർഡിന് നൽകണമെന്ന് 25

59. സൂചന ചെയ്ത സാധനങ്ങളുടെ വിൽപ്പനയിൻമേൽ വ്യംഗ്യമായ ഉറപ്പ് 25

60. രജിസ്ട്രാറുടെ അധികാരങ്ങൾ 26

61. രജിസ്ട്രാർ വിവേചനാധികാരം പ്രയോഗിക്കുന്നത് 26

62. രജിസ്ട്രാറുടെ മുമ്പാകെ തെളിവ് 26

63. ഒരു നടപടിയിലെ കക്ഷിയുടെ മരണം 27

64. സമയം നീട്ടിക്കൊടുക്കൽ 27

65. പരിത്യജനം 27

66. ലംഘനം മുതലായവയ്ക്കുള്ള വ്യവഹാരം ജില്ലാകോടതി മുമ്പാകെ ബോധിപ്പിക്കണമെന്ന് 27

67. ലംഘനത്തിനോ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനോ ഉള്ള വ്യവഹാരത്തിലെ നിവൃത്തി 28

68. ചില നടപടികളിൽ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെ കക്ഷി ചേർക്കണമെന്ന് 29

69. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ മുതലായവയുടെയും രജിസ്ട്രാർ ചെയ്ത കാര്യങ്ങളുടെയും തെളിവ് 29

70. രജിസ്ട്രാറേയും മറ്റു ആഫീസർമാരേയും രജിസ്റ്റർ മുതലായവ ഹാജരാക്കുന്നതിന് നിർബന്ധിക്കാവുന്നതല്ലെന്ന് 29

71. സാധനങ്ങൾ ഉത്ഭവത്തിന്റെ സൂചന കാണിക്കണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം 29

72. സാധുതാ സർട്ടിഫിക്കറ്റ് 30

73. നിയമനടപടികൾ എടുക്കുമെന്ന് അടിസ്ഥാനരഹിതമായ ഭീഷണികൾ 30

74. സർവ്വീസിനുള്ള വിലാസം 31

75. വ്യാപാര പതിവുകൾ മുതലായവ പരിഗണനയിലെടുക്കണമെന്ന് 31

76. ഏജന്റുമാർ 31

77. സൂചികകൾ 31

78. പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിന് രേഖകൾ പ്രാപ്യമാക്കണമെന്ന് 31

79. രജിസ്ട്രാറുടെ റിപ്പോർട്ടുകൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് 32

80. ഫീസും സർച്ചാർജ്ജും 32

81. VIII-ാം അദ്ധ്യായത്തിലെ ചില സംഗതികൾ സംബന്ധിച്ച ഒഴിവാക്കൽ 32

82. ഭൂമിശാസ്ത്ര സൂചനയുടെ ഉടമാവകാശം രജിസ്ട്രേഷൻ ആക്റ്റ്, 1908 പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതല്ലെന്നതിനെപ്പറ്റിയുള്ള പ്രഖ്യാപനം 32

83. സർക്കാരിന് ബാധകമാണെന്ന് 32

84. ഉടമ്പടി രാജ്യങ്ങളിലെ പൗരൻമാരിൽനിന്നും രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ 32

85. പരസ്പരധർമ്മം സംബന്ധിച്ച വ്യവസ്ഥ 33

86. വിഷമതകൾ നീക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരങ്ങൾ 33

87. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം 33


33179/2007/DTP (I).

# സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999

## (1999-ലെ 48-ാം നമ്പർ ആക്റ്റ്)

[1999 ഡിസംബർ, 30]

സാധനങ്ങളെ സംബന്ധിച്ച ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷനും മെച്ചപ്പെട്ട സംരക്ഷണവും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയ്ക്കുള്ള പരാമർശം ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതുമാണ്.

2. നിർവ്വചനങ്ങളും വ്യാഖ്യാനവും.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അപ്പലേറ്റ് ബോർഡ്" എന്നാൽ വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലെ 83-ാം വകുപ്പു പ്രകാരം സ്ഥാപിതമായ ഒരു അപ്പലേറ്റ് ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) "അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവ്" എന്നാൽ 17-ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവ് എന്ന് അർത്ഥമാകുന്നു;

(ഗ) "കബളിപ്പിക്കപ്പെടുന്ന സാദൃശ്യം" ഒരു ഭൂവിവരണ സൂചന മറ്റൊരു ഭൂവിവരണ സൂചനയോട്, കബളിപ്പിക്കുന്നതിനോ അല്ലെങ്കിൽ ആശയക്കുഴപ്പത്തിന് കാരണമായേക്കാവുന്നതോ പോലെ അത്രത്തോളം അടുത്ത സാദൃശ്യമുളവാകുന്നതാണെങ്കിൽ അത് മറ്റൊരു ഭൂവിവരണ സൂചനയോട് കബളിപ്പിക്കപ്പെടുന്ന സാദൃശ്യമായി കരുതപ്പെടേണ്ടതാണ്;

(ഘ) "ജില്ലാകോടതി"ക്ക് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ങ) "ഭൂവിവരണസൂചന" സാധനങ്ങളെ സംബന്ധിച്ച്, ഒരു രാജ്യത്തെ ഭൂപ്രദേശത്തിലോ അല്ലെങ്കിൽ ആ ഭൂപ്രദേശത്തിലെ ഒരു മേഖലയിലോ പ്രദേശത്തോ ഉത്ഭവിക്കുന്നതോ നിർമ്മിക്കപ്പെട്ടതോ ആയ കാർഷിക സാധനങ്ങളോ പ്രകൃത്യാ ഉള്ള സാധനങ്ങളോ നിർമ്മിക്കപ്പെട്ട സാധനങ്ങളോ എന്ന നിലയിൽ അല്ലെങ്കിൽ അങ്ങനെയുള്ള സാധനത്തിന്റെ ഒരു നിശ്ചിത ഗുണമോ ഖ്യാതിയോ മറ്റു സവിശേഷതകളോ അതിന്റെ ഭൂമിശാസ്ത്ര ഉല്പത്തിയോട് സാരവത്തായി കൽപ്പിക്കപ്പെടാവുന്നതും അങ്ങനെയുള്ള സാധനങ്ങളെ തിരിച്ചറിയുന്ന ഒരു സൂചന എന്നർത്ഥമാകു

ന്നതും, അപ്രകാരമുള്ള സാധനങ്ങൾ നിർമ്മിക്കപ്പെട്ട സാധനങ്ങളാകുന്നിടത്ത്, ബന്ധപ്പെട്ട സാധനങ്ങളുടെ ഉൽപ്പാദനത്തിന്റെയോ സംസ്കരണത്തിന്റെയോ തയ്യാറാക്കലിന്റെയോ പ്രവർത്തനങ്ങളിലൊന്ന് നടക്കുന്ന, അതതു സംഗതിപോലെ, അങ്ങനെയുള്ള ഭൂപ്രദേശമോ മേഖലയോ അല്ലെങ്കിൽ പ്രദേശമോ ആകുന്നതും ആണ്.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ഒരു രാജ്യത്തിന്റെയോ ആ രാജ്യത്തിന്റെ മേഖലയിലെയോ പ്രദേശത്തിന്റെയോ പേരല്ലാത്ത ഏതെങ്കിലും പേരും അത് ഒരു പ്രത്യേക ഭൂവിവരണ പ്രദേശത്തെ സംബന്ധിച്ചതും, ആ രാജ്യത്തുനിന്നോ മേഖലയിൽ നിന്നോ പ്രദേശത്തുനിന്നോ ഉത്ഭവിക്കുന്ന ഏതെങ്കിലും പ്രത്യേക സാധനങ്ങളെ സംബന്ധിച്ച് ഉപയോഗിക്കപ്പെടുന്നതോ അത് സംബന്ധിച്ചോ ഉള്ളതാണെങ്കിൽ അതും ഒരു ഭൂവിവരണ സൂചനയായി കണക്കാക്കപ്പെടുന്നതാണ്;

(ച) "സാധനങ്ങൾ" എന്നാൽ കാർഷികമോ പ്രകൃതിദത്തമോ നിർമ്മിതമോ ആയ ഏതൊരു സാധനവും അല്ലെങ്കിൽ കരകൗശലത്തിന്റെയോ വ്യവസായത്തിന്റെയോ ഏതൊരു സാധനവും എന്നർത്ഥമാകുന്നതും ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(ഛ) "സൂചന" എന്നതിൽ ഭൂമിശാസ്ത്രപരമായതോ ആലങ്കാരികമായതോ ആയ പ്രതിപാദനത്തിന്റെയും അല്ലെങ്കിൽ അത് ബാധകമാകുന്ന സാധനങ്ങളുടെ ഭൂമിശാസ്ത്രപരമായ ഉല്പത്തി ധരിപ്പിക്കുന്നതോ സൂചിപ്പിക്കുന്നതോ ആയ അവയുടെ ഏതൊരു സംയോജനത്തിന്റെയും ഏതൊരു പേരും ഉൾപ്പെടുന്നു;

(ജ) "പേര്" എന്നതിൽ ഒരു പേരിന്റെ ഏതെങ്കിലും സംക്ഷേപവും ഉൾപ്പെടുന്നു;

(ഝ) "പാക്കേജ്" എന്നതിൽ ഏതൊരു പേടകവും പെട്ടിയും പാത്രവും ആവരണവും ഫോൾഡറും താലവും ജലപാത്രവും ചെപ്പും കുപ്പിയും പുറങ്കുപ്പായവും വിവരക്കുറിപ്പും നാടയും ടിക്കറ്റും റീലും ചട്ടക്കൂടും ക്യാപ്സ്യൂളും തൊപ്പിയും അടപ്പും ആപ്പും കോർക്കും ഉൾപ്പെടുന്നു;

(ഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു;

(ട) സാധനങ്ങളെ സംബന്ധിച്ച്, "ഉൽപ്പാദകൻ" എന്നാൽ—

(i) അങ്ങനെയുള്ള സാധനങ്ങൾ കാർഷിക സാധനങ്ങളാണെങ്കിൽ, ആ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും അങ്ങനെയുള്ള സാധനങ്ങൾ സംസ്കരിക്കുകയോ പാക്കേജ് ചെയ്യുകയോ ചെയ്യുന്ന ആൾ ഉൾപ്പെടെ;

(ii) അങ്ങനെയുള്ള സാധനങ്ങൾ പ്രകൃത്യാ ഉള്ള സാധനങ്ങളാണെങ്കിൽ, ആ സാധനങ്ങൾ ചൂഷണം ചെയ്യുന്ന;

(iii) അങ്ങനെയുള്ള സാധനങ്ങൾ കരകൗശല സാധനങ്ങളോ വ്യാവസായിക സാധനങ്ങളോ ആണെങ്കിൽ ആ സാധനങ്ങൾ ഉണ്ടാക്കുന്ന അല്ലെങ്കിൽ നിർമ്മിക്കുന്ന,

ഏതൊരാളും എന്നർത്ഥമാകുന്നതും ആ സാധനങ്ങളുടെ അങ്ങനെയുള്ള ഉല്പാദനത്തിലോ ചൂഷണത്തിലോ ഉണ്ടാക്കലിലോ നിർമ്മാണത്തിലോ, അതതു സംഗതിപോലെ, വ്യാപാരം നടത്തുകയോ ഇടപാടുനടത്തുകയോ ചെയ്യുന്ന ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

(ഠ) "രജിസ്റ്റർ" എന്നാൽ 6-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ഭൂവിവരണ സൂചനകളുടെ രജിസ്റ്റർ എന്നർത്ഥമാകുന്നു;

(ഡ) "രജിസ്റ്റർ ചെയ്യപ്പെട്ട" എന്നാൽ (ഇതിന്റെ വ്യാകരണസംബന്ധമായ രൂപഭേദങ്ങളോടുകൂടി) ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട എന്നർത്ഥമാകുന്നു;

(ഢ) "രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥൻ" എന്നാൽ ഒരു ഭൂവിവരണ സൂചനയെ സംബന്ധിച്ച് ഭൂവിവരണ സൂചനയുടെ ഉടമസ്ഥനായി തത്സമയം രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആളുകളുടെയോ ഉൽപ്പാദകരുടെയോ ഏതെങ്കിലും സംഘടനയുടെയോ ഏതെങ്കിലും സമാജം എന്നർത്ഥമാകുന്നു;

(ണ) "രജിസ്ട്രാർ" എന്നാൽ 3-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ഭൂവിവരണ സൂചനകളുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(ത) "ട്രിബ്യൂണൽ" എന്നാൽ രജിസ്ട്രാറോ അല്ലെങ്കിൽ, അതതുസംഗതിപോലെ, ബന്ധപ്പെട്ട നടപടി നിലവിലിരിക്കുന്ന അപ്പലേറ്റ് ബോർഡോ എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിക്കപ്പെട്ടിട്ടില്ലാത്തതും വ്യാപാര മുദ്രകൾ ആക്റ്റ്, 1999-ൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ഒരു ഭൂവിവരണസൂചനയുടെ ഉപയോഗത്തിനുള്ള ഏതൊരു പരാമർശവും ആ ഭൂവിവരണ സൂചനയുടെ ഒരു അച്ചടിക്കപ്പെട്ടതോ മറ്റു ദൃശ്യപ്രതിപാദനത്തിന്റെയോ ഉപയോഗ ത്തിനുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ഖ) സാധനങ്ങളെ സംബന്ധിച്ച് ഒരു ഭൂവിവരണസൂചനയുടെ ഉപയോഗത്തിനുള്ള ഏതൊരു പരാമർശവും അങ്ങനെയുള്ള സാധനങ്ങൾക്ക് മേൽ അല്ലെങ്കിൽ ഏതെങ്കിലും ഭൗതികമായുള്ളതോ അല്ലെങ്കിൽ മറ്റേതെങ്കിലും ബന്ധത്തിലോ ഉള്ള, എന്തൊക്കെയായാലും, ഭൂവിവരണ സൂചനയുടെ ഉപയോഗത്തിനുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയ്ക്കുള്ള ഏതൊരു പരാമർശവും രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയ്ക്കുള്ള ഒരു പരാമർശം ഉൾപ്പെടുന്ന തായും അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ഘ) രജിസ്ട്രാർക്കുള്ള ഏതൊരു പരാമർശവും 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിനനു സൃതമായി രജിസ്ട്രാറുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഏതെങ്കിലും ആഫീസർക്കുള്ള ഒരു പരാമർശം ഉൾപ്പെടുന്നതായും അർത്ഥം കൽപ്പിക്കേണ്ടതാണ്;

(ങ) ഭൂവിവരണ സൂചനകൾ രജിസ്റ്ററിക്കുള്ള ഏതൊരു പരാമർശവും, ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഏതൊരു ആഫീസിന്റെ പരാമർശവും ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം II

## രജിസ്റ്ററും രജിസ്ട്രേഷനുള്ള നിബന്ധനകളും

3. ഭൂവിവരണ സൂചനകളുടെ രജിസ്ട്രാർ.—(1) വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട പേറ്റന്റുകളുടെയും ഡിസൈനുകളുടെയും വ്യാപാരമുദ്ര കളുടെയും കൺട്രോളർ-ജനറൽ ഭൂവിവരണ സൂചനകളുടെ രജിസ്ട്രാർ ആയിരിക്കുന്നതാണ്.

(2) കേന്ദ്രസർക്കാരിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗപ്പേരോടു കൂടിയ അങ്ങനെയുള്ള ആഫീസർമാരെ രജിസ്ട്രാറുടെ മേൽനോട്ടവും നിർദ്ദേശവും പ്രകാരം ഈ ആക്റ്റുപ്രകാരം രജിസ്ട്രാറുടെ അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തി ലേക്ക് അദ്ദേഹം അപ്പോഴപ്പോൾ അവരെ ചുമതലപ്പെടുത്തുന്നതുപോലെ നിർവ്വഹിക്കുന്നതിന് നിയമിക്കാവുന്നതാണ്.

4. കേസുകൾ പിൻവലിക്കുന്നതിനോ മാറ്റുന്നതിനോ മുതലായവയ്ക്ക് രജിസ്ട്രാർക്കുള്ള അധികാരം.—3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ രജിസ്ട്രാർക്ക് ലിഖിതമായ ഉത്തരവിനാലും രജിസ്ട്രാറുടെ മേൽനോട്ടവും നിർദ്ദേശവും പ്രകാരം അതിൽ രേഖപ്പെടുത്തേണ്ട കാരണങ്ങളാലും മേൽപ്പറഞ്ഞ (2)-ാം ഉപവകുപ്പു പ്രകാരം നിയമി ക്കപ്പെട്ട ഒരു ആഫീസറുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏതൊരു സംഗതിയും പിൻവലിക്കാവു ന്നതും, അങ്ങനെയുള്ള സംഗതി അദ്ദേഹം പുതിയതായിട്ടോ അല്ലെങ്കിൽ അത് അപ്രകാരം പിൻവലിക്കപ്പെട്ട ഘട്ടം മുതൽക്കോ അദ്ദേഹത്തിന് സ്വയം കൈകാര്യം ചെയ്യാവുന്നതോ അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെട്ട മറ്റൊരു ആഫീസർക്ക് അത് മാറ്റം ചെയ്യാവുന്നതും മാറ്റം ചെയ്യപ്പെട്ട ഉത്തരവിലെ പ്രത്യേക നിർദ്ദേശങ്ങൾക്ക് വിധേയമായി അദ്ദേഹം ആ സംഗതി പുതിയതായോ അല്ലെങ്കിൽ അത് അപ്രകാരം മാറ്റം ചെയ്യപ്പെട്ട ഘട്ടം മുതൽക്കോ മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.

5. ഭൂവിവരണ സൂചനകൾ രജിസ്റ്ററിയും അതിന്റെ ആഫീസുകളും.—(1) ഈ ആക്റ്റിന്റെ ആവശ്യ ത്തിലേക്കായി ഭൂവിവരണ സൂചനകൾ രജിസ്റ്ററി എന്നറിയപ്പെടുന്ന ഒരു രജിസ്റ്ററി സ്ഥാപിക്കേണ്ടതാണ്.

(2) ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഹെഡ്ആഫീസ് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷൻ സുഗമമാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിൽ ഭൂമിശാസ്ത്രസൂചനകൾ രജിസ്റ്ററിയുടെ ശാഖാ ആഫീസുകൾ സ്ഥാപിക്കാവുന്നതുമാണ്.

(3) കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഒരു ആഫീസ് ഏത് തദ്ദേശാതിർത്തിക്കുള്ളിലാണ് അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതെന്ന് നിർവ്വചിക്കേണ്ടതാണ്.

(4) ഭൂവിവരണ സൂചനകൾ രജിസ്റ്ററിക്ക് ഒരു മുദ്ര ഉണ്ടായിരിക്കേണ്ടതാണ്.

6. <u>ഭൂവിവരണ സൂചനകളുടെ രജിസ്റ്റർ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഭൂവിവരണ സൂചനകൾ രജിസ്റ്റർ എന്നു പറയുന്ന ഒരു റിക്കാർഡ്, ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഹെഡ് ആഫീസിൽ സൂക്ഷിക്കേണ്ടതും, അതിൽ, രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ഭൂവിവരണ സൂചനകളുടെയും ഉടമസ്ഥരുടെ പേരുകളും വിലാസങ്ങളും വിവരങ്ങളും അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കളുടെ പേരുകളും വിലാസങ്ങളും വിവരങ്ങളും സഹിതം രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനകളുടെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളെ സംബന്ധിച്ചും, ചേർക്കേണ്ടതും അങ്ങനെയുള്ള രജിസ്റ്ററുകൾ മൊത്തമായോ ഭാഗികമായോ കമ്പ്യൂട്ടറിൽ സൂക്ഷിക്കാവുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പരിരക്ഷകൾക്ക് വിധേയമായി, റിക്കാർഡുകൾ മൊത്തമായോ ഭാഗികമായോ കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ സൂക്ഷിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള രജിസ്റ്ററുകൾ മൊത്തമായോ അല്ലെങ്കിൽ ഭാഗികമായോ കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ സൂക്ഷിക്കുന്നിടത്ത്, രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന് ഈ ആക്റ്റിലുള്ള ഏതൊരു പരാമർശവും കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ വച്ചുകൊണ്ടിരിക്കുന്ന ഉൾക്കുറിപ്പിനുള്ള പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

(4) യാതൊരു ട്രസ്റ്റിന്റെയും പ്രകടമായതോ വ്യംഗ്യമായതോ നിയമസങ്കൽപ്പിതമായതോ ആയ യാതൊരു നോട്ടീസും രജിസ്റ്ററിൽ ചേർക്കേണ്ടതല്ലാത്തതും അങ്ങനെയുള്ള യാതൊരു നോട്ടീസും രജിസ്ട്രാർ സ്വീകരിക്കേണ്ടതല്ലാത്തതും ആകുന്നു.

(5) കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും വിധേയമായി, രജിസ്ട്രാറുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(6) ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഓരോ ശാഖാ ആഫീസിലും കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്ന പ്രകാരം 78-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള രജിസ്റ്ററിന്റെ ഒരു പകർപ്പും അങ്ങനെയുള്ള മറ്റു രേഖകളും സൂക്ഷിക്കേണ്ടതാണ്.

7. <u>രജിസ്റ്ററിന്റെ ഭാഗം ക യും ഭാഗം ഖ യും</u>.—(1) 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്ററിനെ യഥാക്രമം ഭാഗം ക എന്നും ഭാഗം ഖ എന്നും പറയുന്ന രണ്ടു ഭാഗങ്ങളായി വിഭജിക്കേണ്ടതാണ്.

(2) ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ഉൾക്കൊള്ളിക്കപ്പെടേണ്ടതും രജിസ്റ്ററിന്റെ ക ഭാഗത്തിന്റെ ഭാഗമാകുന്നതുമാണ്.

(3) അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഉൾക്കൊള്ളിക്കപ്പെടേണ്ടതും രജിസ്റ്ററിന്റെ ഖ ഭാഗത്തിന്റെ ഭാഗമാകുന്നതുമാണ്.

8. <u>രജിസ്ട്രേഷൻ പ്രത്യേക സാധനങ്ങളെയും സ്ഥലത്തെയും സംബന്ധിച്ചായിരിക്കണമെന്ന്</u>.—(1) ഒരു ഭൂവിവരണ സൂചന, രജിസ്ട്രാർ മുഖേന തരം തിരിക്കപ്പെടുന്ന സാധനങ്ങളുടെ അങ്ങനെയുള്ള തരത്തിൽ ഉൾക്കൊള്ളുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സാധനങ്ങളെയും, ഒരു രാജ്യത്തെ നിശ്ചിത ഭൂപ്രദേശത്തെയോ അല്ലെങ്കിൽ അതതു സംഗതിപോലെ, ആ ഭൂപ്രദേശത്തെ ഒരു മേഖലയെയോ പ്രദേശത്തെയോ സംബന്ധിച്ചും രജിസ്റ്റർ ചെയ്യാവുന്നതാണ്.

(2) രജിസ്ട്രാർ, (1)-ാം ഉപവകുപ്പു പ്രകാരം, കഴിവുള്ളിടത്തോളം, ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷന്റെ ആവശ്യങ്ങൾക്കായി സാധനങ്ങളുടെ അന്തർദ്ദേശീയമായ തരംതിരിക്കലിന് അനുസൃതമായി സാധനങ്ങൾ തരംതിരിക്കേണ്ടതാണ്.

(3) രജിസ്ട്രാർക്ക്, (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട സാധനങ്ങളുടെ തരംതിരിക്കലിന്റെ അക്ഷരമാലാക്രമത്തിലുള്ള ഒരു സൂചിക നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ്.

(4) ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനെ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും സാധനങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നുവെന്നോ അല്ലെങ്കിൽ നിശ്ചിത സ്ഥലത്ത് പെടുന്നുവെന്നതിനെക്കുറിച്ചോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പു പ്രകാരം പ്രസിദ്ധപ്പെടുത്തിയ സാധനങ്ങളുടെ അക്ഷരമാലാ സൂചികയിൽ ഏതെങ്കിലും സാധനങ്ങളെ സൂചിപ്പിച്ചിട്ടില്ലായെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉദിക്കുന്നിടത്ത്, രജിസ്ട്രാർ തീരുമാനമെടുക്കേണ്ടതും ആ സംഗതിയിൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

9. <u>ചില ഭൂവിവരണ സൂചനകൾ രജിസ്റ്റർ ചെയ്യുന്നതിന് നിരോധനം.</u>—ഒരു ഭൂവിവരണ സൂചന,—

(ക) അതിന്റെ ഉപയോഗം കബളിപ്പിക്കുന്നതിനോ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനോ ഇടയാക്കിയേക്കുമെന്നോ; അല്ലെങ്കിൽ

(ഖ) അതിന്റെ ഉപയോഗം തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനു വിരുദ്ധമായിത്തീരുമെന്നോ; അല്ലെങ്കിൽ

(ഗ) അപവാദപരമോ അശ്ലീലപരമോ ആയ സംഗതികൾ അടങ്ങുന്നതോ ഉൾക്കൊള്ളുന്നതോ ആണെന്നോ; അല്ലെങ്കിൽ

(ഘ) ഭാരതപൗരൻമാരുടെ ഏതെങ്കിലും സമൂഹത്തിന്റെയോ വിഭാഗത്തിന്റെയോ മത വികാരത്തെ വ്രണപ്പെടുത്തുന്നതിന് ഇടയാക്കുന്ന ഏതെങ്കിലും സംഗതി അടങ്ങുന്നതോ ഉൾക്കൊള്ളുന്നതോ ആണെന്ന്; അല്ലെങ്കിൽ

(ങ) അത് ഒരു കോടതിയിൽ നിന്നുള്ള സംരക്ഷണത്തിന് മറ്റുവിധത്തിൽ അവകാശമില്ലാതായിത്തീരുമെന്നോ; അല്ലെങ്കിൽ

(ച) അത് ഒരു വർഗ്ഗനാമം അല്ലെങ്കിൽ സാധനങ്ങളുടെ സൂചനകളോ ആണെന്ന് തീരുമാനിക്കപ്പെടുന്നതോ അതിനാൽ അവയുടെ ഉൽപ്പത്തിയുടെ രാജ്യത്ത് അവ സംരക്ഷിക്കപ്പെടുന്നില്ലെന്നോ അല്ലെങ്കിൽ സംരക്ഷണം അവസാനിപ്പിക്കപ്പെട്ടെന്നോ അല്ലെങ്കിൽ ആ രാജ്യത്ത് അവ ഉപയോഗിക്കപ്പെടാത്തതായി തീർന്നെന്നോ; അല്ലെങ്കിൽ

(ഛ) അത്, സാധനങ്ങൾ ഉൽഭവിക്കുന്ന ഭൂപ്രദേശത്തെയോ മേഖലയെയോ സ്ഥലത്തെയോ സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ സത്യമാണെങ്കിൽത്തന്നെയും ആ സാധനം, അതതു സംഗതിപോലെ, മറ്റൊരു ഭൂപ്രദേശത്തോ, മേഖലയിലോ, സ്ഥലത്തോ ഉത്ഭവിക്കുന്നതാണെന്ന് ആളുകളെ വ്യാജമായി ധരിപ്പിക്കുന്നതോ ആകുന്നതായാൽ ഒരു ഭൂവിവരണ സൂചനയായി രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

<u>വിശദീകരണം.</u>—1. ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി സാധനങ്ങളെ സംബന്ധിച്ച് ''ഒരു വർഗ്ഗനാമം അല്ലെങ്കിൽ സൂചനകൾ'' എന്നാൽ, എവിടെനിന്നാണോ ആ സൂചനകൾ ആദ്യമായി ഉത്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്തത് ആ സ്ഥലത്തിനോടോ മേഖലയോടോ സാധനങ്ങളുടെ പേര് ബന്ധപ്പെട്ടിരുന്നാലും അതിന്റെ പ്രഥമ അർത്ഥം നഷ്ടപ്പെട്ട് അങ്ങനെയുള്ള സാധനങ്ങളുടെ പൊതുപേരായിത്തീരുകയും ആ സാധനങ്ങൾക്ക് ആ തരത്തിലോ പ്രകൃതത്തിലോ രൂപത്തിലോ അല്ലെങ്കിൽ മറ്റു ഗുണത്തിലോ സവിശേഷതയിലോപെട്ടവയുടെ ഒരു സ്ഥാനപ്പേരിന് വേണ്ടി അല്ലെങ്കിൽ സൂചനയായി ഉപയോഗിക്കുന്നത് എന്നർത്ഥമാകുന്നു.

<u>വിശദീകരണം.</u>—2. പേര് വർഗ്ഗപരമായിത്തീർന്നോ എന്ന് തീരുമാനിക്കുന്നതിന് ആ പേര് ഉത്ഭവിക്കുന്ന മേഖലയിലോ സ്ഥലത്തോ നിലവിലുള്ള സ്ഥിതിവിശേഷവും ആ സാധനങ്ങളുടെ ഉപഭോഗപ്രദേശവും ഉൾപ്പെടെയുള്ള എല്ലാ ഘടകങ്ങളും കണക്കിലെടുക്കേണ്ടതാണ്.

10. <u>സമാനനാമ ഭൂവിവരണ സൂചനകൾ രജിസ്റ്റർ ചെയ്യൽ.</u>—7-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കു വിധേയമായി, പ്രശ്നവിഷയമായതും ഒരേ പേരിലുള്ള സൂചനയെ മറ്റ് ഒരേ പേരിലുള്ള സമാന നാമ സൂചന മറ്റ് സമാന നാമസൂചനകളിൽനിന്ന് വേർതിരിക്കാവുന്ന പ്രായോഗിക നിബന്ധനകളും ബന്ധപ്പെട്ട സാധനങ്ങളുടെ ഉത്പാദകർക്ക് നീതിപൂർവ്വകമായ പരിഗണന ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യകതയും കണക്കിലെടുത്തശേഷം അങ്ങനെയുള്ള സാധനങ്ങളുടെ ഉപഭോക്താക്കൾ അങ്ങനെയുള്ള രജിസ്റ്റർ ചെയ്യലിന്റെ ഫലമായി ആശയക്കുഴപ്പത്തിലാവുകയോ വഴിതെറ്റുകയോ ചെയ്യുന്നില്ല എന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ഒരു സമാനനാമ ഭൂവിവരണ സൂചന ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## അദ്ധ്യായം III

## രജിസ്ട്രേഷന്റെ നടപടിക്രമവും കാലയളവും

11. രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ബന്ധപ്പെട്ട സാധനങ്ങളുടെ ഉൽപ്പാദകരുടെ താൽപ്പര്യത്തെ പ്രതിനിധീകരിക്കുന്നതും അങ്ങനെയുള്ള സാധനങ്ങളെ ഭൂവിവരണ സൂചനയായി രജിസ്റ്റർ ചെയ്യുന്നതിന് ആഗ്രഹമുള്ളതും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അല്ലെങ്കിൽ നിയമത്തിൻ കീഴിലോ സ്ഥാപിക്കപ്പെട്ടതുമായ വ്യക്തികളുടെയോ ഉൽപ്പാദകരുടെയോ ഏതെങ്കിലും സമാജത്തിനോ അല്ലെങ്കിൽ ഏതെങ്കിലും സംഘടനയ്ക്കോ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസോടും കൂടി ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി രജിസ്ട്രാർ മുമ്പാകെ ലിഖിതമായി അപേക്ഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപേക്ഷയിൽ,—

(ക) ഭൂമിശാസ്ത്ര പരിസ്ഥിതിക്ക്, അതിന് മാത്രമായിട്ടുള്ളതും അത്യന്താപേക്ഷിതമായിട്ടുള്ളതും പ്രകൃതി-മനുഷ്യസഹജ ഘടകങ്ങളോടുകൂടിയതുമായ പ്രത്യേക ഗുണമോ കീർത്തിയോ മറ്റു സവിശേഷതകളോ, അതതു സംഗതിപോലെ, രാജ്യത്തെ ബന്ധപ്പെട്ട ഭൂപ്രദേശത്തുനിന്നോ ആ രാജ്യത്തെ മേഖലയിലോ പ്രദേശത്തോ നിന്നോ, അതതു സംഗതിപോലെ, അങ്ങനെയുള്ള ഏതു ഭൂപ്രദേശത്തോ, മേഖലയിലോ, പ്രദേശത്തോ നിന്നോ അവയുടെ ഉൽപ്പാദനവും സംസ്കരണവും തയ്യാറാക്കലും നടന്നതെന്നും സാധനങ്ങൾ നാമകരണം ചെയ്യുന്നതിന് ഭൂമിശാസ്ത്രസൂചന എപ്രകാരം ഉപയോഗപ്പെടുന്നു എന്നുമുള്ള ഒരു പ്രസ്താവന;

(ഖ) ഭൂവിവരണ സൂചന ഏതു വിഭാഗത്തിലുള്ള സാധനങ്ങൾക്കാണ് ബാധകമാകുന്നതെന്ന്;

(ഗ) സാധനങ്ങൾ ഉത്ഭവിക്കുന്നതോ നിർമ്മിക്കുന്നതോ ആയ രാജ്യത്തെ ഭൂപ്രദേശത്തിന്റെ അല്ലെങ്കിൽ ആ രാജ്യത്തിലെ മേഖലയുടെയോ പ്രദേശത്തിന്റെയോ ഭൂപടം;

(ഘ) ഭൂവിവരണ സൂചനകളുമായി കാണപ്പെടുന്നതിൽ, വാക്കുകളോ ആലങ്കാരികഘടകാംശങ്ങളോ അല്ലെങ്കിൽ രണ്ടും കൂടിയോ അടങ്ങിയിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ;

(ങ) ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷൻ ആദ്യമായി രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നതായ ബന്ധപ്പെട്ട സാധനങ്ങളുടെ ഉൽപ്പാദകരുടെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ അവ ഉൾക്കൊള്ളുന്ന ഒരു പ്രസ്താവന;

(ച) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു വിവരങ്ങൾ;

എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്.

(3) വിവിധതരത്തിലുള്ള സാധനങ്ങൾക്കായി ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യുന്നതിന് ഒരൊറ്റ അപേക്ഷ നൽകാവുന്നതും അതിനുവേണ്ടി നൽകേണ്ടതായ ഫീസ് അങ്ങനെയുള്ള ഓരോ തരം സാധനങ്ങളെ സംബന്ധിച്ചും ഉള്ളതുമായിരിക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ അപേക്ഷയും ഭൂവിവരണസൂചനയുമായി ബന്ധപ്പെട്ടു സ്ഥിതിചെയ്യുന്ന ഏത് രാജ്യത്തെ ഭൂപ്രദേശമോ അല്ലെങ്കിൽ ആ രാജ്യത്തെ മേഖലയോ പ്രദേശമോ ഏതു ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ഭൂപ്രദേശ പരിധിക്കുള്ളിൽ വരുന്നുവോ ആ ആഫീസിൽ ഫയൽ ചെയ്യേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഭൂപ്രദേശമോ മേഖലയോ പ്രദേശമോ, അതതുസംഗതിപോലെ, ഭാരതത്തിനുള്ളിലല്ല സ്ഥിതിചെയ്യുന്നതെങ്കിൽ, ഭാരതത്തിൽ സേവനങ്ങൾക്കുവേണ്ടി അപേക്ഷയിൽ വെളിപ്പെടുത്തിയ പ്രകാരമുള്ള വിലാസത്തിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലം ആരുടെ ഭൂപരിധിക്കുള്ളിലാണോ സ്ഥിതിചെയ്യുന്നത് അവിടത്തെ ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ ആഫീസിൽ അപേക്ഷ ഫയൽ ചെയ്യേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രജിസ്ട്രാർ പരിശോധിക്കേണ്ടതാണ്.

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്ട്രാർക്ക്, അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ അത് പരിപൂർണ്ണമായോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഭേദഗതികളോ മാറ്റം വരുത്തലുകളോ ഉപാധികളോ പരിമിതികളോ ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

(7) അപേക്ഷ നിരസിക്കുകയോ സോപാധികമായി സ്വീകരിക്കുകയോ ചെയ്യുന്ന സംഗതിയിൽ രജിസ്ട്രാർ അങ്ങനെയുള്ള നിരസിക്കലിനോ സോപാധികമായ സ്വീകരിക്കലിനോ ഉള്ള കാരണങ്ങളും തന്റെ തീരുമാനത്തിലെത്താൻ അദ്ദേഹം കൈക്കൊണ്ട ആധികാരിക വിവരങ്ങളും ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്.

12. സ്വീകരിച്ചത് പിൻവലിക്കൽ.—ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷ സ്വീകരിച്ചതിനുശേഷം, എന്നാൽ അതിന്റെ രജിസ്ട്രേഷനു മുമ്പായി രജിസ്ട്രാർക്ക്,—

(ക) അപേക്ഷ തെറ്റി സ്വീകരിച്ചെന്നോ; അല്ലെങ്കിൽ

(ഖ) ആ സംഗതിയുടെ സാഹചര്യങ്ങളിൽ ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യേണ്ടതല്ലായിരുന്നെന്നോ അല്ലെങ്കിൽ ഉപാധികൾക്കും പരിമിതികൾക്കും വിധേയമായോ അല്ലെങ്കിൽ ഏത് ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണോ അപേക്ഷ സ്വീകരിക്കപ്പെട്ടത് അവയ്ക്ക് പുറമെയോ അല്ലെങ്കിൽ അവയിൽ നിന്നും വ്യത്യസ്തമായോ ഉള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതായിരുന്നുവെന്നോ, ബോധ്യപ്പെടുന്നിടത്ത്, രജിസ്ട്രാർക്ക് അദ്ദേഹം അപ്രകാരം ആഗ്രഹിക്കുന്നപക്ഷം അപേക്ഷകനെ കേട്ടതിനുശേഷം അപേക്ഷ സ്വീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നതുപോലെ സ്വീകരിക്കൽ പിൻവലിക്കാവുന്നതും നടപടി തുടരാവുന്നതുമാണ്.

13. അപേക്ഷ പരസ്യപ്പെടുത്തൽ.—(1) ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷ, പരിപൂർണ്ണമായോ അല്ലെങ്കിൽ ഉപാധികൾക്കോ പരിമിതികൾക്കോ വിധേയമായി സ്വീകരിക്കപ്പെട്ടിട്ടുള്ളപ്പോൾ, രജിസ്ട്രാർ, സ്വീകരിക്കലിനുശേഷം കഴിയാവുന്നത്ര വേഗത്തിൽ, സ്വീകരിച്ച പ്രകാരമുള്ള അപേക്ഷ, അത് സ്വീകരിക്കപ്പെട്ടിട്ടുള്ളതിന് ഉപാധികളോ പരിമിതികളോ സഹിതം ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പരസ്യപ്പെടുത്തിക്കേണ്ടതാണ്.

(2) ഒരു അപേക്ഷ പരസ്യപ്പെടുത്തിയതിനുശേഷം,—

(ക) ആ അപേക്ഷയിൽ ഒരു തെറ്റു തിരുത്തുകയോ; അല്ലെങ്കിൽ

(ഖ) 15-ാം വകുപ്പു പ്രകാരം ആ അപേക്ഷ ഭേദഗതി ചെയ്യുന്നതിന് അനുവദിക്കുകയോ, ചെയ്തിട്ടുള്ളിടത്ത് രജിസ്ട്രാർക്ക്, തന്റെ വിവേചനത്തിൽ, ആ അപേക്ഷ വീണ്ടും പരസ്യപ്പെടുത്തിക്കുകയോ അല്ലെങ്കിൽ പകരം അപേക്ഷയിൽ വരുത്തിയ തിരുത്തൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യാവുന്നതോ ആണ്.

14. രജിസ്ട്രേഷനെ എതിർക്കൽ.—(1) ഏതൊരു ആൾക്കും, രജിസ്ട്രേഷനുള്ള ഒരു അപേക്ഷ പരസ്യപ്പെടുത്തുന്ന, അല്ലെങ്കിൽ വീണ്ടും പരസ്യപ്പെടുത്തുന്ന, തീയതി മുതൽ മൂന്നുമാസത്തിനുള്ളിലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രജിസ്ട്രാർക്ക് അപേക്ഷ നൽകുന്നതിൻമേലും അങ്ങനെയുള്ള ഫീസ് നൽകുന്നതിൻമേലും രജിസ്ട്രാർ മൊത്തത്തിൽ അനുവദിക്കുന്ന ഒരു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ രജിസ്ട്രേഷനെ എതിർക്കലിന് രജിസ്ട്രാർക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി നോട്ടീസ് നൽകാവുന്നതാണ്.

(2) രജിസ്ട്രാർ, രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ച ആൾക്ക് നോട്ടീസിന്റെ ഒരു പകർപ്പ് കൊടുക്കേണ്ടതും അങ്ങനെയുള്ള എതിർക്കൽ നോട്ടീസിന്റെ പകർപ്പ് അപേക്ഷകന് കിട്ടുന്നതു മുതൽ രണ്ടു മാസത്തിനുള്ളിൽ അപേക്ഷകൻ, തന്റെ അപേക്ഷയ്ക്കായി അവലംബിക്കുന്ന കാരണങ്ങളോടുകൂടിയ ഒരു എതിർപ്രസ്താവന നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, എന്നാൽ അയാൾ അപ്രകാരം ചെയ്യാത്തപക്ഷം അയാളുടെ അപേക്ഷ അയാൾ ഉപേക്ഷിച്ചതായി കരുതപ്പെടേണ്ടതുമാണ്.

(3) അപേക്ഷകൻ അങ്ങനെയുള്ള എതിർപ്രസ്താവന അയയ്ക്കുന്നപക്ഷം, രജിസ്ട്രാർ, അതിന്റെ ഒരു പകർപ്പ് എതിർക്കൽ നോട്ടീസ് നൽകിയ ആൾക്ക് കൊടുക്കേണ്ടതാണ്.

(4) എതിർക്കുന്ന ആളും അപേക്ഷകനും അവലംബിക്കുന്ന ഏതൊരു തെളിവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, രജിസ്ട്രാർ അവർക്ക്, അവർ അപ്രകാരം ആഗ്രഹിക്കുന്നപക്ഷം, കേൾക്കാനുള്ള ഒരു അവസരം നൽകേണ്ടതുമാണ്.

(5) രജിസ്ട്രാർ, അപ്രകാരം ആവശ്യമുള്ളപക്ഷം, കക്ഷികളെ കേട്ടതിനും തെളിവ് പരിഗണിച്ചതിനും ശേഷം രജിസ്ട്രേഷൻ അനുവദിക്കേണ്ടതുണ്ടോ എന്നും ഏത് ഉപാധികൾക്കും പരിമിതികൾക്കും, ഏതെങ്കിലും ഉണ്ടെങ്കിൽ, വിധേയമായിട്ടാണെന്നും, തീരുമാനിക്കേണ്ടതും എതിർക്കുന്ന ആൾ അവലംബിച്ചാലും ഇല്ലെങ്കിലും, തടസ്സകാരണം കണക്കിലെടുക്കാവുന്നതുമാണ്.

(6) എതിർ നോട്ടീസ് നൽകുന്ന ഒരു ആളോ അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിന്റെ ഒരു പകർപ്പ് കിട്ടിയതിനുശേഷം ഒരു എതിർപ്രസ്താവന അയയ്ക്കുന്ന ഒരു അപേക്ഷകനോ ഭാരതത്തിൽ താമസിക്കാതിരിക്കുകയോ ബിസിനസ് നടത്താതിരിക്കുകയോ ചെയ്യുകയാണെങ്കിൽ രജിസ്ട്രാർക്ക് തന്റെ മുമ്പാകെയുള്ള നടപടിചെലവിനുള്ള ജാമ്യം നൽകുന്നതിന് അയാളോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ജാമ്യം യഥാവിധി നൽകുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ, എതിർക്കൽ അല്ലെങ്കിൽ അപേക്ഷ, അതതു സംഗതിപോലെ, ഉപേക്ഷിച്ചതായി കണക്കാക്കാവുന്നതാണ്.

(7) രജിസ്ട്രാർക്ക്, അഭ്യർത്ഥനയിൻമേൽ, ഒരു എതിർപ്പ് നോട്ടീസിലോ അല്ലെങ്കിൽ എതിർപ്രസ്താവനയിലോ തനിക്ക് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനയിൻമേൽ ഏതെങ്കിലും തെറ്റുതിരുത്തലോ ഏതെങ്കിലും ഭേദഗതിയോ അനുവദിക്കാവുന്നതാണ്.

15. തിരുത്തലും ഭേദഗതിയും.—രജിസ്ട്രാർക്ക് 11-ാം വകുപ്പു പ്രകാരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷയുടെ സ്വീകരിക്കലിനുമുമ്പോ പിമ്പോ, ഏതു സമയത്തും, തനിക്ക് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേൽ അപേക്ഷ സംബന്ധിച്ചുള്ള ഏതു തെറ്റും തിരുത്തുന്നതിനോ അല്ലെങ്കിൽ അപേക്ഷയുടെ ഭേദഗതിയോ അനുവദിക്കാവുന്നതുമാണ്:

എന്നാൽ, 11-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരൊറ്റ അപേക്ഷയ്ക്ക് ഒരു ഭേദഗതി വരുത്തുന്നപക്ഷം, അങ്ങനെയുള്ള അപേക്ഷ രണ്ടോ അതിൽ കൂടുതലോ അപേക്ഷകളായി വിഭജനം ചെയ്യുന്നിടത്ത്, അപ്രകാരം വിഭജിക്കപ്പെട്ട വിഭജിച്ച അപേക്ഷകൾ, ആദ്യം നൽകിയ അപേക്ഷയുടെ തീയതിയിൽ നൽകിയതായി കരുതപ്പെടേണ്ടതാണ്.

16. രജിസ്ട്രേഷൻ.—(1) 12-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷ സ്വീകരിക്കപ്പെട്ടിട്ടുള്ളപ്പോഴും,—

(ക) ഒന്നുകിൽ ആ അപേക്ഷ എതിർക്കപ്പെട്ടിട്ടില്ലാതിരിക്കുകയും എതിർപ്പ് നോട്ടീസിനുള്ള സമയം കഴിയുകയും; അല്ലെങ്കിൽ

(ഖ) അപേക്ഷ എതിർക്കപ്പെട്ടിട്ടുണ്ടായിരിക്കുകയും ആ എതിർപ്പ് അപേക്ഷകന് അനുകൂലമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയും ചെയ്യുമ്പോഴും,

രജിസ്ട്രാർ, കേന്ദ്ര സർക്കാർ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, പ്രസ്തുത ഭൂവിവരണ സൂചനയും, അപേക്ഷയിലും ഭൂവിവരണ സൂചനയിലും പറഞ്ഞിട്ടുള്ള അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കളും ഏതെങ്കിലും ഉണ്ടെങ്കിൽ, രജിസ്റ്റർ ചെയ്യപ്പെടേണ്ടതും, അധികാരപ്പെടുത്തപ്പെട്ട ആ ഉപയോക്താക്കൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ, പ്രസ്തുത അപേക്ഷ നൽകിയ തീയതിക്ക് രജിസ്റ്റർ ചെയ്യപ്പെടേണ്ടതും ആ തീയതി 84-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്റ്റർ ചെയ്ത തീയതിയായി കരുതപ്പെടേണ്ടതുമാണ്.

(2) ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യുമ്പോൾ, ആ ഭൂവിവരണ സൂചനയോടൊപ്പം, രജിസ്റ്റർ ചെയ്തിട്ടുള്ളപക്ഷം, രജിസ്ട്രാർ ഓരോ അപേക്ഷകനും അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കൾക്കും, അതിന്റെ രജിസ്ട്രേഷന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ഒരു സർട്ടിഫിക്കറ്റ് ആ ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ മുദ്രപതിച്ച് നൽകേണ്ടതാണ്.

(3) ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ, അപേക്ഷകന്റെ ഭാഗത്തുള്ള വീഴ്ച കാരണം, അപേക്ഷാത്തീയതി മുതൽ പന്ത്രണ്ടു മാസത്തിനകം പൂർത്തീകരിക്കാത്തിടത്ത്, രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷകന് നോട്ടീസ് നൽകിയതിനുശേഷം, നോട്ടീസിൽ ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ അത് പൂർത്തീകരിക്കാത്തപക്ഷം, ആ അപേക്ഷ ഉപേക്ഷിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

(4) രജിസ്ട്രാർക്ക്, ഒരു കൈത്തെറ്റോ ഒരു പ്രകടമായ തെറ്റോ തിരുത്തുന്നതിനുള്ള ആവശ്യത്തിനായി രജിസ്റ്ററോ അല്ലെങ്കിൽ രജിസ്ട്രേഷന്റെ ഒരു സർട്ടിഫിക്കറ്റോ ഭേദഗതി ചെയ്യാവുന്നതാണ്.

17. <u>അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ.</u>—(1) 16-ാം വകുപ്പു പ്രകാരം ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ഏത് സാധനങ്ങളെ സംബന്ധിച്ചാണോ അവയുടെ ഉൽപ്പാദകൻ എന്ന് അവകാശപ്പെടുന്ന ഏതൊരാളും അങ്ങനെയുള്ള ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവായി അയാളെ രജിസ്റ്റർ ചെയ്യുന്നതിനായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർ മുമ്പാകെ ലിഖിതമായി അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപേക്ഷയോടൊപ്പം ഒരു പ്രസ്താവനയും നിർണ്ണയിക്കപ്പെടാവുന്നതും ആ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അങ്ങനെയുള്ള ആൾ ആ സാധനങ്ങളുടെ ഉൽപ്പാദകനാണോ എന്ന് തീരുമാനിക്കുന്നതിന് രജിസ്ട്രാർ ആവശ്യപ്പെട്ടേക്കാവുന്നതുമായ വസ്തുതകളുടെ അങ്ങനെയുള്ള രേഖകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസും ഉണ്ടായിരിക്കേണ്ടതാണ്.

(3) ഈ അദ്ധ്യായത്തിലെ—

(ക) അപേക്ഷ ഫയൽ ചെയ്യലും പരിശോധിക്കലും;

(ഖ) രജിസ്ട്രേഷൻ നിരസിക്കലും സ്വീകരിക്കലും;

(ഗ) അപേക്ഷ സ്വീകരിച്ചത് പിൻവലിക്കൽ;

(ഘ) അപേക്ഷ പരസ്യപ്പെടുത്തൽ;

(ങ) രജിസ്ട്രേഷനെ എതിർക്കൽ;

(ച) അപേക്ഷയുടെ ഒരു ഭേദഗതിയിൽ തിരുത്തലോ തെറ്റോ;

(ഛ) രജിസ്ട്രേഷൻ,

എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ, രജിസ്ട്രേഷനുള്ള അപേക്ഷയ്ക്കും ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷനും ബാധകമാകുന്ന അതേ രീതിയിൽ അവ (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കളുടെ അപേക്ഷയ്ക്കും രജിസ്റ്റർ ചെയ്യലിനും സംബന്ധിച്ചും ബാധകമാകുന്നതാണ്.

18. <u>രജിസ്ട്രേഷന്റെ കാലാവധിയും പുതുക്കലും നീക്കം ചെയ്യലും പുനഃസ്ഥാപിക്കലും.</u>—(1) ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന്റെ കാലാവധി പത്തുവർഷക്കാലയളവിലേക്കായിരിക്കുന്നതും എന്നാൽ, ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അത് കാലാകാലങ്ങളിൽ പുതുക്കാവുന്നതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവിന്റെ രജിസ്ട്രേഷന്റെ കാലാവധി പത്തു വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവ് രജിസ്റ്റർ ചെയ്യപ്പെട്ടത് സംബന്ധിച്ചുള്ള ഭൂവിവരണ സൂചനകളുടെ രജിസ്ട്രേഷന്റെ കാലാവധി കഴിയുന്ന തീയതിവരെയ്ക്കോ ഏതാണോ ആദ്യം, അതായിരിക്കുന്നതാണ്.

(3) രജിസ്ട്രാർക്ക്, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകലിന് വിധേയമായും നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേൽ, അതതുസംഗതിപോലെ, ഭൂവിവരണ സൂചനകളുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ, അതതുസംഗതി പോലെ, ആദ്യ രജിസ്ട്രേഷന്റെയോ അല്ലെങ്കിൽ രജിസ്ട്രേഷന്റെ ഒടുവിലത്തെ പുതുക്കലോ അവസാനിക്കുന്ന തീയതി (ആ തീയതിയെ ഒടുവിലത്തെ രജിസ്ട്രേഷന്റെ അവസാനിക്കലായി ഈ വകുപ്പിൽ പരാമർശിക്കപ്പെടുന്നു) മുതൽ പത്തുവർഷക്കാലയളവിലേക്ക് പുതുക്കേണ്ടതാണ്.

(4) നിർണ്ണയിക്കപ്പെട്ട സമയത്ത്, അതതുസംഗതിപോലെ, ഒരു ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ ഒടുവിലത്തെ രജിസ്ട്രേഷൻ അവസാനിക്കുന്നതിനുമുമ്പ് രജിസ്ട്രാർ രജിസ്ട്രേഷൻ പുതുക്കി ലഭിക്കാവുന്നതിനുള്ള തീയതിയുടെ അവസാനിക്കലും നൽകേണ്ട ഫീസ് സംബന്ധിച്ച ഉപാധികളും മറ്റു മാർഗ്ഗങ്ങളും ഉള്ള നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു നോട്ടീസ്, അതതു സംഗതിപോലെ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനോ അയയ്ക്കേണ്ടതും അതിനായി നിർണ്ണയിക്കപ്പെട്ട സമയം കഴിയുമ്പോൾ ആ ഉപാധികൾ യഥാവിധി പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ രജിസ്ട്രാർക്ക്, അതതുസംഗതിപോലെ, ആ ഭൂവിവരണ സൂചനയെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെയോ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, അതതുസംഗതിപോലെ, ആ ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ ഒടുവിലത്തെ രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ച് ആറു മാസത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട ഫീസും സർചാർജ്ജും നൽകി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു അപേക്ഷ നൽകുകയാണെങ്കിൽ, രജിസ്ട്രാർ, അതതുസംഗതിപോലെ, ആ ഭൂവിവരണ സൂചനയെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെയോ രജിസ്റ്ററിൽനിന്ന് നീക്കം ചെയ്യാൻ പാടുള്ളതല്ലാത്തതും, അതതു സംഗതിപോലെ, ആ ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ രജിസ്ട്രേഷൻ (3)-ാം ഉപവകുപ്പു പ്രകാരം പത്തു വർഷത്തേയ്ക്ക് പുതുക്കി നൽകേണ്ടതുമാണ്.

(5) നിർണ്ണയിക്കപ്പെട്ട ഫീസ് നൽകാത്തതുകൊണ്ട്, അതതുസംഗതിപോലെ, ഒരു ഭൂവിവരണ സൂചനയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യപ്പെടുമ്പോൾ, രജിസ്ട്രാർ, അതതുസംഗതിപോലെ, ആ ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ ഒടുവിലത്തെ രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ച്, ആറു മാസത്തിനുശേഷവും എന്നാൽ ഒരു വർഷത്തിനുള്ളിലും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകിക്കൊണ്ടും ഒരു അപേക്ഷ ലഭിച്ചാൽ, അപ്രകാരം ചെയ്യുന്നത് ന്യായമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം, അതതുസംഗതിപോലെ, ആ ഭൂവിവരണ സൂചനയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെയോ രജിസ്റ്ററിൽ വീണ്ടും ചേർക്കേണ്ടതും, അതതുസംഗതിപോലെ, ഭൂമിശാസ്ത്ര സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ രജിസ്ട്രേഷൻ സാധാരണയായി അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നി ചുമത്തുന്ന അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഏറ്റവും ഒടുവിലത്തെ രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ചതുമുതൽ പത്തുവർഷക്കാലത്തേയ്ക്ക് പുതുക്കിക്കൊടുക്കേണ്ടതുമാണ്.

19. <u>പുതുക്കലിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുന്നതിന്റെ പ്രഭാവം.</u>—പുതുക്കലിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം ഒരു ഭൂവിവരണ സൂചന രജിസ്റ്ററിൽനിന്നും നീക്കം ചെയ്യപ്പെട്ടിരുന്നാൽത്തന്നെയും അത് നീക്കം ചെയ്യപ്പെട്ട തീയതിക്ക് തൊട്ടുശേഷമുള്ള ഒരു വർഷക്കാലത്ത് മറ്റൊരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനു വേണ്ടിയുള്ള ഏതെങ്കിലും അപേക്ഷയുടെ ആവശ്യത്തിന്—

(ക) നീക്കംചെയ്യപ്പെട്ട ഭൂവിവരണ സൂചന അതിന്റെ നീക്കംചെയ്യലിന്റെ തൊട്ടുമുമ്പുള്ള രണ്ടു വർഷത്തിനുള്ളിൽ ഉത്തമ വിശ്വാസത്തിൽ വ്യാപാരോപയോഗത്തിലില്ലായിരുന്നെന്നോ; അല്ലെങ്കിൽ

(ഖ) നീക്കംചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയുടെ ഏതെങ്കിലും മുൻ ഉപയോഗ കാരണത്താൽ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാവിഷയമായ ഭൂമിശാസ്ത്രസൂചന ഉപയോഗിക്കുന്നതുകൊണ്ട് ഒരു കബളിപ്പിക്കലോ ആശയക്കുഴപ്പമോ ഉണ്ടാകാൻ ഇടയാക്കുകയില്ലെന്നോ,

ട്രിബ്യൂണലിന് ബോദ്ധ്യമാകാത്തപക്ഷം, നേരത്തെതന്നെ രജിസ്റ്ററിൽ ഉണ്ടായിരുന്ന ഒരു ഭൂവിവരണ സൂചനയായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം IV

## രജിസ്ട്രേഷന്റെ പ്രഭാവം

20. രജിസ്റ്റർ ചെയ്യപ്പെടാത്ത ഭൂവിവരണ സൂചനയുടെ ലംഘനത്തിന് നടപടിയില്ലെന്ന്.—(1) യാതൊരു ആൾക്കും രജിസ്റ്റർ ചെയ്യപ്പെടാത്ത ഒരു ഭൂവിവരണ സൂചനയുടെ ലംഘനം തടയുന്നതിനോ അല്ലെങ്കിൽ അതിന് നഷ്ടപരിഹാരം ഈടാക്കുന്നതിനോ ഏതെങ്കിലും നടപടിയെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റിലെ യാതൊന്നുംതന്നെ മറ്റൊരാളിന്റെ സാധനങ്ങളെന്നപോലെ സാധനങ്ങൾ കൊണ്ടുപോകുന്നതിനോ അല്ലെങ്കിൽ അത് സംബന്ധിച്ച് പരിഹാരത്തിനോ ഏതെങ്കിലും ആളിനെതിരെ നടപടിയെടുക്കുന്നതിനുള്ള അവകാശങ്ങളെ ബാധിക്കുന്നതായി കരുതപ്പെടാവുന്നതല്ല.

21. രജിസ്ട്രേഷൻ വഴി നൽകപ്പെട്ട അവകാശങ്ങൾ.—(1) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ, സാധുവാകുന്നപക്ഷം,—

(ക) ആ ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനും അധികാരപ്പെടുത്തപ്പെട്ട അതിന്റെ ഉപയോക്താവിനോ അല്ലെങ്കിൽ ഉപയോക്താക്കൾക്കോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ഭൂവിവരണ സൂചനയുടെ ലംഘനത്തെ സംബന്ധിച്ച് ആശ്വാസം ലഭിക്കുന്നതിനുള്ള അവകാശവും;

(ഖ) ഏതു സാധനങ്ങളെ സംബന്ധിച്ചാണോ ഭൂവിവരണ സൂചനകൾ രജിസ്റ്റർ ചെയ്യപ്പെട്ടത്, അത് സംബന്ധിച്ച ഭൂമിശാസ്ത്ര സൂചന ഉപയോഗിക്കുന്നതിനുള്ള അവകാശം അതിന്റെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന് മാത്രമായും,

നൽകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡപ്രകാരം ഒരു ഭൂവിവരണ സൂചന ഉപയോഗിക്കുന്നതിന് നൽകപ്പെട്ട അനന്യാവകാശം രജിസ്ട്രേഷന് വിധേയമായ ഏതെങ്കിലും ഉപാധിക്കും പരിമിതിക്കും വിധേയമായിരിക്കുന്നതാണ്.

(3) പരസ്പരം തുല്യതയോ ഏകദേശം സാമ്യമോ ഉള്ള ഭൂവിവരണ സൂചനകൾക്ക് രണ്ടോ അതിലധികമോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കൾ ഉള്ളിടത്ത്, അവയിലേതെങ്കിലും ഭൂവിവരണ സൂചനകൾ ഉപയോഗിക്കുന്നതിനുള്ള അനന്യാവകാശം അവരവരുടെ അവകാശങ്ങൾ രജിസ്റ്ററിൽ ചേർക്കപ്പെട്ട ഏതെങ്കിലും ഉപാധികൾക്കും പരിമിതികൾക്കും വിധേയമാകുന്നിടത്തോളമൊഴികെ ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ കൊണ്ടുമാത്രം അവരിൽ മറ്റാർക്കെങ്കിലും എതിരായി സിദ്ധിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതില്ല; എന്നാൽ, മറിച്ച് അവരിൽ ഓരോ ആൾക്കും അയാൾ മാത്രമാണ് അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവെങ്കിൽ അയാൾക്കുണ്ടാകുമായിരുന്ന അതേ അവകാശങ്ങൾ മറ്റാളുകൾക്കെതിരെ ഉണ്ടായിരിക്കുന്നതാണ്.

22. രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനകളുടെ ലംഘനം.—(1) ഒരു ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവ് അല്ലാത്ത ഒരാൾ,—

(ക) സാധനങ്ങളുടെ നാമകരണത്തിലോ അവതരണത്തിലോ അങ്ങനെയുള്ള സാധനങ്ങളുടെ ഭൂമിശാസ്ത്രപരമായ ഉൽപ്പത്തി എന്ന രീതിയിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതും അങ്ങനെയുള്ള സാധനങ്ങളുടെ ശരിയായ ഉൽപ്പത്തി സ്ഥലമല്ലാത്ത ഭൂപ്രദേശത്താണ് അങ്ങനെയുള്ള സാധനങ്ങളുടെ ഉൽപ്പത്തിയെന്ന് സൂചിപ്പിക്കുകയോ തോന്നിപ്പിക്കുകയോ ചെയ്യുന്നതിനായി അങ്ങനെയുള്ള ഭൂവിവരണ സൂചന ഏതെങ്കിലും തരത്തിൽ ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനകൾ സംബന്ധിച്ച് കൊണ്ടുപോകൽ ഉൾപ്പെടെ അനാരോഗ്യകരമായ മത്സരപ്രവൃത്തിയായി ഭവിക്കുന്ന അങ്ങനെയുള്ള രീതിയിൽ ഏതെങ്കിലും ഭൂവിവരണ സൂചന ഉപയോഗിക്കുകയോ,

വിശദീകരണം.—1. ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "അനാരോഗ്യകരമായ മത്സരപ്രവൃത്തി" എന്നാൽ വ്യാവസായികമോ വാണിജ്യപരമോ ആയ കാര്യങ്ങളുടെ സത്യസന്ധമായ പ്രവർത്തനങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ഏതൊരു മത്സര പ്രവൃത്തിയും എന്നർത്ഥമാകുന്നു.

വിശദീകരണം.—2. സംശയങ്ങളുടെ ദൂരീകരിക്കലിനുവേണ്ടി, താഴെപ്പറയുന്ന പ്രവൃത്തികൾ അനാരോഗ്യകരമായ മത്സരപ്രവൃത്തികളായി കരുതപ്പെടേണ്ടതാണെന്ന് ഇതിനാൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു, അതായത്:—

(i) സ്ഥാപനത്തിനോ സാധനങ്ങൾക്കോ അല്ലെങ്കിൽ വ്യാവസായിക വാണിജ്യ പ്രവർത്തനങ്ങൾക്കോ ഏത് വിധേനയും ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന രീതിയിൽ, മത്സരിക്കുന്ന ആളിന്റെ എല്ലാ പ്രവൃത്തികളും,

(ii) വ്യാപാരവേളയിൽ മത്സരിക്കുന്ന ഒരു ആളിന്റെ സ്ഥാപനത്തിനോ സാധനങ്ങൾക്കോ അല്ലെങ്കിൽ വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങൾക്കോ അപകീർത്തി ഉണ്ടാക്കത്തക്ക അങ്ങനെയുള്ള രീതിയിലുള്ള വ്യാജ ആരോപണങ്ങൾ,

(iii) വ്യാപാരവേളയിൽ, സാധനങ്ങളുടെ സ്വഭാവമോ നിർമ്മാണ പ്രക്രിയയോ സവിശേഷതയോ അവയുടെ ആവശ്യത്തിനുതകുന്ന അനുയോജ്യതയോ അല്ലെങ്കിൽ അളവോ സംബന്ധിച്ച് ആളുകളിൽ തെറ്റിദ്ധാരണയ്ക്ക് ഇടം കൊടുക്കുന്ന ഭൂവിവരണ സൂചനകളുടെ ഉപയോഗിക്കൽ;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനയോട് ബന്ധപ്പെട്ട സാധനങ്ങൾ ഉത്ഭവിക്കുന്ന ഭൂപ്രദേശത്തെയോ മേഖലയെയോ സ്ഥലത്തെയോ സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ സാമ്യമുണ്ടെങ്കിൽത്തന്നെയും ആ സാധനം മറ്റൊരു ഭൂപ്രദേശത്തോ മേഖലയിലോ സ്ഥലത്തോ ഉത്ഭവിക്കുന്നതാണെന്ന് ആളുകളെ വ്യാജമായി ധരിപ്പിക്കുന്ന രീതിയിൽ ആ സാധനങ്ങൾക്കായി മറ്റൊരു ഭൂവിവരണ സൂചന ഉപയോഗിക്കുകയോ,

ചെയ്താൽ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചന ലംഘിക്കപ്പെടുന്നതാണ്.

(2) കേന്ദ്ര സർക്കാരിന്, (3)-ാം ഉപവകുപ്പിൻകീഴിലുള്ള ചില സാധനങ്ങൾക്കോ അല്ലെങ്കിൽ ചില വിഭാഗങ്ങളിൽപ്പെട്ട സാധനങ്ങൾക്കോ അധിക സംരക്ഷണം ഏർപ്പെടുത്തുന്നതിനു വേണ്ടി അപ്രകാരം ചെയ്യുന്നത് അതിന് യുക്തമെന്ന് തോന്നുന്നപക്ഷം, അങ്ങനെയുള്ള സംരക്ഷണാവശ്യത്തിനായി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള സാധനങ്ങളോ, സാധനങ്ങളുടെ വിഭാഗത്തെയോ വിഭാഗങ്ങളെയോ വിനിർദ്ദേശിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട സാധനങ്ങളെയോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട സാധനങ്ങളെയോ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവല്ലാത്ത ഏതെങ്കിലും ഒരാൾ, അങ്ങനെയുള്ള മറ്റ് ഭൂവിവരണ സൂചനയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലത്ത് ഉത്ഭവിച്ചതല്ലാത്ത അങ്ങനെയുള്ള സാധനങ്ങൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട സാധനങ്ങൾക്കോ മറ്റേതെങ്കിലും ഭൂവിവരണ സൂചന ഉപയോഗിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സാധനങ്ങളുടെ യഥാർത്ഥ ഉത്ഭവം സൂചിപ്പിച്ചുകൊണ്ടുതന്നെ അങ്ങനെയുള്ള സാധനങ്ങൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട സാധനങ്ങൾക്കോ മറ്റ് ഭൂവിവരണ സൂചന ഉപയോഗിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സാധനങ്ങൾക്കോ അങ്ങനെയുള്ള വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട സാധനങ്ങൾക്കോ ഉള്ള യഥാർത്ഥ ഉത്ഭവസ്ഥലത്തിന് മാറ്റം വരുത്തുന്ന രീതിയിലുള്ള വാക്കുകൾ, അതായത് "തരം", "രീതി", "അനുകരണം" അല്ലെങ്കിൽ അതുപോലുള്ള പദപ്രയോഗങ്ങൾ ചേർത്ത് മറ്റേതെങ്കിലും ഭൂവിവരണ സൂചനകൾ ഉപയോഗിക്കുന്നത് രജിസ്റ്റർ ചെയ്യപ്പെട്ട അങ്ങനെയുള്ള ഭൂവിവരണ സൂചനയുടെ ലംഘനമാണ്.

(4) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ, അങ്ങനെയുള്ള ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവല്ലാത്ത ഒരു ആൾ നിയമപരമായി ആർജ്ജിക്കുന്നിടത്ത് അങ്ങനെയുള്ള ആളിന്റെ ആ സാധനങ്ങളുടെ സംസ്കരണമോ പായ്ക്ക് ചെയ്യലോ ഉൾപ്പെടെ തുടർന്നുള്ള ഇടപാടുകൾ, ആ സാധനങ്ങളുടെ അവസ്ഥയ്ക്ക് അവ വിപണിയിലിറക്കിയതിനുശേഷം കോട്ടം തട്ടുമ്പോളൊഴികെ, അങ്ങനെയുള്ള ഭൂവിവരണ സൂചനകളുടെ ലംഘനമായിത്തീരുന്നതല്ല.

23. രജിസ്ട്രേഷൻ, സാധുതയുടെ പ്രഥമദൃഷ്ട്യായുള്ള തെളിവ് ആയിരിക്കുമെന്ന്.—(1) ഒരു ഭൂവിവരണ സൂചനയെ സംബന്ധിച്ചുള്ള എല്ലാ നിയമനടപടികളിലും ഈ ആക്റ്റ് പ്രകാരം രജിസ്ട്രാർ ഇതിലേക്കായി നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അത് ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ മുദ്രവെച്ച രജിസ്റ്ററിലെ ഉൾക്കുറിപ്പിന്റെ ഒരു പകർപ്പായതിനാൽ അതിന്റെ സാധുതയുടെ പ്രഥമദൃഷ്ട്യാ ഉള്ള തെളിവായിരിക്കുന്നതും, അത് എല്ലാ കോടതികളിലും അപ്പലേറ്റ് ബോർഡ് മുൻപാകെയും അധികതെളിവ് കൂടാതെയോ അസ്സൽ ഹാജരാക്കാതെയോ സ്വീകരിക്കപ്പെടുന്നതുമാണ്.

(2) ഈ വകുപ്പിലെ യാതൊന്നും രജിസ്റ്റർ ചെയ്യപ്പെടാത്ത ഒരു ഭൂവിവരണ സൂചനയെ സംബന്ധിച്ച നടപടിക്കുള്ള അവകാശത്തെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

24. കൈമാറ്റം ചെയ്യൽ അല്ലെങ്കിൽ എത്തിച്ചുകൊടുക്കൽ മുതലായവയ്ക്ക് നിരോധനം.—തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയ്ക്കുള്ള ഏതൊരു അവകാശവും കൈമാറ്റം ചെയ്യലിനോ എത്തിച്ചുകൊടുക്കലിനോ, ലൈസൻസ് നൽകലിനോ, പണയത്തിനോ, ഒറ്റിയ്ക്കോ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റേതെങ്കിലും കരാറിനോ വിഷയസംഗതി ആകുന്നതല്ല:

എന്നാൽ, അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവിന്റെ മരണത്തോടെ, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയിൽ അയാൾക്കുള്ള അവകാശം തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം അയാളുടെ അനന്തരാവകാശിക്ക് കൈവരുന്നതാണ്.

## അദ്ധ്യായം V

## വ്യാപാരമുദ്രകളെയും മുൻ ഉപയോക്താക്കളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

25. ഭൂവിവരണ സൂചന വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നിരോധനം.—വ്യാപാര മുദ്രകൾ ആക്റ്റ്, 1999-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഒരു രാജ്യത്തെ ഭൂപ്രദേശത്തോ ആ ഭൂപ്രദേശത്തെ ഒരു മേഖലയിലോ സ്ഥലത്തോ ഉത്ഭവിച്ചതല്ലാത്തതും എന്നാൽ അങ്ങനെയുള്ള സാധനങ്ങൾക്കോ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ സാധനങ്ങൾക്കുവേണ്ടി അങ്ങനെയുള്ള ഭൂവിവരണ സൂചനയെ സൂചിപ്പിച്ച് അങ്ങനെയുള്ള സാധനങ്ങൾക്ക് വ്യാപാരമുദ്രയിലുള്ള അങ്ങനെയുള്ള ഭൂവിവരണ സൂചനയെ ഉപയോഗിച്ച് ആളുകൾക്ക് അങ്ങനെയുള്ള സാധനങ്ങളുടെയോ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ സാധനങ്ങളുടെ യഥാർത്ഥ ഉൽപ്പത്തിയെക്കുറിച്ച് ആശയക്കുഴപ്പമോ തെറ്റിദ്ധാരണയോ ഉണ്ടാകാത്തവിധം ചേർത്തതോ ഉൾപ്പെടുത്തിയതോ ആയ ഒരു ഭൂവിവരണ സൂചനയുടെ;

(ഖ) 22-ാം വകുപ്പു (2)-ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സാധനങ്ങളെയോ സാധനങ്ങളുടെ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ സാധനങ്ങളെയോ തിരിച്ചറിയിച്ചുകൊണ്ട് ചേർത്തതോ ഉൾപ്പെടുത്തിയതോ ആയ ഒരു ഭൂമിശാസ്ത്ര സൂചനയുടെ,

വ്യാപാരമുദ്രയ്ക്കുള്ള രജിസ്ട്രേഷൻ ആക്റ്റിന്റെ 3-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള വ്യാപാരമുദ്രകളുടെ രജിസ്ട്രാർക്ക്, സ്വമേധയായോ തൽപ്പരകക്ഷികളുടെ അഭ്യർത്ഥനപ്രകാരമോ നിരസിക്കുകയോ അസാധുവാക്കുകയോ ചെയ്യാവുന്നതാണ്.

26. ചില വ്യാപാരമുദ്രകൾക്ക് സംരക്ഷണം.—(1) ഒരു വ്യാപാരമുദ്രയിൽ ഒരു ഭൂവിവരണ സൂചന അടങ്ങുകയോ ഉൾപ്പെടുകയോ ചെയ്യുകയും വ്യാപാരമുദ്രകളെ സംബന്ധിച്ച തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം ഉത്തമവിശ്വാസപൂർവ്വം അപേക്ഷിക്കപ്പെടുകയോ രജിസ്റ്റർ ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ളിടത്ത്, ഒന്നുകിൽ,—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപോ ; അല്ലെങ്കിൽ

(ഖ) ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനുവേണ്ടി അപേക്ഷ ഫയൽ ചെയ്യുന്ന തീയതിക്കുമുൻപോ, ഉത്തമ വിശ്വാസപൂർവ്വം ഉപയോഗിച്ചതുവഴി അങ്ങനെയുള്ള വ്യാപാരമുദ്രയിലുള്ള അവകാശങ്ങൾ ആർജ്ജിക്കപ്പെടുകയോ ചെയ്തിട്ടുള്ളിടത്ത് ഈ ആക്റ്റിലെ

യാതൊന്നും തന്നെ അങ്ങനെയുള്ള വ്യാപാരമുദ്രയ്ക്ക് അങ്ങനെയുള്ള ഭൂവിവരണ സൂചനയുമായി സാദൃശ്യമോ സാമ്യമോ ഉണ്ടെന്ന കാരണത്താൽ വ്യാപാരമുദ്രകൾ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം അങ്ങനെയുള്ള വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള അർഹതയെയോ രജിസ്ട്രേഷന്റെ സാധുതയെയോ അല്ലെങ്കിൽ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന്റെയോ അവകാശത്തെയോ ദോഷകരമായി ബാധിക്കുന്നതല്ല.

(2) സാധനങ്ങളെയോ സാധനങ്ങളുടെ വിഭാഗത്തെയോ വിഭാഗങ്ങളെയോ സംബന്ധിച്ച് ഒരു ഭൂവിവരണ സൂചനയുമായി ബന്ധപ്പെട്ട അങ്ങനെയുള്ള സാധനങ്ങൾക്ക് 1995 ജനുവരി 1-ാം തീയതിയോ അതിനുമുൻപോ ഭാരതത്തിലെ ഏതെങ്കിലും ഭാഗത്തെ പൊതുപേരെന്ന നിലയിൽ പൊതുഭാഷയിലെ പതിവുപദവുമായി സാദൃശ്യവുമുള്ള അങ്ങനെയുള്ള ഭൂവിവരണ സൂചനയ്ക്ക് ഈ ആക്റ്റിലെ യാതൊന്നും ബാധകമാകുന്നതല്ല.

(3) ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ, ഏതെങ്കിലും ആൾക്ക് വ്യാപാരവേളയിൽ ആ ആളിന്റെയോ ആ ആളിന്റെ മുൻഗാമിയുടെ പേര്, അങ്ങനെയുള്ള പേര് ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുകയോ വഴിതെറ്റിക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള ഒരു രീതിയിൽ ഉപയോഗിക്കുമ്പോൾ ഒഴികെ ബിസിനസ്സിൽ ഉപയോഗിക്കുന്നതിനുള്ള അവകാശത്തെ യാതൊരു വിധത്തിലും ദോഷകരമായി ബാധിക്കുന്നതല്ല.

(4) വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലോ ഈ ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വ്യാപാരമുദ്രയുടെ ഉപയോഗമോ രജിസ്ട്രേഷനോ ആയി ബന്ധപ്പെട്ട്, അങ്ങനെയുള്ള ഉപയോഗമോ രജിസ്ട്രേഷനോ ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ഭൂവിവരണ സൂചനയെ ലംഘിക്കുന്നതായി ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള ഭൂവിവരണ സൂചനയെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ രജിസ്റ്റർ ചെയ്യപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ അറിയുന്ന തീയതിമുതൽ, അല്ലെങ്കിൽ പ്രസ്തുത വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമോ ആ വ്യാപാരമുദ്ര ആ തീയതിക്ക് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്ന നിബന്ധനയ്ക്ക് വിധേയമായി പ്രസ്തുത വ്യാപാരമുദ്രകൾ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ തീയതിക്കുശേഷം അങ്ങനെയുള്ള തീയതി അങ്ങനെയുള്ള ഉടമസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ അങ്ങനെയുള്ള ലംഘനം അറിയുന്നതിനുമുൻപുള്ള തീയതി ആയിരിക്കുകയും അങ്ങനെയുള്ള ഭൂവിവരണ സൂചന ഉത്തമവിശ്വാസവിരുദ്ധമായി ഉപയോഗിക്കുകയോ രജിസ്ററർ ചെയ്യുകയോ ചെയ്തിട്ടില്ലാത്തപക്ഷവും യാതൊരു നടപടിയും അഞ്ചുവർഷം കഴിഞ്ഞതിനുശേഷം എടുക്കാവുന്നതല്ല.

## അദ്ധ്യായം VI

## രജിസ്റ്ററിന്റെ ശരിയാക്കലും തിരുത്തലും

27. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അല്ലെങ്കിൽ മാറ്റം വരുത്തുന്നതിനും രജിസ്റ്റർ ശരിയാക്കുന്നതിനും ഉള്ള അധികാരം.—(1) സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്പലേറ്റ് ബോർഡിനോ രജിസ്ട്രാർക്കോ നൽകുന്ന ഒരു അപേക്ഷയിൻമേൽ, ഒരു ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ രജിസ്ട്രേഷൻ, അതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഉപാധി പാലിക്കുന്നതിൽ ഏതെങ്കിലും ലംഘനമോ വീഴ്ചയോ ഉണ്ടെന്ന കാരണത്താൽ റദ്ദുചെയ്യുന്നതിനോ മാറ്റം വരുത്തുന്നതിനോ ട്രിബ്യൂണലിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) രജിസ്റ്ററിൽ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ അഭാവത്താലോ അല്ലെങ്കിൽ വിട്ടുപോകൽ മൂലമോ അല്ലെങ്കിൽ മതിയായ കാരണം കൂടാതെ ഏതെങ്കിലും ഉൾക്കുറിപ്പ് വരുത്തിയതിനാലോ ഏതെങ്കിലും ഉൾക്കുറിപ്പ് തെറ്റായി രജിസ്റ്ററിൽ അവശേഷിക്കുന്നതിനാലോ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിലെ ഏതെങ്കിലും പിശകാലോ അപാകതയാലോ സങ്കടമനുഭവിക്കുന്ന ഏതൊരാളിനും നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്പലേറ്റ് ബോർഡിനോ രജിസ്ട്രാർക്കോ അപേക്ഷ നൽകാവുന്നതും ട്രിബ്യൂണലിന് ആ ഉൾക്കുറിപ്പ് ചേർക്കുന്നതിനോ എടുത്തുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ വേണ്ടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) ട്രിബ്യൂണലിന്, ഈ വകുപ്പുപ്രകാരമുള്ള ഏതൊരു നടപടിയിലും രജിസ്റ്റർ ശരിയാക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് ആവശ്യമോ ഉചിതമോ ആയേക്കാവുന്ന ഏതൊരു പ്രശ്നവും തീരുമാനിക്കാവുന്നതാണ്.

(4) ട്രിബ്യൂണലിന്, സ്വമേധയാ, ബന്ധപ്പെട്ട കക്ഷികൾക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ നോട്ടീസ് നൽകിയതിനുശേഷവും കേൾക്കപ്പെടാനുള്ള ഒരു അവസരം അവർക്ക് നൽകിയതിനു ശേഷവും (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ട ഏതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതാണ്.

(5) രജിസ്റ്റർ ശരിയാക്കിക്കൊണ്ടുള്ള അപ്പലേറ്റ് ബോർഡിന്റെ ഏതൊരു ഉത്തരവിലും ശരിയാക്കലിന്റെ നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കേണ്ടതും അങ്ങനെയുള്ള നോട്ടീസ് കിട്ടുന്നതിൻമേൽ അദ്ദേഹം രജിസ്റ്റർ അതിനനുസൃതമായി ശരിയാക്കേണ്ടതുമാണ്.

28. രജിസ്റ്ററിന്റെ തിരുത്തൽ.—രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകുന്ന അപേക്ഷയിൻമേൽ രജിസ്ട്രാർക്ക്,—

(ക) ഒരു ഭൂവിവരണ സൂചനയുടെ, അതതുസംഗതിപോലെ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്റെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ പേരിലോ വിലാസത്തിലോ വിവരണത്തിലോ അല്ലെങ്കിൽ ഭൂവിവരണ സൂചന സംബന്ധിച്ച് രജിസ്റ്ററിലെ മറ്റേതെങ്കിലും ഉൾക്കുറിപ്പിലോ ഏതെങ്കിലും തെറ്റുതിരുത്താവുന്നതും ;

(ഖ) ഒരു ഭൂവിവരണ സൂചനയുടെ ഉടമയായി രജിസ്റ്റർ ചെയ്യപ്പെട്ട, അതതുസംഗതിപോലെ, ആളുകളുടെയോ ഉൽപ്പാദകരുടെയോ സമാജത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സംഘടനയുടെയോ അധികാരസ്ഥാനത്തിന്റെയോ പേരിലോ, വിലാസത്തിലോ, വിവരണത്തിലോ ഉള്ള ഏത് മാറ്റവും രജിസ്റ്ററിൽ ചേർക്കാവുന്നതും ;

(ഗ) രജിസ്റ്ററിലെ ഒരു ഭൂവിവരണ സൂചനയുടെ ഉൾക്കുറിപ്പ് റദ്ദ് ചെയ്യാവുന്നതും ;

(ഘ) ഏത് സാധനങ്ങളെ സംബന്ധിച്ചാണോ, ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്, അവയിൽനിന്നും ഏതെങ്കിലും സാധനങ്ങളെയോ സാധനങ്ങളുടെ വിഭാഗത്തെയോ വിഭാഗങ്ങളെയോ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാവുന്നതും,

അനന്തരഫലമായുണ്ടാകുന്ന ഏതെങ്കിലും ഭേദഗതിയോ മാറ്റം വരുത്തലോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ചെയ്യാവുന്നതും ആ ആവശ്യത്തിനായി അദ്ദേഹത്തിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

29. രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനയുടെ മാറ്റംവരുത്തൽ.—(1) ഒരു ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്, ഭൂവിവരണ സൂചനയിൽ, അതിന്റെ തിരിച്ചറിയലിനെ സാരമായി ബാധിക്കാത്ത ഏതൊരു രീതിയിലും കൂട്ടിച്ചേർക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ ഉള്ള അനുമതിക്കായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതും രജിസ്ട്രാർക്ക് അനുമതി നിരസിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും അങ്ങനെയുള്ള പരിമിതികൾക്കും വിധേയമായും അത് അനുവദിക്കുകയോ ചെയ്യാവുന്നതുമാണ്.

(2) രജിസ്ട്രാർക്ക്, ഈ വകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ, ഏതെങ്കിലും സംഗതിയിൽ പരസ്യപ്പെടുത്തിക്കേണ്ടത് ഉചിതമെന്ന്, അദ്ദേഹം കാണുന്നിടത്ത്, നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്രകാരം ചെയ്യിക്കേണ്ടതും, അദ്ദേഹം അപ്രകാരം ചെയ്യുന്നിടത്ത്, പരസ്യ തീയതി മുതൽ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപേക്ഷയെ എതിർത്തുകൊണ്ട് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഏതെങ്കിലും ആൾ നോട്ടീസ് രജിസ്ട്രാർക്ക് നൽകുന്നപക്ഷം, രജിസ്ട്രാർ അപ്രകാരം ആവശ്യപ്പെട്ടെങ്കിൽ, കക്ഷികളെ കേട്ടതിനുശേഷം കാര്യം തീരുമാനിക്കേണ്ടതാണ്.

(3) ഈ വകുപ്പു പ്രകാരം അനുമതി നൽകുന്നിടത്ത് (2)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ പരസ്യപ്പെടുത്തപ്പെട്ടു കഴിഞ്ഞിട്ടില്ലാത്തപക്ഷം, മാറ്റം വരുത്തപ്പെട്ട പ്രകാരമുള്ള ഭൂവിവരണ സൂചന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പരസ്യപ്പെടുത്തേണ്ടതാണ്.

30. സാധനങ്ങളുടെ തരംതിരിക്കൽ ഭേദഗതി ചെയ്യുന്നതിനോ പകരം ചേർക്കുന്നതിനോ രജിസ്റ്ററിൽ ഉൾക്കുറിപ്പ് അനുയോജ്യമാക്കൽ.—(1) ഭേദഗതി വരുത്തുന്നതിനു തൊട്ടുമുമ്പ് ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ച് (ഒന്നോ അതിലധികമോ വിഭാഗങ്ങളിലാകട്ടെ) അവയിലേക്ക് ഏതെങ്കിലും സാധനങ്ങളെയോ സാധനങ്ങളുടെ വിഭാഗങ്ങളെയോ കൂട്ടിച്ചേർക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ച് ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന് മുൻ തീയതി നൽകുന്നതോ ആയ ഫലമുണ്ടാക്കുന്ന ഏതെങ്കിലും ഭേദഗതി രജിസ്ട്രാർ രജിസ്റ്ററിൽ വരുത്തുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പ്, അത് പാലിക്കുന്നതിൽ സങ്കീർണ്ണതയുളവാക്കുകയും കൂട്ടിച്ചേർക്കലോ മുൻ തീയതി നൽകലോ ഏതെങ്കിലും ഗണ്യമായ അളവിലുള്ള സാധനങ്ങളെ ബാധിക്കുകയില്ലെന്നും ഏതെങ്കിലും ആളിന്റെ അവകാശങ്ങൾക്ക് സാരമായി ദോഷം വരുത്തുകയില്ലെന്നും രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ബാധിക്കുന്നതല്ല.

(2) അപ്രകാരം, രജിസ്റ്റർ ഭേദഗതി ചെയ്യണമെന്ന ഒരു നിർദ്ദേശം ബാധിതമായ ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്റെയും അധികാരപ്പെടുത്തപ്പെട്ട ഓരോ ഉപയോക്താവിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തേണ്ടതും നിർദ്ദിഷ്ട ഭേദഗതി (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്നുവെന്ന കാരണത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും രജിസ്ട്രാറുടെ മുമ്പാകെ തർക്കം ഉന്നയിക്കാവുന്നതുമാണ്.

## അദ്ധ്യായം VII

## അപ്പലേറ്റ് ബോർഡിലേക്കുള്ള അപ്പീലുകൾ

31. അപ്പലേറ്റ് ബോർഡിലേക്കുള്ള അപ്പീലുകൾ.—(1) ഈ ആക്റ്റ് പ്രകാരമോ, അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, രജിസ്ട്രാറുടെ ഒരു ഉത്തരവിനാലോ തീരുമാനത്താലോ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അപ്പലേറ്റ് ബോർഡിലേക്ക് ഒരു അപ്പീൽ, ഏത് ഉത്തരവിനോ തീരുമാനത്തിനോ എതിരായാണോ അപ്പീൽ സമർപ്പിക്കുന്നത്, അത് അപ്പീൽ സമർപ്പിക്കുന്ന അങ്ങനെയുള്ള ആളിനെ അറിയിക്കുന്ന തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.

(2) യാതൊരു അപ്പീലും, അത് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവ് കഴിഞ്ഞതിന് ശേഷമാണ് സമർപ്പിച്ചിട്ടുള്ളതെങ്കിൽ സ്വീകരിക്കാൻ പാടുള്ളതല്ല:

എന്നാൽ, ഒരു അപ്പീൽ, അതിന് വിനിർദ്ദേശിച്ചിട്ടുള്ള കാലയളവ് കഴിഞ്ഞതിന് ശേഷവും, വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽവാദി അപ്പലേറ്റ് ബോർഡിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ, സ്വീകരിക്കാവുന്നതാണ്.

(3) അപ്പലേറ്റ് ബോർഡിലേക്കുള്ള ഒരു അപ്പീൽ നിർണ്ണയിക്കപ്പെട്ട രീതിയിലായിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരിശോധിച്ചിരിക്കേണ്ടതും ഏത് ഉത്തരവിനോ തീരുമാനത്തിനോ എതിരായാണോ അപ്പീൽ സമർപ്പിക്കുന്നത് അതിന്റെ ഒരു പകർപ്പും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസും സഹിതം ആയിരിക്കേണ്ടതുമാണ്.

32. കോടതികൾ മുതലായവയ്ക്കുള്ള അധികാരിതയ്ക്ക് തടസ്സം.—ഒരു കോടതിക്കോ അല്ലെങ്കിൽ മറ്റധികാരസ്ഥാനത്തിനോ 31-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് ഏതെങ്കിലും അധികാരിതയോ അധികാരമോ അധികാരശക്തിയോ ഉണ്ടായിരിക്കുന്നതോ വിനിയോഗിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതോ അല്ല.

33. അപ്പലേറ്റ് ബോർഡിന്റെ നടപടിക്രമം.—വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലെ 84-ാം വകുപ്പിലെ (2), (3), (4), (5), (6) എന്നീ ഉപവകുപ്പുകളിലെയും 87, 92, 95, 96 എന്നീ വകുപ്പുകളിലെയും വ്യവസ്ഥകൾ, അപ്പലേറ്റ് ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യാപാരമുദ്രകൾ ആക്റ്റ്, 1999 ബാധകമാകുന്നതുപോലെ ബാധകമാക്കുന്നതാണ്.

34. അപ്പലേറ്റ് ബോർഡ് മുമ്പാകെ, ശരിയാക്കലിനും മറ്റുമുള്ള അപേക്ഷയുടെ നടപടിക്രമം.—27-ാം വകുപ്പുപ്രകാരം രജിസ്റ്റർ ശരിയാക്കുന്നതിനുവേണ്ടി അപ്പലേറ്റ് ബോർഡിന് നൽകുന്ന ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമിശാസ്ത്രസൂചന സംബന്ധിച്ച് അപ്പലേറ്റ് ബോർഡിന്റെ ഓരോ ഉത്തരവിന്റെയും അല്ലെങ്കിൽ വിധിന്യായത്തിന്റെയും സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് അപ്പലേറ്റ് ബോർഡ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, രജിസ്ട്രാർ, ബോർഡിന്റെ ഉത്തരവിന് പ്രഭാവം നൽകേണ്ടതും അപ്രകാരം നിർദ്ദേശമുള്ളപ്പോൾ, അങ്ങനെയുള്ള ഉത്തരവിനനുസൃതമായി രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ ഭേദഗതി ചെയ്യുകയോ രജിസ്റ്റർ ശരിയാക്കുകയോ ചെയ്യേണ്ടതാണ്.

35. നിയമനടപടികളിൽ രജിസ്ട്രാർ ഹാജരാകൽ.—(1) രജിസ്ട്രാർക്ക്,—

(ക) അപ്പലേറ്റ് ബോർഡ് മുമ്പാകെ തേടിയിട്ടുള്ള ആശ്വാസത്തിൽ രജിസ്റ്ററിലെ വ്യത്യാസം വരുത്തലോ ശരിയാക്കലോ ഉൾപ്പെടുകയോ അല്ലെങ്കിൽ ഭൂവിവരണസൂചനാ രജിസ്റ്ററിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നം ഉന്നയിക്കപ്പെടുകയോ ചെയ്യുന്ന നിയമനടപടികളിലും;

(ഖ) ഒരു ഭൂവിവരണസൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൻമേൽ:—

(i) അത് എതിർക്കപ്പെടാതിരിക്കുകയും രജിസ്ട്രാർ അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭേദഗതികൾക്കോ മാറ്റം വരുത്തലുകൾക്കോ ഉപാധികൾക്കോ പരിമിതികൾക്കോ വിധേയമായി സ്വീകരിക്കുകയോ, അല്ലെങ്കിൽ

(ii) അത് എതിർക്കപ്പെട്ടിട്ടുണ്ടായിരിക്കുകയും പൊതുതാൽപ്പര്യത്തിന് രജിസ്ട്രാർക്ക് തന്റെ ഹാജരാകൽ ആവശ്യമെന്ന് തോന്നുകയോ, ചെയ്യുന്ന രജിസ്ട്രാറുടെ ഉത്തരവിൽ നിന്നും ബോർഡിലേക്കുള്ള ഏതെങ്കിലും അപ്പീലിലും,

ഹാജരാകുന്നതിനും കേൾക്കപ്പെടുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതും ബോർഡ് അപ്രകാരം നിർദ്ദേശിക്കുന്നപക്ഷം ഏതൊരു കേസിലും ഹാജരാകേണ്ടതുമാണ്.

(2) അപ്പലേറ്റ് ബോർഡ് മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, രജിസ്ട്രാർ ഹാജരാകുന്നതിന് പകരമായി, വിവാദവിഷയത്തെ സംബന്ധിച്ച് തന്റെ മുമ്പാകെയുള്ള നടപടികളെക്കുറിച്ചോ അതിനെ ബാധിക്കുന്ന ഏതൊരു തീരുമാനത്തിനുമുള്ള കാരണങ്ങളെയോ അല്ലെങ്കിൽ അതുപോലുള്ള സംഗതികളിൽ ഭൂവിവരണസൂചന രജിസ്റ്ററിയുടെ പ്രവർത്തനത്തെയോ, അല്ലെങ്കിൽ വിവാദ വിഷയങ്ങളുമായി പ്രസക്തിയുള്ളതും രജിസ്ട്രാർ എന്ന നിലയിൽ തന്റെ അറിവിൽപ്പെട്ടതുമായ മറ്റു സംഗതികളെയോ, കുറിച്ച് തനിക്ക് ശരിയെന്ന് തോന്നുന്ന അങ്ങനെയുള്ള വിവരങ്ങൾ നൽകുന്ന ഒരു ലിഖിത പ്രസ്താവന ഒപ്പിട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള പ്രസ്താവന നടപടികളിൽ തെളിവായിരിക്കുന്നതുമാണ്.

36. അപ്പലേറ്റ് ബോർഡ് മുമ്പാകെയുള്ള നടപടികളിൽ രജിസ്ട്രാറുടെ ചെലവുകൾ.—അപ്പലേറ്റ് ബോർഡ് മുമ്പാകെ ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ നടപടികളിലും രജിസ്ട്രാറുടെ ചെലവുകൾ ബോർഡിന്റെ വിവേചനത്തിലായിരിക്കുന്നതും, എന്നാൽ ഏതെങ്കിലും കക്ഷികളുടെ ചെലവ് രജിസ്ട്രാർ നൽകണമെന്ന് ഉത്തരവാകാൻ പാടുള്ളതല്ല.

## അദ്ധ്യായം VIII

## കുറ്റങ്ങളും ശിക്ഷകളും നടപടിക്രമവും

37. ഭൂമിശാസ്ത്രസൂചനകൾ പ്രയോഗിക്കുന്നതിന്റെ അർത്ഥം.—(1) ഒരാൾ, ഒരു ഭൂവിവരണസൂചന—

(ക) അത് സാധനങ്ങളിൽത്തന്നെ പ്രയോഗിക്കുകയും; അല്ലെങ്കിൽ

(ഖ) അത് വിൽക്കപ്പെട്ടതോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കപ്പെട്ടതോ അല്ലെങ്കിൽ വിൽപ്പനയുടെയോ വ്യാപാരത്തിന്റെയോ നിർമ്മാണത്തിന്റെയോ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി കൈവശം ഉണ്ടായിരുന്നതോ ആയ സാധനങ്ങളുടെ ഏതെങ്കിലും പാക്കേജിലോ, അതോടൊപ്പമോ പ്രയോഗിക്കുകയും; അല്ലെങ്കിൽ

(ഗ) വിൽക്കപ്പെട്ടതോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കപ്പെട്ടതോ അല്ലെങ്കിൽ വിൽപ്പനയുടെയോ വ്യാപാരത്തിന്റെയോ നിർമ്മാണത്തിന്റെയോ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി കൈവശമുണ്ടായിരുന്നതോ ആയ ഏതെങ്കിലും സാധനങ്ങൾ ഒരു ഭൂവിവരണ സൂചന പ്രയോഗിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പാക്കേജിലോ മറ്റു പദാർത്ഥത്തിലോ അല്ലെങ്കിൽ അവയോടൊപ്പമോ വയ്ക്കുകയും ഉള്ളടക്കം ചെയ്യുകയും അല്ലെങ്കിൽ അനുബന്ധിക്കുകയും; അല്ലെങ്കിൽ

(ഘ) ഭൂവിവരണ സൂചന ഉപയോഗിക്കപ്പെട്ടതു സംബന്ധിച്ച് സാധനങ്ങൾ ആ ഭൂവിവരണ സൂചനയാൽ നാമകരണം ചെയ്യപ്പെട്ടതോ വിവരിക്കപ്പെട്ടതോ ആയി ന്യായമായുള്ള വിശ്വാസത്തിലേക്ക് എത്തിക്കുന്നതിന് ഇടയാക്കുന്ന ഏതെങ്കിലും രീതിയിൽ ഒരു ഭൂവിവരണ സൂചന ഉപയോഗിക്കുകയും; അല്ലെങ്കിൽ

(ങ) സാധനങ്ങളെ സംബന്ധിച്ച ഭൂവിവരണ സൂചന ഏതെങ്കിലും അടയാളത്തിലോ, പരസ്യത്തിലോ, ഇൻവോയ്സിലോ, കാറ്റലോഗിലോ, ബിസിനസ് കത്തിലോ, ബിസിനസ് പേപ്പറിലോ, വിലവിവരപ്പട്ടികയിലോ അല്ലെങ്കിൽ മറ്റു വാണിജ്യ പ്രമാണങ്ങളിലോ ഉപയോഗിക്കുകയും അങ്ങനെ ഉപയോഗിച്ച പ്രകാരമുള്ള ഭൂവിവരണ സൂചനകൾ പരാമർശിച്ചുകൊണ്ട് നടത്തിയ അഭ്യർത്ഥനയ്ക്കോ, ഓർഡറിനോ അനുസൃതമായി ഒരാൾക്ക് സാധനങ്ങൾ വിതരണം ചെയ്യപ്പെടുകയും,

ചെയ്താൽ, അയാൾ സാധനങ്ങൾക്ക് അത് പ്രയോഗിക്കുന്നതായി കരുതപ്പെടുന്നതാണ്.

(2) ഒരു ഭൂവിവരണ സൂചന, സാധനങ്ങളിലോ, ഏതെങ്കിലും പാക്കേജിലോ, മറ്റു പദാർത്ഥത്തിലോ തുന്നിച്ചേർത്തതോ, പതിച്ചതോ, മറ്റുവിധത്തിൽ ചെയ്തുവച്ചതോ, അനുബന്ധിച്ചതോ, ഒട്ടിച്ചതോ ആയാലും, അത് സാധനങ്ങൾക്ക് പ്രയോഗിച്ചതായി കരുതപ്പെടുന്നതാണ്.

38. ഭൂവിവരണ സൂചനകൾ വ്യാജമാക്കലും, തെറ്റായി പ്രയോഗിക്കലും.—(1) ഒരാൾ, ഒരു ഭൂവിവരണ സൂചന,—

(ക) ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെ അനുമതി കൂടാതെ ആ ഭൂവിവരണ സൂചനയോട് കബളിക്കപ്പെടുന്ന സാമ്യമുള്ള ഭൂവിവരണ സൂചന ഉണ്ടാക്കുകയോ; അല്ലെങ്കിൽ

(ഖ) വാസ്തവത്തിലുള്ള ഏതെങ്കിലും ഭൂവിവരണ സൂചന, വ്യത്യാസം വരുത്തിക്കൊണ്ടോ, കൂട്ടിച്ചേർത്തുകൊണ്ടോ, മായ്ച്ചുകളഞ്ഞുകൊണ്ടോ അല്ലെങ്കിൽ മറ്റുവിധത്തിലോ വ്യാജമാക്കുകയോ,

ചെയ്താൽ, അയാൾ അത് വ്യാജമാക്കിയതായി കരുതപ്പെടുന്നതാണ്.

(2) ഒരാൾ, ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെ അനുമതി കൂടാതെ,—

(ക) അങ്ങനെയുള്ള ഭൂവിവരണ സൂചനയോ അല്ലെങ്കിൽ കബളിപ്പിക്കപ്പെടുന്ന സാമ്യമുള്ള ഒരു ഭൂവിവരണ സൂചനയോ സാധനങ്ങൾക്കോ, സാധനങ്ങൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പാക്കേജിലോ വ്യാജമായി പ്രയോഗിക്കുക;

(ഖ) അങ്ങനെയുള്ള അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെ ഭൂവിവരണ സൂചനയോട് സമാനതയോ കബളിക്കപ്പെടുന്ന സാമ്യമോ ഉള്ള ഒരു ഭൂവിവരണ സൂചനയോടുകൂടിയ ഏതെങ്കിലും പാക്കേജ്, ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെ വാസ്തവത്തിലുള്ള

സാധനങ്ങളല്ലാത്ത ഏതെങ്കിലും സാധനങ്ങൾ അതിൽ പായ്ക്കുചെയ്യുന്നതിനോ, നിറയ്ക്കുന്നതിനോ, പൊതിയുന്നതിനോ ഉള്ള ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുക,

എന്നിവ ചെയ്താൽ, ആ ആൾ ഒരു ഭൂവിവരണ സൂചന സാധനങ്ങൾക്ക് വ്യാജമായി പ്രയോഗിച്ചതായി കരുതപ്പെടുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചതുപോലെ വ്യാജമാക്കിയതോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചതുപോലെ വ്യാജമായി പ്രയോഗിച്ചതോ ആയ ഏതൊരു ഭൂവിവരണ സൂചനയും ഈ ആക്റ്റിൽ ഒരു വ്യാജ ഭൂവിവരണ സൂചനയായി പരാമർശിക്കപ്പെടുന്നു.

(4) ഒരു ഭൂവിവരണ സൂചന വ്യാജമാക്കിയതിനോ അല്ലെങ്കിൽ സാധനങ്ങൾക്ക് ഒരു ഭൂവിവരണ സൂചന വ്യാജമായി പ്രയോഗിച്ചതിനോ ഉള്ള ഏതെങ്കിലും പ്രോസിക്യൂഷനിൽ ഉടമസ്ഥന്റെ അനുമതി തെളിയിക്കുന്നതിനുള്ള ബാദ്ധ്യത പ്രതിക്ക് ആയിരിക്കുന്നതാണ്.

39. വ്യാജ ഭൂവിവരണ സൂചനകൾ പ്രയോഗിച്ചാലുള്ള ശിക്ഷ.—ഏതൊരാളും, അയാൾ,—

(ക) ഏതെങ്കിലും ഭൂവിവരണ സൂചന വ്യാജമാക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ഭൂവിവരണ സൂചന സാധനങ്ങൾക്ക് വ്യാജമായി പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ഗ) ഒരു ഭൂവിവരണ സൂചന വ്യാജമാക്കലിലോ അല്ലെങ്കിൽ വ്യാജമാക്കലിനുവേണ്ടി ഉപയോഗിച്ചുപോരുന്നതിനോ ഉള്ള ആവശ്യത്തിലേക്ക് ഏതെങ്കിലും അച്ചോ ബ്ലോക്കോ മെഷീനോ പ്ലേറ്റോ അല്ലെങ്കിൽ മറ്റ് ഉപകരണമോ ഉണ്ടാക്കുകയോ വ്യയനം ചെയ്യുകയോ തന്റെ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും സാധനങ്ങളിൽ, അവ ഉണ്ടാക്കപ്പെട്ട അല്ലെങ്കിൽ ഉൽപ്പാദിപ്പിക്കപ്പെട്ട രാജ്യത്തിന്റെയോ, സ്ഥലത്തിന്റെയോ അല്ലെങ്കിൽ നിർമ്മാതാവിന്റെയോ അല്ലെങ്കിൽ സാധനങ്ങൾ നിർമ്മിച്ചിട്ടുള്ളത് ആർക്കുവേണ്ടിയാണോ, ആ ആളിന്റെയോ പേരും വിലാസവും സംബന്ധിച്ച് 71-ാം വകുപ്പുപ്രകാരം സൂചന പ്രയോഗിക്കേണ്ടത് ആവശ്യമായിട്ടുള്ള രാജ്യത്തിന്റെയോ സ്ഥലത്തിന്റെയോ പേരിന്റെയോ വിലാസത്തിന്റെയോ വ്യാജസൂചന പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ങ) 71-ാം വകുപ്പുപ്രകാരം സൂചന പ്രയോഗിക്കേണ്ടത് ആവശ്യമായിട്ടുള്ള സാധനങ്ങൾക്ക് പ്രയോഗിക്കപ്പെട്ടിട്ടുള്ള ഒരു ഉൽപ്പത്തി സൂചന കൃത്രിമമാക്കുകയോ വ്യത്യാസപ്പെടുത്തുകയോ മായ്ക്കുകയോ; അല്ലെങ്കിൽ

(ച) ഈ വകുപ്പിലെ മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ ഏതെങ്കിലും ചെയ്യിക്കുന്നതിന് ഇടയാക്കുകയോ

ചെയ്താൽ, താൻ പ്രവർത്തിച്ചത് വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെന്ന് അയാൾ തെളിയിക്കാത്ത പക്ഷം, ആറ് മാസത്തിൽ കുറയാത്തതും എന്നാൽ മൂന്നു വർഷംവരെയാകാവുന്നതുമായ കാലത്തേക്കുള്ള തടവിനും, അൻപതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ സൂചിപ്പിക്കേണ്ട മതിയായതും പ്രത്യേകിച്ചും ഉള്ള കാരണങ്ങൾ കൊണ്ടോ ആറു മാസത്തിൽ കുറഞ്ഞ കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ അൻപതിനായിരം രൂപയിൽ കുറഞ്ഞ പിഴയ്ക്കോ, ശിക്ഷ ചുമത്താവുന്നതാണ്.

40. വ്യാജഭൂവിവരണ സൂചന പ്രയോഗിക്കപ്പെട്ട സാധനങ്ങൾ വിൽക്കുന്നതിനുള്ള ശിക്ഷ.— ഏതെങ്കിലും വ്യാജ ഭൂവിവരണ സൂചന പ്രയോഗിക്കപ്പെട്ടതോ അല്ലെങ്കിൽ ഉണ്ടാക്കപ്പെട്ടതോ ഉൽപ്പാദിപ്പിക്കപ്പെട്ടതോ ആയ രാജ്യത്തിന്റെയോ, സ്ഥലത്തിന്റെയോ അല്ലെങ്കിൽ നിർമ്മാതാവിന്റെയോ അല്ലെങ്കിൽ സാധനങ്ങൾ നിർമ്മിച്ചിട്ടുള്ളത് ആർക്കുവേണ്ടിയാണോ ആ ആളിന്റെയോ പേരും, വിലാസവും സംബന്ധിച്ച് 71-ാം വകുപ്പു പ്രകാരം പ്രയോഗിക്കേണ്ടതാവശ്യമായിട്ടുള്ള ഒരു സൂചന അപ്രകാരം ആവശ്യമുള്ള സൂചനകൾ ഇല്ലാതെയോ സാധനങ്ങളോ പദാർത്ഥങ്ങളോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുകയോ വാടകയ്ക്കെടുക്കുകയോ വിൽപ്പനയ്ക്കായി കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും,—

(ക) ഈ വകുപ്പുപ്രകാരമുള്ള ഒരു കുറ്റം ചെയ്യുന്നതിനെതിരെ ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടെന്നിരിക്കെ, ആരോപിക്കപ്പെട്ട കുറ്റം ചെയ്യുന്ന സമയത്ത് അയാൾക്ക് ആ ഭൂവിവരണ സൂചനയുടെ സത്യാവസ്ഥയെക്കുറിച്ചോ അല്ലെങ്കിൽ ആ സാധനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും കുറ്റം ചെയ്തതായിട്ടോ സംശയിക്കുന്നതിന് ഒരു കാരണവും ഉണ്ടായിരുന്നില്ലെന്നോ; അല്ലെങ്കിൽ

(ഖ) പ്രോസിക്യൂട്ടറോ അല്ലെങ്കിൽ പ്രോസിക്യൂട്ടർക്ക് വേണ്ടിയോ ആവശ്യപ്പെട്ടതിൻമേൽ ആരിൽ നിന്നാണോ അയാൾ അങ്ങനെയുള്ള സാധനങ്ങളോ പദാർത്ഥങ്ങളോ നേടിയത് എന്നുള്ളത് സംബന്ധിച്ച് അയാളുടെ അധീനതയിലുള്ള എല്ലാ വിവരങ്ങളും അയാൾ നൽകി എന്നോ; അല്ലെങ്കിൽ

(ഗ) മറ്റു വിധത്തിൽ അയാൾ നിരപരാധിത്തത്തോടെ പ്രവർത്തിച്ചിട്ടുണ്ടായിരുന്നുവെന്നോ, അയാൾ തെളിയിക്കാത്തപക്ഷം ആറുമാസത്തിൽ കുറയാത്തതും എന്നാൽ മൂന്നുവർഷം വരെയാകാവുന്നതുമായ ഒരു കാലത്തേക്കുള്ള തടവിനും അൻപതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ രണ്ടുലക്ഷം രൂപവരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ സൂചിപ്പിക്കേണ്ട മതിയായതും, പ്രത്യേകിച്ചും ഉള്ള കാരണങ്ങൾകൊണ്ട് ആറുമാസത്തിൽ കുറഞ്ഞ കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ അൻപതിനായിരം രൂപയിൽ കുറഞ്ഞതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്.

41. രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റസ്ഥാപനത്തിൻമേൽ വർദ്ധിച്ച ശിക്ഷ.—39-ാം വകുപ്പോ 40-ാം വകുപ്പോ പ്രകാരം ഒരു കുറ്റത്തിന് കുറ്റസ്ഥാപനം നേരത്തെ ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കെ, അങ്ങനെയുള്ള ഏതെങ്കിലും കുറ്റത്തിന് വീണ്ടും കുറ്റസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും രണ്ടാമത്തേതിനും തുടർന്നുള്ള ഓരോ കുറ്റത്തിനും ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ മൂന്നുവർഷം വരെയാകാവുന്നതുമായ കാലത്തേക്കുള്ള തടവിനും ഒരു ലക്ഷം രൂപയിൽ കുറയാത്തതും എന്നാൽ രണ്ട് ലക്ഷം രൂപവരെയാകാവുന്നതും ആയ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ സൂചിപ്പിക്കേണ്ട മതിയായതും പ്രത്യേകമായതും ആയ കാരണങ്ങളാൽ ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയിൽ കുറഞ്ഞ പിഴയ്ക്കോ ശിക്ഷ ചുമത്താവുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് എടുത്ത യാതൊരു കുറ്റസ്ഥാപനവും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

42. ഒരു ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് വ്യാജമായി പ്രതിനിധാനം ചെയ്യുന്നതിനുള്ള ശിക്ഷ.—(1) യാതൊരാളും,—

(ക) ഒരു ഭൂവിവരണ സൂചന സംബന്ധിച്ച്, ആ ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്തതല്ലാത്തതാണെന്നിരിക്കെ, അത് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയാണെന്ന പ്രഭാവം നൽകുന്നതിന്; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചന യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന പ്രഭാവം നൽകുന്നതിന്; അല്ലെങ്കിൽ

(ഗ) ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ, രജിസ്റ്ററിൽ ചേർത്തിട്ടുള്ള പരിമിതികൾ പരിഗണിക്കുമ്പോൾ രജിസ്ട്രേഷൻ യഥാർത്ഥത്തിൽ അപ്രകാരമുള്ള അവകാശം നൽകുന്നില്ലെങ്കിൽക്കൂടി ഏതൊരു സാഹചര്യത്തിലും ആ ഭൂവിവരണ സൂചനയുടെ ഉപയോഗത്തിന് പരിപൂർണ്ണാവകാശം തരുന്നുവെന്ന പ്രഭാവം നൽകുന്നതിന്,

പ്രതിനിധാനം ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിക്കുന്നപക്ഷം, അയാൾ മൂന്നുവർഷംവരെയാകാവുന്ന കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ, അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, ഒരു ഭൂവിവരണ സൂചന സംബന്ധിച്ച് രജിസ്ട്രേഷനെ പ്രകടമായോ വ്യംഗ്യമായോ പരാമർശിക്കുന്ന 'രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചന' എന്ന വാക്കുകളുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും പദപ്രയോഗത്തിന്റെയോ അല്ലെങ്കിൽ 'ആർ. ജി. ഐ.' പോലുള്ള അടയാളത്തിന്റെയോ, ചിഹ്നത്തിന്റെയോ ഭാരതത്തിലെ ഉപയോഗം, താഴെ പറയുന്നവയ്ക്കൊഴികെ, രജിസ്റ്ററിൽ രജിസ്ട്രേഷനുള്ള ഒരു പരാമർശമെന്ന അർത്ഥം വരുന്നതായി കരുതപ്പെടേണ്ടതാണ്.

(ക) ഏതിലാണോ ആ വാക്കോ മറ്റ് പദപ്രയോഗമോ അടയാളമോ, ചിഹ്നമോ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളത്, ഏറ്റവും കുറഞ്ഞത് അതിന്റെയത്രയെങ്കിലും വലിപ്പത്തിൽ സവിശേഷതകൾ, മറ്റു വാക്കുകളുമായി നേരിട്ട് ബന്ധപ്പെടുത്തി ഉപയോഗിക്കപ്പെടുന്ന വാക്കിലോ മറ്റ് പദപ്രയോഗത്തിലോ അടയാളത്തിലോ ചിഹ്നത്തിലോ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളിടത്തും പരാമർശിക്കപ്പെട്ട രജിസ്ട്രേഷൻ

ഏത് രാജ്യത്തെ നിയമ പ്രകാരമാണോ യഥാർത്ഥത്തിൽ പ്രാബല്യത്തിലുള്ളത് ഭാരതത്തിന് വെളിയിലുള്ള അങ്ങനെയുള്ള രാജ്യത്തെ നിയമപ്രകാരമുള്ള രജിസ്ട്രേഷനെ സംബന്ധിച്ച പരാമർശം ഭൂവിവരണ സൂചനയെ സംബന്ധിച്ചതാണെന്ന് സൂചിപ്പിക്കുന്നിടത്തും; അല്ലെങ്കിൽ

(ഖ) ആ മറ്റു പദപ്രയോഗമോ അടയാളമോ ചിഹ്നമോ തന്നെ (ക) ഖണ്ഡത്തിൽ പറഞ്ഞതു പോലെ അപ്രകാരമുള്ള രജിസ്ട്രേഷനുള്ള പരാമർശമെന്ന് സൂചിപ്പിക്കുന്നവിധത്തിലാകുന്നിടത്തും; അല്ലെങ്കിൽ

(ഗ) ഭാരതത്തിന് പുറത്തുള്ള ഒരു രാജ്യത്തെ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയുമായി ബന്ധപ്പെട്ടും ആ രാജ്യത്തെ ഉപയോഗത്തിനുവേണ്ടി ആ രാജ്യത്തേക്ക് കയറ്റുമതി ചെയ്യേണ്ട സാധനങ്ങൾക്കു മാത്രമായി ബന്ധപ്പെട്ടും ആ വാക്ക് ഉപയോഗിക്കുന്നിടത്തും.

43. ഒരു ബിസിനസ് സ്ഥലത്തിന് ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുമായി ബന്ധമുണ്ടെന്ന് ശരിയല്ലാത്തവിധം വിവരിക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ, അയാളുടെ ബിസിനസ് സ്ഥലത്തോ അല്ലെങ്കിൽ അയാൾ നൽകിയ ഏതെങ്കിലും രേഖയിലോ അല്ലെങ്കിൽ മറ്റുവിധത്തിലോ അയാളുടെ ബിസിനസ് സ്ഥലം ഭൂവിവരണ സൂചനകൾ രജിസ്റ്ററി ആണെന്നോ അല്ലെങ്കിൽ ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുമായി ഔദ്യോഗിക ബന്ധമുണ്ടെന്നോ തോന്നത്തക്ക രീതിയിൽ വാക്കുകൾ ഉപയോഗിക്കുന്നപക്ഷം, അയാൾ രണ്ടുവർഷംവരെ ആകാവുന്ന കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

44. രജിസ്റ്ററിൽ ഉൾക്കുറിപ്പുകളുടെ വ്യാജീകരണത്തിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ, രജിസ്റ്ററിൽ ഒരു വ്യാജ ഉൾക്കുറിപ്പോ രജിസ്റ്ററിലെ ഒരു ഉൾക്കുറിപ്പിന്റെ ഒരു പകർപ്പാണെന്ന് കരുതാവുന്ന ഒരു വ്യാജ ലിഖിതമോ ഉണ്ടാക്കുകയോ ഉണ്ടാക്കിക്കുകയോ അല്ലെങ്കിൽ ഉൾക്കുറിപ്പോ ലിഖിതമോ വ്യാജമാണെന്നറിഞ്ഞുകൊണ്ട് ഏതെങ്കിലും അങ്ങനെയുള്ള ലിഖിതം തെളിവായി ഹാജരാക്കുകയോ നൽകുകയോ അല്ലെങ്കിൽ ഹാജരാക്കുന്നതിനോ നൽകുന്നതിനോ കാരണമാകുകയോ ചെയ്യുന്നപക്ഷം അയാൾ, രണ്ടുവർഷം വരെ ആകാവുന്ന കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

45. ചില സംഗതികളിൽ കുറ്റമല്ലെന്ന്.—രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയെയോ അങ്ങനെയുള്ള ഭൂവിവരണ സൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെയോ സംബന്ധിച്ച് 39, 40, 41 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ഈ ആക്റ്റിനാൽ ഉണ്ടാക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ അവകാശങ്ങൾക്ക് വിധേയമായിരിക്കുന്നതും, യാതൊരു പ്രവർത്തിയോ വീഴ്ചയോ മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരം,—

(ക) ആരോപിക്കപ്പെട്ട കുറ്റം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയെ സംബന്ധിക്കുന്നതും ഈ ആക്റ്റ് പ്രകാരം ആ പ്രവൃത്തിയോ വീഴ്ചയോ അനുവദിക്കപ്പെട്ടതും, ആണെങ്കിൽ;

(ഖ) ആരോപിക്കപ്പെട്ട കുറ്റം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയെ സംബന്ധിക്കുന്നതും ആ പ്രവർത്തിയോ വീഴ്ചയോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം അനുവദിക്കപ്പെട്ടതും; ആണെങ്കിൽ,—

ഒരു കുറ്റമായി കരുതപ്പെടേണ്ടതല്ല.

46. സാധനങ്ങൾ കണ്ടുകെട്ടൽ.—(1) ഒരാൾ, 39-ാം വകുപ്പോ 40-ാം വകുപ്പോ 41-ാം വകുപ്പോ പ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ 39-ാം വകുപ്പോ 40-ാം വകുപ്പോ പ്രകാരമുള്ള ഒരു കുറ്റത്തിന് അയാൾ പ്രവർത്തിച്ചത് വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെയല്ലാതെയാണെന്നുള്ള തെളിവിന്മേലോ അല്ലെങ്കിൽ 40-ാം വകുപ്പുപ്രകാരം, ആ വകുപ്പിന്റെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ചിട്ടുള്ള സംഗതികളുടെ തെളിവിന്മേലോ, കുറ്റ വിമുക്തനാക്കപ്പെടുകയോ ചെയ്യുന്നപക്ഷം, അയാളെ കുറ്റസ്ഥാപനം ചെയ്യുകയോ, കുറ്റവിമുക്തനാക്കുകയോ ചെയ്യുന്ന കോടതിക്ക്, ചെയ്യപ്പെട്ടിട്ടുള്ളതോ മേൽപ്പറഞ്ഞപോലെ അങ്ങനെയുള്ള തെളിവില്ലായിരുന്നെങ്കിലും ചെയ്യപ്പെട്ടേക്കുമായിരുന്നതോ ആയ കുറ്റത്തിന് ഉപയോഗിച്ചതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ സാധനങ്ങളും പദാർത്ഥങ്ങളും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(2) ഒരു കുറ്റസ്ഥാപനത്തിൻമേൽ കണ്ടുകെട്ടലിന് നിർദ്ദേശിക്കപ്പെടുകയും ആ കുറ്റസ്ഥാപനത്തിനെതിരെ ഒരു അപ്പീൽ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, ആ കണ്ടുകെട്ടലിനെതിരെകൂടി ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(3) കുറ്റവിമുക്തിയിന്മേൽ ഒരു കണ്ടുകെട്ടലിന് നിർദ്ദേശിക്കപ്പെടുകയും ആ നിർദ്ദേശവുമായി ബന്ധപ്പെട്ട സാധനങ്ങളുടെയോ പദാർത്ഥങ്ങളുടെയോ വില അൻപത് രൂപയിൽ കവിയുകയും ചെയ്യു മ്പോൾ, കണ്ടുകെട്ടലിനെതിരെ ഒരു അപ്പീൽ, ആ നിർദ്ദേശത്തിന്റെ തീയതി മുതൽ മുപ്പതു ദിവസത്തി നുള്ളിൽ കണ്ടുകെട്ടലിന് നിർദ്ദേശിച്ച കോടതിയുടെ വിധികളിൽനിന്ന് അപ്പീലുള്ള കേസുകളിൽ അപ്പീൽ ഉണ്ടായിരിക്കുന്നത് ഏത് കോടതിയിലാണോ ആ കോടതി മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ഒരു കുറ്റസ്ഥാപനത്തിൻമേൽ ഒരു കണ്ടുകെട്ടലിന് നിർദ്ദേശിക്കപ്പെടുമ്പോൾ, ഏതു കോടതിമുൻപാകെ ആണോ അയാൾ കുറ്റസ്ഥാപനം ചെയ്യപ്പെട്ടത് ആ കോടതിക്ക് അതിന് യുക്തമെന്ന് തോന്നുന്നതുപോലെ കണ്ടുകെട്ടിയ ഏതെങ്കിലും സാധനങ്ങൾ നശിപ്പിക്കുന്നതിനോ അല്ലെങ്കിൽ മറ്റുവിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

47. ബിസിനസിന്റെ സാധാരണഗതിയിൽ നിയോഗിക്കപ്പെട്ട ചില ആളുകളെ ഒഴിവാക്കൽ.—39-ാം വകുപ്പു പ്രകാരമുള്ള ഒരു കുറ്റത്തിന് കുറ്റാരോപണം ചെയ്യപ്പെട്ട ഒരു ആൾ,—

(ക) അയാളുടെ ബിസിനസിന്റെ സാധാരണഗതിയിൽ, ഭൂവിവരണ സൂചനകൾ പ്രയോഗിക്കു ന്നതിനോ അല്ലെങ്കിൽ അതതുസംഗതിപോലെ, ഭൂവിവരണ സൂചനകൾ ഉണ്ടാക്കുന്നതിനോ അല്ലെങ്കിൽ ഉണ്ടാക്കുന്നതിനായി ഉപയോഗിച്ചുപോരുന്നതിനോ വേണ്ടി അച്ചുകളോ ബ്ലോക്കുകളോ മെഷീനുകളോ പ്ലേറ്റുകളോ അല്ലെങ്കിൽ മറ്റ് ഉപകരണങ്ങളോ ഉണ്ടാക്കുന്നതിന് മറ്റ് ആളുകൾക്കുവേണ്ടിയാണ് അയാൾ നിയോഗിക്കപ്പെട്ടതെന്നും;

(ഖ) അയാൾ അപ്രകാരം നിയോഗിക്കപ്പെട്ട ചാർജ് വിഷയമാകുന്ന കേസിൽ അങ്ങനെയുള്ള സാധനങ്ങളുടെ വില്പനയാലുള്ള ലാഭമോ കമ്മീഷനോ വഴി, സാധനങ്ങളിലോ പദാർത്ഥങ്ങളിലോ താൽപ്പര്യമില്ലാതിരുന്നെന്നും;

(ഗ) ചാർജ് ചെയ്യപ്പെട്ട കുറ്റം ചെയ്യുന്നതിനെതിരെ ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടായിരിക്കെ, ആരോപിക്കപ്പെട്ട കുറ്റം ചെയ്ത സമയത്ത് ആ ഭൂവിവരണ സൂചനയുടെ സത്യാവസ്ഥയെക്കുറിച്ച് സംശയിക്കുന്നതിന് യാതൊരു കാരണവും അയാൾക്ക് ഉണ്ടായിട്ടില്ലെന്നും;

(ഘ) പ്രോസിക്യൂട്ടറോ അല്ലെങ്കിൽ പ്രോസിക്യൂട്ടർക്കുവേണ്ടിയോ നടത്തുന്ന അഭ്യർത്ഥന യിൻമേൽ, ആർക്കുവേണ്ടിയാണോ ആ ഭൂവിവരണ സൂചന പ്രയോഗിക്കപ്പെട്ടത് അയാളെക്കുറിച്ച് തന്റെ അധീനതയിലുള്ള എല്ലാ വിവരങ്ങളും നൽകിയെന്നും,

തെളിയിക്കുന്നപക്ഷം, അയാളെ കുറ്റവിമുക്തനാക്കേണ്ടതാണ്.

48. രജിസ്ട്രേഷന്റെ അസാധുതയെക്കുറിച്ച് കുറ്റാരോപണം ചെയ്യപ്പെട്ട ആൾ വാദിക്കുമ്പോഴുള്ള നടപടിക്രമം.—(1) 39-ാം വകുപ്പോ 40-ാം വകുപ്പോ 41-ാം വകുപ്പോ പ്രകാരം ചാർജ്ജ് ചെയ്യപ്പെട്ട കുറ്റം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയെ സംബന്ധിച്ചുള്ളതും, ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ അസാധുവാണെന്ന് കുറ്റാരോപണം ചെയ്യപ്പെട്ട ആൾ വാദിക്കുകയും ചെയ്യുമ്പോൾ താഴെ പറയുന്ന നടപടിക്രമം അനുസരിക്കേണ്ടതാണ്—

(ക) കോടതിക്ക് അങ്ങനെയുള്ള എതിർവാദം പ്രഥമദൃഷ്ട്യാ നിലനിൽക്കത്തക്കതാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അത് ആ ചാർജ്ജുമായി മുന്നോട്ടുനീങ്ങരുതാത്തതും എന്നാൽ, ഈ ആക്റ്റുപ്രകാരം അപ്പലേറ്റ് ബോർഡ് മുമ്പാകെ രജിസ്ട്രേഷൻ അസാധുവാണെന്ന കാരണത്തിൻമേൽ രജിസ്റ്ററിന്റെ ശരിയാക്കലിനുവേണ്ടി കുറ്റാരോപണം ചെയ്യപ്പെട്ട ആൾ ഒരപേക്ഷ ഫയൽ ചെയ്യുന്നതിന് സാദ്ധ്യമാക്കുന്നതിനായി കുറ്റാരോപണം ചെയ്യപ്പെട്ട ആളിന്റെ വാദം രേഖപ്പെടുത്തിയ തീയതി മുതൽ മൂന്നു മാസത്തേക്ക് നടപടികൾ നീട്ടിവയ്ക്കേണ്ടതുമാണ്;

(ഖ) കുറ്റാരോപണം ചെയ്യപ്പെട്ട ആൾ അങ്ങനെയുള്ള അപേക്ഷ പ്രകാരം പരിമിതപ്പെടു ത്തിയ സമയത്തിനുള്ളിലോ അല്ലെങ്കിൽ മതിയായ കാരണത്തിൻമേൽ കോടതി അനുവദിക്കാവുന്ന അങ്ങനെയുള്ള അധികസമയത്തിനുള്ളിലോ നൽകിയിട്ടുണ്ടെന്ന് അയാൾ കോടതിയിൽ തെളിയിക്കുക യാണെങ്കിൽ അങ്ങനെയുള്ള തിരുത്തലിനുവേണ്ടിയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെ പ്രോസിക്യൂഷനിലെ തുടർനടപടികൾ നിറുത്തിവയ്ക്കേണ്ടതാണ്;

(ഗ) മൂന്നുമാസത്തിനുള്ളിലോ അല്ലെങ്കിൽ കോടതി അനുവദിക്കാവുന്ന അങ്ങനെയുള്ള നീട്ടിയ സമയത്തിനുള്ളിലോ രജിസ്റ്ററിന്റെ ശരിയാക്കലിനുവേണ്ടി അപ്പലേറ്റ് ബോർഡ് മുൻപാകെ അപേക്ഷിക്കുന്നതിൽ കുറ്റാരോപണം ചെയ്യപ്പെട്ട ആൾ വീഴ്ച വരുത്തുകയാണെങ്കിൽ, രജിസ്ട്രേഷൻ സാധുവായിരുന്നുവെങ്കിലെന്നപോലെ കോടതി നടപടി തുടരേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു കുറ്റത്തിനുള്ള ഒരു പരാതി ബോധിപ്പിക്കുന്നതിനുമുൻപ്, പ്രശ്നവിഷയമായ ഭൂവിവരണ സൂചനയെ സംബന്ധിച്ച്, അതിന്റെ രജിസ്ട്രേഷന്റെ അസാധുതയുടെ കാരണത്തിൻമേൽ രജിസ്റ്ററിന്റെ ശരിയാക്കലിനുവേണ്ടി ഏതെങ്കിലും അപേക്ഷ ശരിയായവിധം നൽകിക്കഴിഞ്ഞിരിക്കുകയും അത് ട്രിബ്യൂണൽ മുൻപാകെ നിലനിൽക്കുകയും ചെയ്യുമ്പോൾ, മേൽപ്പറഞ്ഞ അപേക്ഷ തീർപ്പാകുന്നതുവരെ പ്രോസിക്യൂഷനിലെ തുടർനടപടികൾ കോടതി നിറുത്തിവയ്ക്കേണ്ടതും, ശരിയാക്കലിനുവേണ്ടിയുള്ള അപേക്ഷയിൽ പരാതിക്കാരൻ തന്റെ ഭൂവിവരണസൂചനയുടെ രജിസ്ട്രേഷനെ എത്രത്തോളം ആശ്രയിക്കുന്നു എന്നതിന്റെ ഫലത്തിന് അനുസൃതമായി കുറ്റാരോപണം ചെയ്യപ്പെട്ട ആളിനെതിരെയുള്ള ചാർജ്ജ് തീരുമാനിക്കേണ്ടതുമാണ്.

49. <u>കമ്പനികളാലുള്ള കുറ്റങ്ങൾ</u>.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്യുന്ന ആൾ ഒരു കമ്പനിയാണെങ്കിൽ കമ്പനിയും അതുപോലെതന്നെ കുറ്റം ചെയ്ത സമയത്ത് ബിസിനസ് നടത്തിപ്പിന് കമ്പനിയുടെ ചുമതലയുള്ളതും കമ്പനിയോട് ഉത്തരവാദിത്വമുള്ളതുമായ ഓരോ ആളും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതിനെതിരെ നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും അർഹനായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവോടു കൂടിയല്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുന്നതിന് വേണ്ടത്ര എല്ലാ ശ്രദ്ധയും അയാളെടുത്തിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഏതെങ്കിലും ശിക്ഷ ലഭിക്കുന്നതിന് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ, അല്ലെങ്കിൽ മറ്റു ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ കുറ്റം ചെയ്തിട്ടുള്ളത് അവരുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതിനെതിരെ നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും അർഹനായിരിക്കുന്നതാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ അത് ഫേം സംബന്ധിച്ച്, അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

50. <u>ചില കുറ്റങ്ങൾ നടപടിക്കെടുക്കലും, പരിശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള പോലീസ് ആഫീസറുടെ അധികാരങ്ങളും</u>.—(1) യാതൊരു കോടതിയും 42-ാം വകുപ്പോ 43-ാം വകുപ്പോ 44-ാം വകുപ്പോ പ്രകാരമുള്ള ഒരു കുറ്റം രജിസ്ട്രാറോ അല്ലെങ്കിൽ അദ്ദേഹം എഴുതി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകുന്ന ലിഖിതമായ പരാതിയിൻമേലൊഴികെ നടപടിക്കെടുക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ, 42-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചന യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് പ്രതിനിധാനം ചെയ്യുന്നതായുള്ള രജിസ്ട്രാർ നൽകുന്ന ഒരു സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കോടതി ഒരു കുറ്റം നടപടിക്കെടുക്കുന്നതാണ്.

(2) ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിക്കോ അല്ലെങ്കിൽ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കോ താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(3) 39-ാം വകുപ്പോ 40-ാം വകുപ്പോ 41-ാം വകുപ്പോ പ്രകാരമുള്ള കുറ്റങ്ങൾ നടപടിക്കെടുക്കേണ്ടതാണ്.

(4) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെയോ, തത്തുല്യമായ പദവിയിലോ താഴെയല്ലാത്ത ഏതൊരു പോലീസ് ആഫീസർക്കും (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്നോ ചെയ്യുന്നതായോ അല്ലെങ്കിൽ ചെയ്യാൻ സാദ്ധ്യതയുണ്ടെന്നോ അയാൾക്ക് ബോദ്ധ്യമാകുന്ന പക്ഷം, കുറ്റം ചെയ്യുന്നതിലുൾപ്പെട്ട സാധനങ്ങളോ അച്ചോ ബ്ലോക്കോ മെഷീനോ പ്ലേറ്റോ മറ്റ് ഉപകരണങ്ങളോ പദാർത്ഥങ്ങളോ എവിടെയൊക്കെക്കണ്ടാലും വാറണ്ട് കൂടാതെ പരിശോധിക്കാവുന്നതും പിടിച്ചെടുക്കാവുന്നതും അങ്ങനെ പിടിച്ചെടുക്കപ്പെട്ട എല്ലാ സാമഗ്രികളും പ്രായോഗികമാകുന്നത്ര വേഗത്തിൽ, അതതു സംഗതിപോലെ, ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ മുൻപാകെ ഹാജരാക്കേണ്ടതാണ്:

എന്നാൽ, പോലീസ് ആഫീസർ ഏതെങ്കിലും പരിശോധനയ്ക്കും പിടിച്ചെടുക്കലിനും മുൻപായി, ഭൂവിവരണ സൂചന സംബന്ധിച്ചുള്ള കുറ്റത്തിലുൾപ്പെട്ട വസ്തുതകളിൻമേൽ രജിസ്ട്രാറുടെ അഭിപ്രായം നേടേണ്ടതും അങ്ങനെ നേടിയ അഭിപ്രായം അനുസരിക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുക്കപ്പെട്ട ഏതെങ്കിലും സാമഗ്രികളിൽ താൽപ്പര്യമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള പിടിച്ചെടുക്കലിന്റെ പതിനഞ്ച് ദിവസത്തിനകം അങ്ങനെയുള്ള സാധനം അയാൾക്ക് വീണ്ടുകിട്ടുന്നതിനുവേണ്ടി ഒരു അപേക്ഷ, അതതുസംഗതിപോലെ, ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ മെട്രോപോളിറ്റൻ മജിസ്ട്രേറ്റിനോ നൽകാവുന്നതും മജിസ്ട്രേറ്റ് അപേക്ഷയും പ്രോസിക്യൂഷനും കേട്ടതിനുശേഷം അപേക്ഷയിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

51. <u>പ്രോസിക്യൂഷന്റെ എതിർവാദത്തിനുള്ള ചെലവുകൾ.</u>—ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു പ്രോസിക്യൂഷനിലും, കേസിന്റെ എല്ലാ സാഹചര്യങ്ങളേയും കക്ഷികളുടെ പെരുമാറ്റത്തേയും കണക്കിലെടുത്ത് ന്യായമെന്ന് കോടതി കരുതുന്ന പ്രകാരം കുറ്റം ആരോപിക്കപ്പെട്ട ആൾ പരാതിക്കാരന് അല്ലെങ്കിൽ പരാതിക്കാരൻ കുറ്റം ആരോപിക്കപ്പെട്ട ആളിന് അങ്ങനെയുള്ള ചെലവുകൾ നൽകണമെന്ന് കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെ വിധിച്ച ചെലവുകൾ, അവ ഒരു പിഴ എന്നപോലെ ഈടാക്കേണ്ടതുമാണ്.

52. <u>പ്രോസിക്യൂഷന്റെ കാലഹരണം.</u>—ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് ചാർജ്ജ് ചെയ്യപ്പെട്ട കുറ്റം ചെയ്യലിന് തൊട്ടുപിന്നാലെയുള്ള മൂന്നുവർഷമോ അല്ലെങ്കിൽ പ്രോസിക്യൂട്ടർ അത് കണ്ടുപിടിച്ചതിനുശേഷം രണ്ടുവർഷമോ, ഇവയിലേതിന്റെ അവസാനിക്കലാണോ ആദ്യം സംഭവിക്കുന്നത്, അത് കഴിഞ്ഞതിനുശേഷം യാതൊരു പ്രോസിക്യൂഷനും ആരംഭിക്കുവാൻ പാടുള്ളതല്ല.

53. <u>കുറ്റം ചെയ്യൽ സംബന്ധിച്ചുള്ള വിവരം.</u>—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിൽ പങ്കുവഹിക്കുന്നത് തന്റെ ചുമതല ആയിട്ടുള്ള ഒരു സർക്കാർ ആഫീസറെ ഈ ആക്റ്റിനെതിരെയുള്ള ഏതെങ്കിലും കുറ്റം ചെയ്യലിനെ സംബന്ധിച്ചുള്ള ഏതെങ്കിലും വിവരം അദ്ദേഹത്തിന് എപ്പോൾ ലഭിച്ചെന്ന് ഏതെങ്കിലും കോടതിയിൽ പറയുന്നതിന് നിർബന്ധിക്കാൻ പാടുള്ളതല്ല.

54. <u>ഭാരതത്തിന് വെളിയിൽ ചെയ്ത പ്രവൃത്തികൾക്ക് ഭാരതത്തിൽ പ്രേരണ നൽകലിനുള്ള ശിക്ഷ.</u>—ഭാരതത്തിൽ ചെയ്താൽ ഈ ആക്റ്റുപ്രകാരം കുറ്റമാകുമായിരുന്ന ഒരു പ്രവൃത്തി ഭാരതത്തിനു പുറത്ത് നടത്തുന്നതിന് ഭാരതത്തിലിരുന്നുകൊണ്ട് ഏതെങ്കിലും ആൾ പ്രേരിപ്പിക്കുന്നപക്ഷം, അയാളെ കണ്ടുപിടിക്കുന്ന ഭാരതത്തിലെ ഏതൊരു സ്ഥലത്തുവച്ചും അങ്ങനെയുള്ള പ്രേരണയ്ക്ക് അയാളെ വിചാരണ ചെയ്യാവുന്നതും അയാൾ പ്രേരിപ്പിച്ച പ്രവൃത്തി ആ സ്ഥലത്തുവച്ച് അയാൾ സ്വയം നടത്തിയിട്ടുണ്ടായിരുന്നെങ്കിൽ അയാൾ അർഹിക്കുമായിരുന്ന ശിക്ഷ നൽകി ശിക്ഷിക്കാവുന്നതാണ്.

## അദ്ധ്യായം IX

## പലവക

55. ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിനനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്ക് എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

56. ചില ആളുകൾ പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ഓരോ ആളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.

57. ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നത് മുതലായവയുടെ നടപടികൾ നിറുത്തിവയ്ക്കൽ.—(1) ഒരു ഭൂവിവരണസൂചനയുടെ ലംഘനത്തിനുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, വാദിയെ സംബന്ധിക്കുന്ന ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷൻ അസാധുവാണെന്ന് പ്രതി വാദിക്കുന്നിടത്ത്, ആ വ്യവഹാരം വിചാരണചെയ്യുന്ന കോടതി (ഇതിനുശേഷം കോടതി എന്ന് പരാമർശിക്കുന്നതാണ്),—

(ക) വാദിയെയോ പ്രതിയെയോ സംബന്ധിക്കുന്ന ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ശരിയാക്കലിന് വേണ്ടിയുള്ള ഏതെങ്കിലും നടപടികൾ രജിസ്ട്രാറുടെയോ അപ്പലേറ്റ് ബോർഡിന്റെയോ മുൻപാകെ നിലവിലിരിക്കുകയാണെങ്കിൽ അങ്ങനെയുള്ള നടപടികളുടെ അവസാന തീർപ്പാക്കൽവരെ വ്യവഹാരം നിറുത്തിവയ്ക്കേണ്ടതാണ്;

(ഖ) അങ്ങനെയുള്ള യാതൊരു നടപടികളും നിലവിലില്ലാതിരിക്കുകയും വാദിയെയോ പ്രതിയെയോ സംബന്ധിച്ച ആ ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ അസാധുതയെ സംബന്ധിച്ചുള്ള വാദം പ്രഥമദൃഷ്ട്യാ നിലനിൽക്കത്തക്കതാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയും ആണെങ്കിൽ, അത് സംബന്ധിച്ച് ഒരു പ്രശ്നം ഉന്നയിക്കേണ്ടതും ബന്ധപ്പെട്ട കക്ഷിക്ക് അപ്പലേറ്റ് ബോർഡിലേക്ക് രജിസ്റ്റർ ശരിയാക്കലിനുവേണ്ടി അപേക്ഷിക്കുന്നതിന് സാദ്ധ്യമാക്കുന്നതിനായി പ്രശ്നം തയ്യാറാക്കുന്ന തീയതി മുതൽ മൂന്നു മാസക്കാലത്തേക്ക് കേസ് നീട്ടിവയ്ക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിലോ അല്ലെങ്കിൽ മതിയായ കാരണത്തിൻമേൽ കോടതി അനുവദിക്കാവുന്ന അങ്ങനെയുള്ള നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ അയാൾ നൽകിയിട്ടുണ്ടെന്ന് കോടതിയിൽ തെളിയിക്കുന്നപക്ഷം, ശരിയാക്കൽ നടപടികളുടെ അവസാന തീർപ്പാക്കൽവരെയും ആ വ്യവഹാരത്തിന്റെ വിചാരണ നിറുത്തിവയ്ക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞപ്രകാരം അങ്ങനെയുള്ള യാതൊരു അപേക്ഷയും അപ്രകാരം വിനിർദ്ദേശിച്ച സമയത്തിനുള്ളിലോ അല്ലെങ്കിൽ കോടതി അനുവദിക്കാവുന്ന പ്രകാരം അങ്ങനെ നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ നൽകാത്തപക്ഷം, ബന്ധപ്പെട്ട ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ സാധുതയെ ക്കുറിച്ചുള്ള പ്രശ്നം ഉപേക്ഷിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, കോടതി, കേസ്സിലെ മറ്റു പ്രശ്നങ്ങളെ സംബന്ധിച്ച് വ്യവഹാരവുമായി തുടർന്നുകൊണ്ട് പോകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും ശരിയാക്കൽ നടപടികളിൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് കക്ഷികൾക്ക് ബാധകമായിരിക്കുന്നതും, ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച പ്രശ്നവുമായി അങ്ങനെയുള്ള ഉത്തരവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവോ, അതിനനുയോജ്യമായി കോടതി വ്യവഹാരം തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

(5) ഈ വകുപ്പിൻപ്രകാരമുള്ള ഒരു ഭൂവിവരണസൂചനയുടെ ലംഘനത്തിനുള്ള ഒരു വ്യവഹാരം നിറുത്തിവയ്ക്കുന്നത്, വ്യവഹാരം നിറുത്തിവെച്ചിട്ടുള്ളകാലത്ത് ഏതെങ്കിലും ഇടക്കാല ഉത്തരവ് (ഒരു ഇൻജംഗ്ഷൻ അനുവദിക്കൽ, അക്കൗണ്ട് സൂക്ഷിക്കണമെന്ന നിർദ്ദേശിക്കൽ, ഒരു റിസീവറെ നിയമിക്കൽ, ഏതെങ്കിലും വസ്തു ജപ്തിചെയ്യൽ എന്നിവയ്ക്കുള്ള ഏതെങ്കിലും ഉത്തരവുൾപ്പെടെ) പുറപ്പെടുവിക്കുന്നതിൽനിന്നും കോടതിയെ തടയുന്നതല്ല.

58. രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള അപേക്ഷ ചില സംഗതികളിൽ അപ്പലേറ്റ് ബോർഡിന് നൽകണമെന്ന്.—(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണസൂചനയുടെ ലംഘനത്തിനുള്ള ഒരു വ്യവഹാരത്തിൽ, വാദിയെ സംബന്ധിച്ച ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ സാധുത പ്രതി ചോദ്യം ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ പ്രതിയെ സംബന്ധിച്ച് ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ സാധുത വാദി ചോദ്യം ചെയ്യുകയോ ചെയ്യുന്നിടത്ത്, വിവാദവിഷയം ബന്ധപ്പെട്ട ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന്റെ സാധുതയെ സംബന്ധിച്ചുള്ള പ്രശ്നം രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള ഒരു അപേക്ഷയിൻമേൽ മാത്രം തീരുമാനിക്കേണ്ടതും 27-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അങ്ങനെയുള്ള അപേക്ഷ നൽകേണ്ടത് രജിസ്ട്രാർക്കല്ല, അപ്പലേറ്റ് ബോർഡിനാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 27-ാം വകുപ്പുപ്രകാരം രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള ഒരപേക്ഷ രജിസ്ട്രാർക്ക് നൽകുന്നപക്ഷം, രജിസ്ട്രാർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുകയാണെങ്കിൽ, ആ അപേക്ഷ നടപടികളുടെ ഏതൊരു ഘട്ടത്തിലും അപ്പലേറ്റ് ബോർഡിന് റഫർ ചെയ്യാവുന്നതാണ്.

59. സൂചന ചെയ്ത സാധനങ്ങളുടെ വിൽപ്പനയിൻമേൽ വ്യംഗ്യമായ ഉറപ്പ്.—ഏതെങ്കിലും സാധനങ്ങളുടെ വിൽപ്പനയിലോ വിൽപ്പനയ്ക്കുള്ള കരാറിലോ ഒരു ഭൂവിവരണസൂചന പ്രയോഗിക്കപ്പെട്ടിട്ടുള്ളിടത്ത് ആ ഭൂവിവരണ സൂചന യഥാർത്ഥ ഭൂവിവരണ സൂചനയാണെന്നും വ്യാജമായി പ്രയോഗിക്കപ്പെട്ടതല്ലെന്നും, ആയതിന് വിരുദ്ധമായിട്ടുള്ളത് വിൽപ്പനക്കാരനോ വിൽപ്പനക്കാരനുവേണ്ടിയോ വ്യക്തമാക്കി കൈയൊപ്പിടുകയും കരാറിൻമേലുള്ള സാധനങ്ങളുടെ വിൽപ്പനസമയത്ത് വാങ്ങുന്നയാൾക്ക് ഔപചാരികമായി നൽകുകയും അയാൾ അത് സ്വീകരിക്കുകയും ചെയ്യാത്തപക്ഷം, വിൽപ്പനക്കാരൻ ഉറപ്പു നൽകുന്നുവെന്ന് കരുതപ്പെടുന്നതാണ്.

60. രജിസ്ട്രാറുടെ അധികാരങ്ങൾ.—ഈ ആക്റ്റ്പ്രകാരം രജിസ്ട്രാറുടെ മുൻപാകെയുള്ള എല്ലാ നടപടികളിലും,—

(ക) രജിസ്ട്രാർക്ക് തെളിവുകൾ സ്വീകരിക്കുന്നതിനും സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിനും സാക്ഷികളെ ഹാജരാക്കിക്കുന്നതിനും രേഖകൾ കണ്ടെടുപ്പിക്കുന്നതിനും ഹാജരാക്കിക്കുന്നതിനും സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനുകളെ നിയമിക്കുന്നതിനും ഉള്ള ആവശ്യത്തിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്;

(ഖ) രജിസ്ട്രാർക്ക്, 87-ാം വകുപ്പിൻകീഴിൽ ഇതിലേക്കായി ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി, ചെലവ് സംബന്ധിച്ച് അദ്ദേഹത്തിന് ന്യായമെന്ന് കരുതുന്ന അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള ഏതൊരു ഉത്തരവും ഒരു സിവിൽകോടതിയുടെ ഒരു ഡിക്രിപോലെതന്നെ നടപ്പാക്കാവുന്നതുമാണ്;

(ഗ) രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകുന്ന ഒരു അപേക്ഷയിൻമേൽ, അദ്ദേഹത്തിന്റെ തന്നെ തീരുമാനം റിവ്യൂ ചെയ്യാവുന്നതാണ്.

61. രജിസ്ട്രാർ വിവേചനാധികാരം പ്രയോഗിക്കുന്നത്.—64-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കു വിധേയമായി, രജിസ്ട്രാർ, ഈ ആക്റ്റിനാലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലോ അദ്ദേഹത്തിൽ നിക്ഷിപ്തമായ വിവേചനാധികാരമോ മറ്റു അധികാരമോ, ആ അധികാരം പ്രയോഗിക്കുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഒരാളിന് എതിരായി അയാൾക്ക് കേൾക്കപ്പെടാനുള്ള ഒരു അവസരം (നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ ആ വ്യക്തി അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ) നൽകാതെ പ്രയോഗിക്കുവാൻ പാടുള്ളതല്ല.

62. രജിസ്ട്രാറുടെ മുമ്പാകെ തെളിവ്.—ഈ ആക്റ്റ് പ്രകാരം രജിസ്ട്രാറുടെ മുൻപാകെയുള്ള ഏതൊരു നടപടിയിലും സത്യവാങ്മൂലത്താൽ തെളിവ് നൽകേണ്ടതാണ് :

എന്നാൽ, രജിസ്ട്രാർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുകയാണെങ്കിൽ, സത്യവാങ്മൂലത്താലുള്ള അങ്ങനെയുള്ള തെളിവിന് പകരമായോ അല്ലെങ്കിൽ അതിൽ കൂടുതലായോ വാക്കാലുള്ള തെളിവ് എടുക്കാവുന്നതാണ്.

63. ഒരു നടപടിയിലെ കക്ഷിയുടെ മരണം.—ഈ ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയിലെ (അപ്പലേറ്റ് ബോർഡ് മുൻപാകെയോ ഒരു കോടതി മുൻപാകെയോ അല്ലാത്തതായ ഒരു നടപടി) കക്ഷിയായ ഒരാൾ ആ നടപടി നിലവിലിരിക്കെ മരിക്കുകയാണെങ്കിൽ, രജിസ്ട്രാർക്ക് അഭ്യർത്ഥനയിൻമേലും മതിയായ തെളിവിൻമേലും മരിച്ച ആളുടെ അവകാശത്തിന്റെ കൈമാറ്റം തെളിവിൻമേൽ അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നതിൻമേൽ, മരിച്ചയാളിന്റെ സ്ഥാനത്ത് അയാളുടെ പിൻതുടർച്ചാവകാശിയെ നടപടിയിൽ പകരം ചേർക്കുകയോ അല്ലെങ്കിൽ മരണപ്പെട്ട യാളിന്റെ അവകാശം അതിജീവിക്കുന്ന കക്ഷികളാൽ മതിയായ വിധം പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് അഭിപ്രായമുള്ളപക്ഷം, മരിച്ചയാളിന്റെ പിൻതുടർച്ചാവകാശിയെ പകരം ചേർക്കാതെ തന്നെ നടപടി തുടരുന്നതിന് അനുവദിക്കാവുന്നതാണ്.

64. സമയം നീട്ടിക്കൊടുക്കൽ.—(1) രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെടുന്ന ഫീസോടുംകൂടി അദ്ദേഹത്തിന് നൽകിയ അപേക്ഷയിൻമേൽ, ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് സമയം നീട്ടിക്കൊടുക്കുന്നതിന് ആക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു സമയം അല്ലാതിരിക്കെ മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, (ആക്റ്റിൽ പ്രകടമായി ഒരു സമയം വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കെ) അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള സമയം കഴിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അദ്ദേഹത്തിന് ചുമത്താൻ യുക്തമെന്ന് തോന്നാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, സമയം നീട്ടാവുന്നതും അതനുസരിച്ച് കക്ഷികളെ അറിയിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലുള്ള യാതൊന്നും തന്നെ, സമയം നീട്ടിക്കൊടുക്കുന്നതിനുള്ള ഒരു അപേക്ഷ തീർപ്പ് കൽപ്പിക്കുന്നതിന് മുൻപ് രജിസ്ട്രാർ കക്ഷികളെ കേൾക്കണമെന്ന് ആവശ്യപ്പെടുന്നതായി കരുതപ്പെടേണ്ടതല്ലാത്തതും ഈ വകുപ്പു പ്രകാരമുള്ള രജിസ്ട്രാറുടെ ഏതൊരു ഉത്തരവിൽ നിന്നും യാതൊരു അപ്പീലും ഉണ്ടായിരിക്കുന്നതുമല്ല.

65. പരിത്യജനം.—ഈ ആക്റ്റ് പ്രകാരം ഫയൽചെയ്ത ഒരു അപേക്ഷയുടെ പ്രോസിക്യൂഷനിൽ അപേക്ഷകൻ വീഴ്ചവരുത്തി എന്ന് രജിസ്ട്രാർക്ക് അഭിപ്രായമുള്ളപക്ഷം, രജിസ്ട്രാർക്ക്, വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ വീഴ്ച പരിഹരിക്കുന്നതിന് അപേക്ഷകനോട് നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതും, നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ വീഴ്ച പരിഹരിക്കാത്തപക്ഷം അപ്രകാരം താൽപ്പര്യമുള്ളപക്ഷം കേൾക്കപ്പെടുന്നതിനുള്ള ഒരു അവസരം അയാൾക്ക് നൽകിയതിനുശേഷം, ആ അപേക്ഷ പരിത്യജിച്ചതായി കരുതാവുന്നതാണ്.

66. ലംഘനം മുതലായവയ്ക്കുള്ള വ്യവഹാരം ജില്ലാകോടതി മുമ്പാകെ ബോധിപ്പിക്കണമെന്ന്.—(1)

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണസൂചനയുടെ ലംഘനത്തിനോ; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണസൂചനയുടെ ഏതെങ്കിലും അവകാശത്തെ സംബന്ധിച്ചോ; അല്ലെങ്കിൽ

(ഗ) വാദിയെ സംബന്ധിച്ച ഭൂവിവരണസൂചനയുമായി സമാനതയുള്ളതോ വഞ്ചനാപരമായ സാമ്യമുള്ളതോ ആയ ഏതെങ്കിലും ഭൂവിവരണസൂചന, അത് രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, പ്രതിയുടെ ഉപയോഗത്താൽ പൊതുജനങ്ങളിൽ ഉളവാകുന്ന തെറ്റിദ്ധാരണയ്ക്കോ ഉള്ള യാതൊരു വ്യവഹാരവും, ആ വ്യവഹാരം വിചാരണ ചെയ്യുന്നതിന് അധികാരിതയുള്ള ഒരു ജില്ലാ കോടതിക്ക് താഴെയുള്ള ഏതെങ്കിലും കോടതിയിൽ ബോധിപ്പിക്കുവാൻ പാടുള്ളതല്ല.

(2) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പിന്റെ (ക) യും, (ഖ) യും ഖണ്ഡങ്ങളുടെ ആവശ്യത്തിനുവേണ്ടി, "അധികാരിതയുള്ള ഒരു ജില്ലാകോടതി" എന്നതിൽ, വ്യവഹാരമോ മറ്റു നടപടിയോ ബോധിപ്പിക്കുന്ന സമയത്ത്, വ്യവഹാരമോ നടപടിയോ ബോധിപ്പിക്കുന്ന ആളോ അല്ലെങ്കിൽ അങ്ങനെയുള്ള ഒന്നിൽക്കൂടുതൽ ആളുകളുള്ളപ്പോൾ അവരിൽ ആരെങ്കിലുമോ ഏതു കോടതിയുടെ അധികാരിതയിലുള്ള തദ്ദേശാതിർത്തിക്കുള്ളിലാണോ യഥാർത്ഥത്തിലും സ്വേച്ഛയാലും താമസിക്കുകയോ ബിസിനസ് നടത്തിക്കുകയോ അല്ലെങ്കിൽ നേട്ടത്തിനായി സ്വയം ജോലി ചെയ്യുകയോ ചെയ്യുന്നത് ആ ജില്ലാകോടതി ഉൾപ്പെടുന്നതാകുന്നു.

വിശദീകരണം.—(2)-ാം ഉപവകുപ്പിന്റെ ആവശ്യത്തിനുവേണ്ടി "ആൾ" എന്നതിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനും അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവും ഉൾപ്പെടുന്നു.

67. ലംഘനത്തിനോ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനോ ഉള്ള വ്യവഹാരത്തിലെ നിവൃത്തി.—(1) 66-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ലംഘനത്തിനോ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കലിനോ ഉള്ള ഏതെങ്കിലും വ്യവഹാരത്തിൽ ഒരു കോടതിക്ക് അനുവദിക്കാവുന്ന നിവൃത്തിയിൽ ഇൻജങ്ഷനും (കോടതിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിന് വിധേയമായി) ഉല്ലംഘിക്കുന്ന ലേബലുകളും സൂചനകളും നശീകരണത്തിനോ മായിച്ചുകളയലിനോ വേണ്ടി തിരിച്ചുനൽകുന്നതിനുള്ള ഏതെങ്കിലും ഉത്തരവോടുകൂടിയോ അല്ലാതെയോ ഉള്ള വാദിക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്ന നഷ്ടപരിഹാരവും അല്ലെങ്കിൽ ലാഭത്തിന്റെ കണക്കും ഉൾപ്പെടുന്നു.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഇൻജങ്ഷൻ ഉത്തരവിൽ, താഴെപ്പറയുന്ന ഏതെങ്കിലും കാര്യങ്ങൾക്കുവേണ്ടി ഒരു എക്സ്പാർട്ടി ഇൻജങ്ഷൻ ഉത്തരവോ ഏതെങ്കിലും ഇടക്കാല ഉത്തരവോ ഉൾപ്പെടാവുന്നതാണ്, അതായത്:—

(ക) രേഖകളുടെ കണ്ടെത്തലിനുവേണ്ടി ;

(ഖ) വ്യവഹാരത്തിലെ വിഷയസംഗതിയുമായി ബന്ധപ്പെട്ടുള്ള ഉല്ലംഘന സാധനങ്ങളോ രേഖകളോ അല്ലെങ്കിൽ മറ്റ് തെളിവുകളോ സംരക്ഷിക്കുന്നതിന്;

(ഗ) വാദിക്ക് അന്തിമമായി വിധിക്കപ്പെടാവുന്ന നഷ്ടപരിഹാരമോ ചെലവോ മറ്റു ധനപരമായ പരിഹാരങ്ങളോ ഈടാക്കുന്നതിന് വാദിക്കുള്ള സാദ്ധ്യതയെ പ്രതികൂലമായി ബാധിക്കാവുന്നവിധം പ്രതി അയാളുടെ ആസ്തികൾ കൈയൊഴിയുകയോ ഇടപാടുകൾ നടത്തുകയോ ചെയ്യുന്നതിൽനിന്നും തടയുന്നതിന്.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, താഴെപ്പറയുന്ന ഏതെങ്കിലും സംഗതിയിൽ, കോടതി, ലാഭത്തിന്റെ അക്കൗണ്ടിൻമേൽ നഷ്ടപരിഹാരമെന്നനിലയിൽ (നിസ്സാര നഷ്ടപരിഹാരം ഒഴികെ) നിവൃത്തി അനുവദിക്കാൻ പാടുള്ളതല്ല—

(ക) ലംഘനത്തിനുള്ള ഒരു വ്യവഹാരത്തിൽ പ്രതി,—

(i) വ്യവഹാരത്തിൽ പരാതിപ്പെട്ട ആ ഭൂവിവരണ സൂചന അയാൾ ഉപയോഗിച്ചുതുടങ്ങിയ സമയത്ത്, രജിസ്റ്ററിൽ വാദിയുടെ ഭൂവിവരണ സൂചന ഉണ്ടായിരുന്നതായി അയാൾക്ക് അറിവില്ലായിരുന്നുവെന്നും അങ്ങനെ വിശ്വസിക്കുന്നതിന് ന്യായമായ യാതൊരു കാരണവും ഉണ്ടായിരുന്നില്ലെന്നും ;

(ii) ഭൂവിവരണ സൂചനയിൽ വാദിയുടെ അവകാശത്തിന്റെ നിലനിൽപ്പും സ്വഭാവവും അയാൾക്ക് അറിവായപ്പോൾ, ആ ഭൂവിവരണ സൂചന ഉപയോഗിക്കുന്നത് രജിസ്റ്റർ ചെയ്യപ്പെട്ട സാധനത്തെ സംബന്ധിച്ച ഭൂവിവരണ സൂചന ഉപയോഗിക്കുന്നത് അയാൾ ഉടൻതന്നെ അവസാനിപ്പിച്ചുവെന്നും കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത് ; അല്ലെങ്കിൽ

(ഖ) പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കലിനുള്ള ഒരു വ്യവഹാരത്തിൽ പ്രതി,—

(i) വ്യവഹാരത്തിൽ പരാതിപ്പെട്ട ആ ഭൂവിവരണ സൂചന അയാൾ ഉപയോഗിച്ചുതുടങ്ങിയ സമയത്ത് വാദിയെ സംബന്ധിച്ച ഭൂവിവരണ സൂചന ഉപയോഗത്തിൽ ഉണ്ടായിരുന്നതായി അയാൾക്ക് അറിവില്ലായിരുന്നുവെന്നും അങ്ങനെ വിശ്വസിക്കുന്നതിന് ന്യായമായ യാതൊരു കാരണവും ഉണ്ടായിരുന്നില്ലെന്നും ;

(ii) വാദിയെ സംബന്ധിച്ച ഭൂവിവരണ സൂചനയുടെ നിലനിൽപ്പും സ്വഭാവവും അയാൾക്ക് അറിവായപ്പോൾ, പരാതിപ്പെട്ട ഭൂവിവരണ സൂചന ഉപയോഗിക്കുന്നത് അയാൾ ഉടൻതന്നെ അവസാനിപ്പിച്ചുവെന്നും ; കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത്.

68. ചില നടപടികളിൽ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനെ കക്ഷിചേർക്കണമെന്ന്.—(1) അദ്ധ്യായം VI പ്രകാരമോ 31-ാം വകുപ്പുപ്രകാരമോ ഉള്ള ഓരോ നടപടിയിലും, അങ്ങനെയുള്ള നടപടിയുമായി ബന്ധപ്പെട്ട ഒരു ഭൂവിവരണസൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഓരോ ഉപയോക്താവിനെയും, ആ അദ്ധ്യായപ്രകാരമോ ആ വകുപ്പുപ്രകാരമോ ഉള്ള ഏതെങ്കിലും നടപടിയിൽ അയാൾ സ്വയം അപേക്ഷകനല്ലാത്തപ്പോൾ അയാളെ നടപടിയിൽ കക്ഷിചേർക്കേണ്ടതാണ്.

(2) മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നടപടിയിൽ അപ്രകാരം കക്ഷിയാക്കപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവ്, അയാൾ നടപടിയിൽ ഹാജരാവുകയോ പങ്കുകൊള്ളുകയോ ചെയ്യാത്തപക്ഷം ഏതെങ്കിലും ചെലവിന് ബാദ്ധ്യസ്ഥനാകുന്നതല്ല.

69. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ മുതലായവയുടെയും രജിസ്ട്രാർ ചെയ്ത കാര്യങ്ങളുടെയും തെളിവ്.—(1) രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെയോ 78-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രേഖയുടെയോ, രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയതായി കരുതപ്പെടാവുന്ന ഭൂവിവരണ സൂചനകൾ രജിസ്റ്ററിയുടെ മുദ്രവച്ചതുമായ ഒരു പകർപ്പ്, കൂടുതൽ തെളിവോ അസ്സൽ ഹാജരാക്കലോ കൂടാതെ എല്ലാ കോടതികളിലും എല്ലാ നടപടികളിലും തെളിവായി സ്വീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റോ അല്ലെങ്കിൽ ചട്ടങ്ങളോപ്രകാരം ഉണ്ടാക്കുന്നതിനോ ചെയ്യുന്നതിനോ രജിസ്ട്രാറെ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉൾക്കുറിപ്പോ സംഗതിയോ കാര്യമോ സംബന്ധിച്ച് അദ്ദേഹത്തിന്റെ കയ്യൊപ്പോടുകൂടിയതെന്ന് കരുതപ്പെടാവുന്ന ഒരു സർട്ടിഫിക്കറ്റ്, ഉൾക്കുറിപ്പ് ഉണ്ടാക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെയും അതിലെ ഉള്ളടക്കത്തിന്റെയും അല്ലെങ്കിൽ സംഗതിയോ കാര്യങ്ങളോ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെയോ ചെയ്തിട്ടില്ലെന്നുള്ളതിന്റെയോ പ്രഥമദൃഷ്ട്യാ ഉള്ള തെളിവായിരിക്കുന്നതാണ്.

70. രജിസ്ട്രാറേയും മറ്റു ആഫീസർമാരേയും രജിസ്റ്റർ മുതലായവ ഹാജരാക്കുന്നതിന് നിർബന്ധിക്കാവുന്നതല്ലെന്ന്.—ഭൂവിവരണസൂചനകൾ രജിസ്റ്ററിയിലെ രജിസ്ട്രാറെയോ ഏതെങ്കിലും ആഫീസറെയോ അദ്ദേഹം ഒരു കക്ഷിയല്ലാത്ത ഏതെങ്കിലും നിയമനടപടികളിൽ പ്രത്യേകകാരണത്താൽ കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുമൂലമല്ലാതെ ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന്റെ ഹാജരാക്കൽ വഴി ഉള്ളടക്കം തെളിയിക്കാൻ കഴിയുന്നിടത്ത് അദ്ദേഹത്തിന്റെ അധീനതയിലുള്ള രജിസ്റ്ററോ മറ്റേതെങ്കിലും രേഖയോ ഹാജരാക്കുന്നതിനോ അല്ലെങ്കിൽ അവയിൽ രേഖപ്പെടുത്തപ്പെട്ട സംഗതികൾ തെളിയിക്കുന്നതിന് സാക്ഷിയായി ഹാജരാകുന്നതിനോ, നിർബന്ധിക്കാവുന്നതല്ല.

71. സാധനങ്ങൾ ഉത്ഭവത്തിന്റെ സൂചന കാണിക്കണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട, ഭാരതത്തിന്റെ അതിർത്തിക്കപ്പുറം ഉണ്ടാക്കിയതോ ഉൽപ്പാദിപ്പിച്ചതോ ആയതും ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്തതും അല്ലെങ്കിൽ ഭാരതത്തിന്റെ അതിർത്തിക്കുള്ളിൽ ഉണ്ടാക്കിയതോ ഉൽപ്പാദിപ്പിച്ചതോ ആയ സാധനങ്ങൾ വിജ്ഞാപനത്തിൽ നിശ്ചയിക്കാവുന്ന അത് പുറപ്പെടുവിച്ച് മൂന്ന് മാസത്തിൽ കുറയാതെയുള്ള അങ്ങനെയുള്ള തീയതി മുതൽ, അവ ഉണ്ടാക്കിയതോ, ഉൽപ്പാദിപ്പിച്ചതോ ആയ രാജ്യത്തിന്റെയോ സ്ഥലത്തെയോ ഒരു സൂചനയോ അല്ലെങ്കിൽ നിർമ്മാതാവിന്റെയോ ആ സാധനങ്ങൾ ആർക്കുവേണ്ടിയാണോ നിർമ്മിച്ചിട്ടുള്ളത് ആ ആളിന്റെയോ പേരും വിലാസവും അവയിൽ പ്രയോഗിക്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.

(2) വിജ്ഞാപനം, അങ്ങനെയുള്ള സൂചന പ്രയോഗിക്കപ്പെടേണ്ടത് ഏത് രീതിയിലാണെന്ന്, അതായത്, സാധനങ്ങളിൽ തന്നെയാണോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലാണോയെന്നും സൂചനയുടെ സാന്നിദ്ധ്യം ആവശ്യമായിട്ടുള്ള തവണകളും അവസരങ്ങളും, അതായത്, ഇറക്കുമതിയിൽ മാത്രമാണോ അതോ മൊത്തം വിൽപ്പനയിലോ ചില്ലറ വിൽപ്പനയിലോ അല്ലെങ്കിൽ രണ്ടിലും കൂടിയോ ഉള്ള വിൽപ്പനസമയത്തും കൂടിയാണോ പ്രയോഗിക്കപ്പെടേണ്ടതെന്ന് വിനിർദ്ദേശിക്കേണ്ടതാണ്.

(3) ഈ വകുപ്പു പ്രകാരം യാതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സാധനങ്ങളുടെ ഡീലർമാരുടെയോ നിർമ്മാതാക്കളുടെയോ ഉൽപ്പാദകരുടെയോ ഉപയോക്താക്കളുടെയോ താൽപ്പര്യങ്ങളെ ഗണ്യമായി പ്രതിനിധീകരിക്കുന്ന ആളുകളോ സമാജങ്ങളോ അപേക്ഷ

നൽകിയിട്ടില്ലാത്തപക്ഷമോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണത്തോടുകൂടിയോ അല്ലാതെയോ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് പൊതുതാൽപ്പര്യത്തിന് ആവശ്യമാണെന്ന് കേന്ദ്രസർക്കാരിന് മറ്റുവിധത്തിൽ ബോദ്ധ്യപ്പെടാത്തപക്ഷമോ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) ഒരു ചട്ടമോ ബൈലായോ ഉണ്ടാക്കുന്നതിന് അത് ഉണ്ടാക്കുന്നത് മുൻകൂട്ടിയുള്ള പ്രസിദ്ധപ്പെടുത്തൽ നിബന്ധനയ്ക്ക് വിധേയമായിട്ടായിരിക്കണമെന്നുള്ള സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 23-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതുപോലെ ഈ വകുപ്പു പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ബാധകമാകുന്നതാണ്.

(5) ഈ വകുപ്പു പ്രകാരമുള്ള ഒരു വിജ്ഞാപനം ഭാരതത്തിന്റെ അതിർത്തിക്കപ്പുറം ഉണ്ടാക്കിയതോ ഉൽപ്പാദിപ്പിച്ചതോ ആയതും ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്തതുമായ സാധനങ്ങൾക്ക്, ആ സാധനങ്ങളെ സംബന്ധിച്ച് ഇറക്കുമതിചെയ്യുന്ന സമയത്ത്, അവ ഭാരതത്തിൽ മറുകപ്പലിലാക്കിയ ശേഷമോ ഭാരതത്തിലൂടെ കടത്തിക്കൊണ്ടുപോയോ മറ്റുവിധത്തിലോ കയറ്റുമതിക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടതാണെന്ന് കസ്റ്റംസ് കമ്മീഷണർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ബാധകമാകുന്നതല്ല.

72. <u>സാധുതാ സർട്ടിഫിക്കറ്റ്.</u>—അപ്പലേറ്റ് ബോർഡ് മുൻപാകെ രജിസ്റ്ററിന്റെ ശരിയാക്കലിനു വേണ്ടിയുള്ള ഏതെങ്കിലും നിയമനടപടികളിൽ, ഭൂവിവരണസൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച പ്രശ്നത്തിലുള്ള തർക്കത്തിൻമേൽ ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അല്ലെങ്കിൽ, അതതുസംഗതിപോലെ, അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനോ അനുകൂലമായി ഒരു തീർപ്പ് നൽകുന്നപക്ഷം, അപ്പലേറ്റ് ബോർഡ് ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് നൽകാവുന്നതും, അങ്ങനെയുള്ള ഒരു സർട്ടിഫിക്കറ്റ് നൽകുന്നപക്ഷം, പിന്നെ പ്രസ്തുത സാധുത ചോദ്യമായി വരുന്ന പിന്നീടുള്ള ഏതെങ്കിലും നിയമനടപടിയിൽ പ്രസ്തുത ഉടമസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിനോ, അതതുസംഗതിപോലെ, ഭൂവിവരണ സൂചനയുടെയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെയോ, അതതുസംഗതിപോലെ, രജിസ്ട്രേഷന്റെ സാധുത ദൃഢീകരിച്ചുകൊണ്ട് തനിക്കനുകൂലമായ ഒരു അന്തിമ ഉത്തരവോ അല്ലെങ്കിൽ വിധിന്യായമോ ലഭിക്കുന്നതിൻമേൽ, പ്രസ്തുത അന്തിമ ഉത്തരവിലോ വിധിന്യായത്തിലോ മതിയായ കാരണത്താൽ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം അയാൾക്ക് അഭിഭാഷകനും കക്ഷിക്കും തമ്മിലെന്നതുപോലെയുള്ള മൊത്തം കോടതി ചെലവിനും ചാർജ്ജുകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

73. <u>നിയമനടപടികൾ എടുക്കുമെന്ന് അടിസ്ഥാനരഹിതമായ ഭീഷണികൾ.</u>—(1) ഒരു ആൾ, സർക്കുലറുകളോ പരസ്യങ്ങളോ മുഖേനയോ അല്ലെങ്കിൽ മറ്റുവിധത്തിലോ, രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെട്ടതെന്ന് ആദ്യം സൂചിപ്പിച്ച ആളാൽ ആരോപിക്കപ്പെട്ടതോ ആയ ഒരു ഭൂവിവരണ സൂചനയുടെ ലംഘനത്തിന് ഒരു പ്രവൃത്തികൊണ്ടോ നടപടികൊണ്ടോ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു ചില നടപടികൊണ്ടോ ഒരാളെ ഭീഷണിപ്പെടുത്തുന്നപക്ഷം, സങ്കടമനുഭവിക്കുന്ന ഒരാൾക്ക്, ഭീഷണിപ്പെടുത്തുന്ന ആൾ ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ ആണെങ്കിലും അല്ലെങ്കിലും, ആദ്യം സൂചിപ്പിച്ച ആളിനെതിരെ ഒരു വ്യവഹാരം കൊടുക്കാവുന്നതും ആദ്യം സൂചിപ്പിച്ച ആൾ, ഭൂവിവരണ സൂചന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണെന്നും ഭീഷണിപ്പെടുത്തപ്പെട്ട നടപടികളെ സംബന്ധിച്ച പ്രവൃത്തികൾ, ഭൂവിവരണ സൂചനയുടെ ലംഘനം ആകുന്നതും അല്ലെങ്കിൽ, ചെയ്യപ്പെട്ടാൽ ആയേക്കുമെന്നും കോടതിയെ ബോദ്ധ്യപ്പെടുത്താത്തപക്ഷം ഭീഷണികൾ ന്യായീകരിക്കത്തക്കതല്ലെന്നുള്ള പ്രഭാവത്തിന് ഒരു പ്രഖ്യാപനവും ഭീഷണികൾ തുടരുന്നതിനെതിരെ ഒരു നിരോധന ഉത്തരവും നേടാവുന്നതും അയാൾ അനുഭവിച്ചതിന് അങ്ങനെയുള്ള നഷ്ടപരിഹാരം (എന്തെങ്കിലും ഉണ്ടെങ്കിൽ) ഈടാക്കാവുന്നതുമാണ്.

(2) ഇതിൽ തൊട്ടുമുൻപുള്ള ഉപവകുപ്പ്, ഒരു ഭൂവിവരണ സൂചനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനോ അല്ലെങ്കിൽ അതിന്റെ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ ഭൂവിവരണ സൂചന ലംഘിച്ചതിന് ഭീഷണിപ്പെടുത്തിയ ആൾക്കെതിരെ വേണ്ടത്ര ശ്രദ്ധയോടെ ഒരു നടപടി ആരംഭിക്കുകയും പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്താൽ, ബാധകമാകുന്നതല്ല.

(3) ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ ഒരു അഭിഭാഷകനെയോ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണ സൂചനയുടെ ഏജന്റിനെയോ ഒരു കക്ഷിക്കുവേണ്ടി തന്റെ തൊഴിൽപരമായ നിലയിൽ ചെയ്ത ഒരു പ്രവൃത്തി സംബന്ധിച്ച് ഒരു നടപടിക്കും അർഹനാക്കുന്നതല്ല.

(4) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു വ്യവഹാരം ഒരു ജില്ലാകോടതിക്ക് താഴെയുള്ള ഏതെങ്കിലും കോടതിയിൽ ബോധിപ്പിക്കുവാൻ പാടില്ലാത്തതാണ്.

74. സർവ്വീസിനുള്ള വിലാസം.—ഒരു അപേക്ഷയിലോ എതിർപ്പ് നോട്ടീസിലോ സർവ്വീസിനുവേണ്ടി പറഞ്ഞിരിക്കുന്ന ഒരു വിലാസം അപേക്ഷയുടെയോ എതിർപ്പ് നോട്ടീസിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി, അതതുസംഗതിപോലെ, അപേക്ഷകന്റെയോ എതിരാളിയുടെയോ വിലാസമായി കരുതപ്പെടേണ്ടതും അപേക്ഷയോ എതിർപ്പ് നോട്ടീസോ സംബന്ധിച്ചുള്ള എല്ലാ രേഖകളും, അതതുസംഗതിപോലെ, അപേക്ഷകന്റെയോ എതിരാളിയുടെയോ വിലാസത്തിൽ എത്തിച്ചോ തപാൽവഴി അയച്ചോ നൽകേണ്ടതാണ്.

75. വ്യാപാരപതിവുകൾ മുതലായവ പരിഗണനയിലെടുക്കണമെന്ന്.—ഒരു ഭൂവിവരണ സൂചനയെ സംബന്ധിച്ചുള്ള ഏതൊരു നടപടിയിലും, ട്രിബ്യൂണൽ, ബന്ധപ്പെട്ട വ്യാപാര പതിവുകളുടേയും മറ്റാളുകൾ നിയമാനുസരണം ഉപയോഗിച്ച ഏതെങ്കിലും പ്രസക്തമായ ഭൂവിവരണ സൂചനയും തെളിവായി സ്വീകരിക്കേണ്ടതാണ്.

76. ഏജന്റുമാർ.—ഈ ആക്റ്റിനാലോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമോ ഒരു സത്യവാങ്മൂലം ഏതെങ്കിലും ആൾ രജിസ്ട്രാറുടെ മുൻപാകെ ചെയ്യേണ്ടത് ആവശ്യമായ ഏതെങ്കിലും പ്രവൃത്തി, ആ പ്രവൃത്തി ഇതിലേക്കായി ഉണ്ടാക്കിയ ചട്ടങ്ങൾക്ക് വിധേയമായി, അയാൾ സ്വയം ചെയ്യുന്നതിന് പകരം, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ യഥാവിധി അധികാരപ്പെടുത്തുന്ന ഇനിപ്പറയുന്ന ഒരാളിന്—

(ക) ഒരു അഭിഭാഷകനോ; അല്ലെങ്കിൽ

(ഖ) ഒരു ഭൂവിവരണസൂചനയുടെ ഏജന്റായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ആളോ; അല്ലെങ്കിൽ

(ഗ) പ്രിൻസിപ്പലിന്റെ മാത്രമായും പതിവായും തൊഴിലിലുള്ള ഒരാളിന്,

ചെയ്യാവുന്നതാണ്.

77. സൂചികകൾ.—രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കും മേൽനോട്ടത്തിനും കീഴിൽ,—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണസൂചനകളുടെ ഒരു സൂചിക;

(ഖ) ഭൂവിവരണസൂചന സംബന്ധിച്ച് രജിസ്ട്രേഷൻ തീർപ്പാകാത്ത അപേക്ഷകളുടെ ഒരു സൂചിക;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട ഭൂവിവരണ സൂചനകളുടെ ഉടമസ്ഥരുടെ പേരുകളുടെ ഒരു സൂചിക;

(ഘ) അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കളുടെ പേരുകളുടെ ഒരു സൂചിക,

എന്നിവ സൂക്ഷിക്കേണ്ടതാണ്.

78. പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിന് രേഖകൾ പ്രാപ്യമാക്കണമെന്ന്.—(1) താഴെപ്പറയുന്ന രേഖകൾ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, ഭൂവിവരണസൂചനകൾ രജിസ്റ്ററിയിൽ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതാണ്, അതായത്:—

(ക) രജിസ്റ്ററും രജിസ്റ്ററിന്റെ ഉൾക്കുറിപ്പിന് അടിസ്ഥാനമായുള്ള ഏതെങ്കിലും രേഖയും;

(ഖ) ഒരു ഭൂവിവരണസൂചനയുടെ രജിസ്ട്രേഷന്റെ എതിർപ്പ് നോട്ടീസ്, രജിസ്ട്രാർ മുമ്പാകെയുള്ള ശരിയാക്കലിനുള്ള അപേക്ഷയും, അതിനുള്ള എതിർപത്രികയും രജിസ്ട്രാർ മുമ്പാകെ കക്ഷികൾ ഫയൽ ചെയ്ത ഏതെങ്കിലും സത്യവാങ്മൂലം അല്ലെങ്കിൽ രേഖയും;

(ഗ) 77-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സൂചികകൾ;

(ഘ) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു രേഖകളും:

എന്നാൽ, അങ്ങനെയുള്ള രജിസ്റ്റർ മൊത്തമായോ ഭാഗികമായോ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നിടത്ത്, ഈ വകുപ്പുപ്രകാരം അങ്ങനെയുള്ള രജിസ്റ്ററിന്റെ പരിശോധന, കമ്പ്യൂട്ടറിൽ അങ്ങനെ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ പ്രസക്ത ഉൾക്കുറിപ്പിന്റെ കമ്പ്യൂട്ടർ പ്രിന്റ്ഔട്ട് പരിശോധിച്ച് നടത്തേണ്ടതാണ്.

(2) ഏതൊരാളിനും, രജിസ്ട്രാർക്ക് ഒരു അപേക്ഷ നൽകിക്കൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് നൽകിക്കൊണ്ടും (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെയോ ഏതെങ്കിലും രേഖയുടെയോ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ലഭിക്കാവുന്നതാണ്.

79. രജിസ്ട്രാറുടെ റിപ്പോർട്ടുകൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—കേന്ദ്രസർക്കാർ വർഷത്തിലൊരിക്കൽ ഈ ആക്റ്റിനാലോ അല്ലെങ്കിൽ ഈ ആക്റ്റ്പ്രകാരമോ ഉള്ള നടത്തിപ്പ് സംബന്ധിച്ച് ഒരു റിപ്പോർട്ട് പാർലമെന്റിന്റെ ഇരുസഭകൾക്കും മുമ്പാകെ വയ്പ്പിക്കേണ്ടതാണ്.

80. ഫീസും സർച്ചാർജ്ജും.—(1) ഈ ആക്റ്റ് പ്രകാരം ഉള്ള അപേക്ഷകളും രജിസ്ട്രേഷനുകളും മറ്റു സംഗതികളും സംബന്ധിച്ച് കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസും സർച്ചാർജ്ജും നൽകേണ്ടതാണ്.

(2) രജിസ്ട്രാർ ഒരു പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് ഒരു ഫീസ് നൽകേണ്ടതാണെങ്കിൽ, ആ ഫീസ് നൽകപ്പെടുന്നതുവരെ രജിസ്ട്രാർ ആ പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല.

(3) ഭൂവിവരണസൂചനകൾ രജിസ്റ്ററിയിൽ ഒരു രേഖ ഫയൽ ചെയ്യുന്നത് സംബന്ധിച്ച ഒരു ഫീസ് നൽകേണ്ടതാണെങ്കിൽ ആ ഫീസ് നൽകപ്പെടുന്നതുവരെ ആ രേഖ രജിസ്റ്ററിൽ ഫയൽ ചെയ്യപ്പെടാത്തതായി കരുതപ്പെടേണ്ടതാണ്.

81. VIII-ാം അദ്ധ്യായത്തിലെ ചില സംഗതികൾ സംബന്ധിച്ച ഒഴിവാക്കൽ.—VIII-ാം അദ്ധ്യായത്തിലെ യാതൊന്നും,—

(ക) ഏതെങ്കിലും ആളെ അയാൾക്കെതിരായി എടുക്കാമായിരുന്ന ഏതെങ്കിലും വ്യവഹാരത്തിൽ നിന്നോ മറ്റു നടപടിയിൽ നിന്നോ, ആ അദ്ധ്യായത്തിലെ ഏതിനെങ്കിലും വേണ്ടിയല്ലാതെ, ഒഴിവാക്കുകയോ;

(ഖ) ഭാരതത്തിൽ വസിക്കുന്ന ഒരു യജമാനന്റെ ഏതെങ്കിലും ജോലിക്കാരനെ, അയാൾ അങ്ങനെയുള്ള യജമാനന്റെ നിർദ്ദേശാനുസരണം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിക്കുകയും പ്രോസിക്യൂട്ടറോ, പ്രോസിക്യൂട്ടർക്കുവേണ്ടിയോ നടത്തിയ അഭ്യർത്ഥനയിൻമേൽ, യജമാനനെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും അയാളുടെ യജമാനനിൽനിന്നും അയാൾക്ക് ലഭിച്ച നിർദ്ദേശങ്ങളെക്കുറിച്ചും ഏതെങ്കിലും പ്രോസിക്യൂഷനോ ശിക്ഷയ്ക്കോ അർഹനാക്കുന്നതായി അർത്ഥം കൽപ്പിക്കാവുന്നതല്ല.

82. ഭൂവിവരണസൂചനയുടെ ഉടമാവകാശം രജിസ്ട്രേഷൻ ആക്റ്റ്, 1908 പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതല്ലെന്നതിനെപ്പറ്റിയുള്ള പ്രഖ്യാപനം.—രജിസ്ട്രേഷൻ ആക്റ്റ്, 1908 (1908-ലെ 16)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂവിവരണസൂചന അല്ലാത്ത, ഒരു ഭൂവിവരണസൂചനയുള്ള ഒരാളിന്റെ ഏതെങ്കിലും ഉടമസ്ഥാവകാശം പ്രഖ്യാപിച്ചുകൊണ്ടുള്ളതോ പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള യാതൊരു രേഖയും ആ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

83. സർക്കാരിന് ബാധകമാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാരിന് ബാധകമാകുന്നതാണ്.

84. ഉടമ്പടി രാജ്യങ്ങളിലെ പൗരൻമാരിൽനിന്നും രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) സ്വന്തം രാജ്യത്തെ പൗരൻമാർക്ക് നൽകുന്ന അതേപോലുള്ള അവകാശങ്ങൾ ഭാരതത്തിലെ പൗരൻമാർക്കും നൽകുന്ന ഏതെങ്കിലും രാജ്യവുമായോ സമൂഹത്തിലേയോ അല്ലെങ്കിൽ രാജ്യങ്ങളുടെ യൂണിയനിലേയോ ഭാരതത്തിന് വെളിയിലുള്ള അന്തർ-സർക്കാർ സംഘടനകളിലോ ഒരു അംഗമായിട്ടുള്ള രാജ്യവുമായോ ഉള്ള ഒരു സന്ധിയോ ഉടമ്പടിയോ ഏർപ്പാടോ പൂർത്തീകരിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള രാജ്യത്തെയോ രാജ്യങ്ങളുടെ സമൂഹത്തെയോ രാജ്യങ്ങളുടെ യൂണിയനെയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയെയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കു വേണ്ടി ഒരു ഉടമ്പടി രാജ്യമോ ഉടമ്പടി രാജ്യങ്ങളോ ആണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലോ വ്യാപാരമുദ്രകൾ ആക്റ്റ്, 1999-ലോ അടങ്ങിയിട്ടുള്ള യാതൊന്നും, (1)-ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട, അതതുസംഗതിപോലെ, ഒരു രാജ്യവുമായോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലെയോ രാജ്യങ്ങളുടെ യൂണിയനിലെയോ ഏതെങ്കിലും അന്തർ-സർക്കാർ സംഘടനകളിലെയോ അംഗമായ ഒരു രാജ്യവുമായോ ബന്ധപ്പെട്ട സാധനങ്ങളെ സംബന്ധിച്ച് വൈനോ സ്പിരിറ്റോ എന്ന് തിരിച്ചറിയുന്ന ഭൂവിവരണസൂചന ആ ഭൂവിവരണ സൂചന, അതതു

സംഗതിപോലെ, അങ്ങനെയുള്ള സാധനങ്ങളെയോ അല്ലെങ്കിൽ അങ്ങനെയുള്ള സാധനങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും സാധനങ്ങളെയോ സംബന്ധിച്ച്, ആ രാജ്യത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്ത്,—

(ക) 1994 ഏപ്രിൽ 15-ാം തീയതിക്ക് തൊട്ടുമുമ്പ് ഏറ്റവും കുറഞ്ഞത് പത്തുവർഷത്തേക്കോ; അല്ലെങ്കിൽ

(ഖ) (ക) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പ് ഉത്തമ വിശ്വാസത്താലോ,

തുടർച്ചയായ രീതിയിൽ ഉപയോഗിച്ചിട്ടുള്ള അങ്ങനെയുള്ള രാജ്യത്തെ പൗരൻമാരെയോ സ്ഥിരവാസക്കാരെയോ ആ ഭൂവിവരണസൂചനയുടെ തുടർച്ചയായതും അതേപോലെയുള്ളതുമായ ഉപയോഗത്തെ, തടയാൻ പാടുള്ളതല്ല.

85. പരസ്പരധർമ്മം സംബന്ധിച്ച വ്യവസ്ഥ.—കേന്ദ്രസർക്കാർ, ഔദ്യോഗികഗസറ്റിൽ വിജ്ഞാപനം വഴി, ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും രാജ്യമോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലെയോ രാജ്യങ്ങളുടെ യൂണിയനിലെയോ ഏതെങ്കിലും അന്തർ-സർക്കാർ സംഘടനയിലെയോ ഒരു അംഗമായ രാജ്യമോ അതിന്റെ സ്വന്തം ജനതയ്ക്ക് ഭൂവിവരണസൂചനകളുടെ രജിസ്ട്രേഷനും സംരക്ഷണവും സംബന്ധിച്ച് നൽകുന്ന അതേ അവകാശങ്ങൾ ഭാരതത്തിലെ പൗരൻമാർക്കും നൽകാത്തിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള രാജ്യത്തെയോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലെയോ രാജ്യങ്ങളുടെ യൂണിയനിലെയോ അന്തർ-സർക്കാർ സംഘടനയിലെയോ ഒരു അംഗമായ രാജ്യത്തെയോ ജനതയ്ക്ക്,—

(ക) ഭൂവിവരണസൂചനയുടെ ഉടമസ്ഥനായുള്ള രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്നതിനോ രജിസ്റ്റർ ചെയ്യപ്പെടുന്നതിനോ;

(ഖ) ഒരു ഭൂവിവരണസൂചനയുടെ അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവായുള്ള രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്നതിനോ രജിസ്റ്റർ ചെയ്യപ്പെടുന്നതിനോ,

അർഹതയുണ്ടായിരിക്കുന്നതല്ല.

86. വിഷമതകൾ നീക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരങ്ങൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുകയാണെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്ത ഉത്തരവുവഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം തൊട്ട് അഞ്ചുവർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പു പ്രകാരം യാതൊരു ഉത്തരവും ഉണ്ടാക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഓരോ ഉത്തരവും, അതുണ്ടാക്കിയതിനുശേഷം, എത്രയും പെട്ടെന്ന്, പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

87. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴിയും, മുൻകൂട്ടിയുള്ള പ്രസിദ്ധപ്പെടുത്തൽ ഉപാധിക്ക് വിധേയമായും, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ, താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലും കാര്യങ്ങൾക്കോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പിലെ, (1)-ാം ഉപവകുപ്പു പ്രകാരം ഭൂവിവരണസൂചനയുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട സംഗതികളും, (2)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള രജിസ്റ്റർ കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്കറ്റുകളിലോ സൂക്ഷിക്കുന്നതിന് പാലിക്കേണ്ട പരിരക്ഷകളും;

(ഖ) 7-ാം വകുപ്പിലെ, (2)-ാം ഉപവകുപ്പു പ്രകാരം ഭാഗം ക യിൽ ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനെ സംബന്ധിക്കുന്ന വിവരങ്ങളുടെ ഉൾക്കൊള്ളിക്കൽ രീതിയും (3)-ാം ഉപവകുപ്പു പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവിന്റെ രജിസ്ട്രേഷനെ സംബന്ധിക്കുന്ന വിവരങ്ങളുടെ ഉൾക്കൊള്ളിക്കൽ രീതിയും;

(ഗ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സാധനങ്ങളുടെ തരംതിരിക്കലും സാധനങ്ങളുടെ തരംതിരിക്കലിന്റെ അക്ഷരമാല സൂചികയുടെയും ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷന്റെ ആവശ്യത്തിനായുള്ള നിശ്ചിത ഭൂപ്രദേശത്തിന്റെയോ സ്ഥലത്തിന്റെയോ മേഖലയുടെയോ പ്രസിദ്ധപ്പെടുത്തൽ രീതിയും;

(ഘ) 11-ാം വകുപ്പിലെ, (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഭൂവിവരണ സൂചനയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ ഏത് ഫാറത്തിലും ഏത് രീതിയിലും ആണ് നൽകേണ്ടതെന്നും അപേക്ഷയോടുകൂടി ഉണ്ടായിരിക്കേണ്ട ഫീസും (2)-ാം ഉപവകുപ്പിലെ (ങ) ഖണ്ഡ പ്രകാരം ഉള്ള രജിസ്ട്രേഷനോടുകൂടി ആദ്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ഉൽപ്പാദകരുടെ സ്റ്റേറ്റ്മെന്റിൽ നൽകേണ്ട വിവരങ്ങളും;

(ങ) 13-ാം വകുപ്പിലെ, (1)-ാം ഉപവകുപ്പ് പ്രകാരം ഭൂവിവരണ സൂചനകൾ മുതലായവയുടെ രജിസ്ട്രേഷനുവേണ്ടി സ്വീകരിക്കപ്പെട്ട അപേക്ഷയുടെ പരസ്യത്തിന്റെ പ്രസിദ്ധപ്പെടുത്തൽ രീതിയും (2)-ാം ഉപവകുപ്പുപ്രകാരം അപേക്ഷയിൽ വരുത്തിയ തിരുത്തലുകളും ഭേദഗതികളും വിജ്ഞാപനം ചെയ്യുന്ന രീതിയും;

(ച) 14-ാം വകുപ്പിലെ, (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷയോടുകൂടി ഉണ്ടായിരിക്കേണ്ട ഫീസും അത് ഏത് രീതിയിലായിരിക്കണമെന്നും നോട്ടീസ് നൽകുന്ന രീതിയും (2)-ാം ഉപവകുപ്പു പ്രകാരം എതിർ പത്രിക അയയ്ക്കുന്ന രീതിയും (4)-ാം ഉപവകുപ്പുപ്രകാരം തെളിവ് സമർപ്പിക്കുന്ന രീതിയും അതിനുള്ള സമയവും;

(ഛ) 16-ാം വകുപ്പ്, (2)-ാം ഉപവകുപ്പു പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും (3)-ാം ഉപവകുപ്പു പ്രകാരം അപേക്ഷകന് നോട്ടീസ് നൽകുന്ന രീതിയും;

(ജ) 17-ാം വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം ഒരു അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവായിട്ടുള്ള രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്നതിനുള്ള രീതിയും (2)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള അപേക്ഷയോടൊപ്പമുള്ള സ്റ്റേറ്റ്മെന്റുകളുടെ രേഖകളും സമർപ്പിക്കുന്ന രീതിയും അങ്ങനെയുള്ള അപേക്ഷയോടുകൂടി ഉണ്ടായിരിക്കേണ്ട ഫീസും;

(ഝ) 18-ാം വകുപ്പിലെ (3)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ നൽകുന്നതിനുള്ള രീതിയും അങ്ങനെയുള്ള അപേക്ഷ ഏതു സമയത്തിനുള്ളിൽ നൽകണമെന്നും ഓരോ അപേക്ഷയ്ക്കൊപ്പവും നൽകേണ്ടതായ ഫീസും (4)-ാം ഉപവകുപ്പുപ്രകാരം ഏതു സമയത്തിനുള്ളിലാണ് രജിസ്ട്രാർ നോട്ടീസ് അയയ്ക്കേണ്ടതെന്നും അങ്ങനെയുള്ള നോട്ടീസിന്റെ രീതിയും (5)-ാം ഉപവകുപ്പുപ്രകാരം പുതുക്കുന്നതിനുള്ള ഒരു അപേക്ഷ നൽകേണ്ടത് ഏതു ഫാറത്തിലായിരിക്കണമെന്നും അതോടൊപ്പമുള്ള ഫീസും;

(ഞ) 27-ാം വകുപ്പിലെ (1)ഉം (2)ഉം ഉപവകുപ്പുകൾ പ്രകാരം അപേക്ഷ നൽകുന്നതിനുള്ള രീതിയും (4)-ാം ഉപവകുപ്പു പ്രകാരം നോട്ടീസ് നൽകുന്നതിനുള്ള രീതിയും (5)-ാം ഉപവകുപ്പു പ്രകാരം ശരിയാക്കലിനുള്ള ഒരു നോട്ടീസ് നടത്തുന്നതിനുള്ള രീതിയും;

(ട) 28-ാം വകുപ്പു പ്രകാരം തിരുത്തൽ മുതലായവയ്ക്ക് ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(ഠ) 29-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും (2)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ പരസ്യം ചെയ്യുന്നതിനുള്ള രീതിയും (2)ഉം (3)ഉം ഉപവകുപ്പുകൾ പ്രകാരം ഒരു അപേക്ഷ എതിർക്കപ്പെടുവാനുള്ള നോട്ടീസിന്റെ സമയവും രീതിയും;

(ഡ) 30-ാം വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരം പരസ്യത്തിന്റെ രീതി;

(ഢ) 31-ാം വകുപ്പിലെ (3)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ നൽകുന്നതിനുള്ള ഫാറവും, പരിശോധിച്ച് ബോദ്ധ്യപ്പെടലിന്റെ രീതിയും നൽകേണ്ട ഫീസും;

(ണ) 34-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം ശരിയാക്കലിനുള്ള ഒരു അപേക്ഷ നൽകേണ്ട ഫാറം;

(ത) 60-ാം വകുപ്പിലെ (ഗ) ഖണ്ഡപ്രകാരം പുനഃപരിശോധനയ്ക്ക് വേണ്ടിയുള്ള ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(ഥ) 61-ാം വകുപ്പു പ്രകാരം, രജിസ്ട്രാർക്ക് തന്റെ വിവേചനാധികാരം പ്രയോഗിക്കുന്നതിലേക്കുള്ള ഒരു അപേക്ഷ ഏത് സമയത്തിനുള്ളിൽ നൽകണമെന്ന്;

(ദ) 64-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും അതിന് നൽകേണ്ടതായ ഫീസും;

(ധ) 76-ാം വകുപ്പു പ്രകാരം പ്രവർത്തിക്കുന്നതിന് ഏതെങ്കിലും ഒരാളെ അധികാരപ്പെടുത്തുന്നതിനുള്ള രീതിയും ഭൂവിവരണ സൂചനയുടെ ഏജന്റായുള്ള രജിസ്ട്രേഷനുള്ള രീതിയും;

(ന) 80-ാം വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം അപേക്ഷകൾക്കും രജിസ്ട്രേഷനുകൾക്കും മറ്റു സംഗതികൾക്കും നൽകേണ്ടതായ ഫീസും സർചാർജ്ജും;

(പ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) കേന്ദ്രസർക്കാർ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ, ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ഈ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത രീതിയിലായിരിക്കുന്നതാണ്.

# THE GEOGRAPHICAL INDICATIONS OF GOODS (REGISTRATION AND PROTECTION) ACT, 1999

(Act No. 48 of 1999)

**സാധനങ്ങളുടെ ഭൂവിവരണ സൂചനകൾ (രജിസ്ട്രേഷനും സംരക്ഷണവും) ആക്റ്റ്, 1999**

**(1999-ലെ 48-ാം നമ്പർ ആക്റ്റ്)**

## GLOSSARY

| | | | | |
|---|---|---|---|---|
| 1. Account of Profit | — | ലാഭത്തിന്റെ അക്കൗണ്ട് | — | Sn. 67 (3) |
| 2. Case | — | പേടകം | — | Sn. 2 (1) (i) |
| 3. Casket | — | ചെപ്പ് | — | Sn. 2 (1) (i) |
| 4. Geographical Indications | — | ഭൂവിവരണ സൂചനകൾ | — | Sn. 1 (1) and various sections of the Act |
| 5. Passing off | — | പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കൽ | — | Sn. 67 (1) |
| 6. Receptacle | — | താലം | — | Sn. 2 (1) (i) |
| 7. Trade Mark | — | വ്യാപാരമുദ്ര | — | Sn. 26 (1) |
| 8. Wrapper | — | പുറങ്കുപ്പായം | — | Sn. 2 (1) (i) |